Volume III Issue 2

# ഭാഷാസൂത്രണം: ലോകാനുഭവങ്ങളിലേക്ക് ഒരെത്തിനോട്ടം

സി എം മുരളീധരൻ

ഭാഷയിലൂടെയാണ് നമ്മൾ ലോകത്തോട് സംവദിക്കുന്നത്. നമ്മുടെ സ്വത്വത്തെ അടയാളപ്പെടുത്തുന്നതും ചരിത്രത്തെയും സംസ്കാരത്തെയും നിർവചിക്കുന്നതും ഭാഷയിലൂടെയാണ്. സാമൂഹ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും നമ്മളിടപെടുന്നതും ഭാഷ ഉപയോഗിച്ചു തന്നെ. സമുദായത്തിന്റെ ആചാരങ്ങളും ചരിത്രവും ഓർമകളുമെല്ലാം തലമുറകളിലേക്ക് പകർന്നു നൽകാനുള്ള ഉപകരണവും ഭാഷയല്ലാതെ മറ്റൊന്നല്ല. ഏഴായിരം ഭാഷകൾ ലോകത്ത് സംസാരിക്കപ്പെടുന്നതായും അവയിൽ 2680 ഭാഷകൾ അപകടത്തെ നേരിടുന്നതായും ഐക്യരാഷ്ട്രസഭ രേഖപ്പെടുത്തുന്നു. വംശനാശഭീഷണ നേരിടുന്ന ഭാഷകൾ നിരവധിയാണ്. 1950 നു ശേഷം 228 ഭാഷകൾ കുറ്റിയറ്റു പോയതായി യുനസ്കോയുടെ Atlas of the World's Languages in Danger പറയുന്നു. നിലവിലുള്ള ഭാഷകളിൽ പത്ത് ശതമാനം എളുപ്പത്തിൽ നശിക്കാവുന്നവ (vulnerable) ആയും മറ്റൊരു പത്ത് ശതമാനം വലിയതോതിൽ അപകടത്തിലായവയായും (critically

endangered ) കണക്കാക്കുന്നു. തിനുഗാൻ എന്ന ഭാഷ (കൊളംബിയ) അറിയുന്ന ഒരാൾ മാത്രമേ ഇന്ന് ജീവിച്ചിരിക്കുന്നുള്ളുവത്രേ!

ലോകത്തുള്ള എല്ലാ ഭാഷകളെയും പട്ടികപ്പെടുത്തുകയും അവയെക്കുറിച്ചുള്ള ആധികാരികമായ വിവരങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുന്ന ഒരു വാർഷിക പ്രസിദ്ധീകരണമാണ് എത്തനോലോഗ് (Ethnologue). അവരുടെ 2020 ലെ കണക്കുകൾ (2020ഫെബ്രുവരി 21 ന് പുറത്തിറക്കിയ23ാം എഡിഷൻ) പ്രകാരം 7117 ഭാഷകളാണ് നിലവിലുള്ളത്. ഇതുപ്രകാരം ഇംഗ്ലീഷ്, മന്ദാരിൻ ചൈനീസ്, ഹിന്ദി, സ്പാനിഷ്, ഫ്രഞ്ച്, അറബി (സ്റ്റാൻഡേർഡ്), ബംഗാളി, റഷ്യൻ, പോർച്ചുഗീസ്, ഇൻഡോനേഷ്യന് എന്നിവയാണ് ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ആദ്യ പത്തുഭാഷകള്. ഒന്നാം ഭാഷയായി ഉപയോഗിക്കുന്നവ മാത്രം പരിഗണിക്കുകയാണെങ്കിൽ ചൈനീസ്, സ്പാനിഷ്, ഇംഗ്ലീഷ്, ഹിന്ദി, അറബി എന്നീ അഞ്ച് ഭാഷകള് ലോകജനസംഖ്യയുടെ നാൽപ്പതു ശതമാനം പേര് ഉപയോഗിക്കുന്നു. ഇന്ത്യയിൽ ഉപയോഗത്തിലുള്ള ഉർദു പതിനൊന്നാം സ്ഥാനത്തും മറാത്തി പതിനഞ്ചാം സ്ഥാനത്തും തെലുങ്ക് പതിനാറാം സ്ഥാനത്തും തമിഴ് പത്തൊമ്പതാം സ്ഥാനത്തും നിലയുറപ്പിക്കുന്നു. ഇംഗ്ലീഷ് രാഷ്ട്രങ്ങളായി അറിയപ്പെടുന്ന യു എസിലും ആസ്ട്രേലിയയിലും വലിയതോതിൽ മറ്റു ഭാഷകള് ഉപയോഗിക്കപ്പെടുന്നു എന്നത് കൌതുകകരമാണ്. യു എസിൽ 335 ഭാഷകളും ആസ്ട്രേലിയയിൽ 319 ഭാഷകളും സംസാരിക്കപ്പെടുന്നു. പസഫിക്ക് ദ്വീപായ പാപ്പുവ ന്യൂ ഗിനിയ 840 ഭാഷകളുമായി ഭാഷാവൈവിധ്യത്തിൽ മുന്നിട്ടു നിൽക്കുന്നു. എത്തനോലോഗിന്റെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ 453 ഭാഷകളാണുള്ളത്. ആകെ ഭാഷകളിൽ 3,741 എണ്ണം ആയിരത്തിൽ കുറവ് ആളുകൾ മാത്രം ഉപയോഗിക്കുന്നവയാണ്. കാര്യങ്ങൾ ഇന്നത്തെ നിലയിൽ തന്നെ പുരോഗമിക്കുകയാണെങ്കിൽ ഈ നൂറ്റാണ്ട് അവസാനിക്കുമ്പോഴേക്ക് ലോകത്ത് ഇന്നുള്ളതിന്റെ പകുതി ഭാഷകളേ നിലനിൽക്കൂ എന്ന് പ്രവചിക്കപ്പെട്ടിട്ടുണ്ട്

ഭാഷകള് നേരിടുന്ന പ്രതിസന്ധിയെ ഗൌരവതരമായ രീതിയിൽ പഠനവിധേയമാക്കാനുള്ള ശ്രമങ്ങള് ഭാഷാശാസ്ത്രജ്ഞരും മറ്റു വിദഗ്ധരും നടത്തിയിട്ടുണ്ട്. അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ ജോഷ്വാ ഫിഷ്മാന് (Joshua Fishman)തയ്യാറാക്കിയ Graded Inter Generational Disruption Scale (GIDS) ഇത്തരത്തിലുള്ള ആദ്യത്തെ ശ്രദ്ധേയമായ സംരഭമായിരുന്നു. ഭാഷ ഏതവസ്ഥയെ നേരിടുന്നു എന്ന് വ്യക്തമാക്കാൻ എട്ട് ഗ്രേഡ്പോയന്റുകള് നിശ്ചയിക്കുകയാണ് ഫിഷ്മാന് ചെയ്തത്. എട്ടിൽ നിന്ന് ഓരോ ഗ്രേഡ് കുറഞ്ഞു വരുമ്പോഴും ഭാഷയുടെ നില കൂടുതൽ പ്രതിസന്ധികളെ നേരിടുന്നു. ഈ രീതിയെ പിന്നീട് ലൂയിസ് എം പോളും ഗാരി സൈമൻസും (M. Paul Lewis and Gary F. Simons ) 2010 ൽ പരിഷ്കരിച്ചു. അവർ വികസിപ്പിച്ച മാതൃകയെ Expanded Graded Intergenerational Disruption Scale (EGIDS) എന്നാണ് വിശേഷിപ്പിച്ചു പോരുന്നത്. എട്ടിന് പകരം പതിമൂന്ന് ഗ്രേഡുകളാണ് ഇതിലുള്ളത്. 2009 ൽ യുനസ്കോ തയ്യാറാക്കിയ ആറു ഗ്രേഡുകളിലായുള്ള ഒരു ഫ്രെയിം വർക്കാണ് (UNESCO Language Endangerment Framework ) ഈ രംഗത്തുള്ള മറ്റൊരു പ്രധാന സംഗതി. ആറു സംവർഗങ്ങളിലായി ഒൻപത് ഘടകങ്ങളെ ഈ രീതി പ്രയോജനപ്പെടുത്തുന്നു.

ആകാശം മുട്ടുന്ന ബാബേൽ ഗോപുരത്തിന്റെ പണി തടയാനായി ദൈവം ഏകഭാഷ സംസാരിച്ചുകൊണ്ടിരുന്ന മനുഷ്യർക്കിടയിൽ വ്യത്യസ്ത ഭാഷകള് സൃഷ്ടിച്ചു എന്നും അതോടെ ഗോപുരനിർമാണം മുടങ്ങിയെന്നുമാണല്ലോ ബൈബിൾക്കഥ. ഭാഷാവൈവിധ്യത്തെ ഒരു പ്രശ്നമായി കാണുന്ന രീതിക്കാണ് ദൌർഭാഗ്യവശാൽ ആധുനിക സമൂഹങ്ങളിലും മേൽക്കൈ നേടാനായത്. പക്ഷേ, സമീപകാലത്ത് ആ ചിത്രം പതിയെ മാറിവരുന്നു എന്നത് ശുഭോദർക്കമാണ്. സാമൂഹ്യഭാഷാ ശാസ്ത്രജ്ഞരും ഭാഷാസൂത്രകരും പ്രാദേശിക ഭാഷകൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെ നിരന്തരം ഓർമിപ്പിക്കുന്നു. ഐക്യരാഷ്ട്ര സംഘടന 2019

തദ്ദേശീയ ഭാഷകൾ (indigenous language) ക്കുള്ള വർഷമായി ആചരിക്കുകയുണ്ടായി. എന്തുകൊണ്ട് തദ്ദേശീയ ഭാഷകൾ എന്ന ചോദ്യത്തിന് അറിവ്, സമാധാനം, അവകാശങ്ങൾ, ഉൾക്കൊള്ളൽ, വൈവിധ്യം എന്നീ കാര്യങ്ങളാണ് യു എൻ ചൂണ്ടിക്കാട്ടിയത്. തദ്ദേശീയ ഭാഷകളിലധികവും വളരെ ചെറിയ പ്രദേശങ്ങളിൽ ഒതുങ്ങിനിൽക്കുന്നതും പരിമിതമായ ഭാഷകരിൽ നിലനിൽക്കുന്നതുമാണ്. നിലവിലുള്ള തദ്ദേശീയ ഭാഷകളിലധികവും - എഴുപത് ശതമാനത്തിലധികം- ഏഷ്യ, ആഫ്രിക്ക ഭൂഖണ്ഡങ്ങളിലാണുള്ളത്. തദ്ദേശീയ ഭാഷകൾക്കുള്ള വർഷാചരണത്തിലൂടെ അവയെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനുമാണ് ഐക്യരാഷ്ട്ര സംഘടന ലക്ഷ്യം വെക്കുന്നത്.

ഭാഷകളുടെ സംരക്ഷണമെന്നത് അത് ഉൾക്കൊള്ളുന്ന ജനസമൂഹത്തിന്റെയും പ്രദേശങ്ങളുടെയും സംസ്കാരത്തിന്റെ സംരക്ഷണമാണ്. ഭാഷാനാശത്തിന് പല കാരണങ്ങളുണ്ടാവാം. ഒരു ഭാഷ സംസാരിക്കാനും അത് വരും തലമുറയ്ക്ക് പകർന്നുനൽകാനും ഒരു സമൂഹമില്ലാതാവുമ്പോൾ ആ ഭാഷ നശിക്കും. സമൂഹത്തിൽ കുട്ടികളെ അവരുടെ ഭാഷ പഠിപ്പിക്കാതാവുമ്പോഴും ആ ഭാഷ നശിക്കാൻ തുടങ്ങുന്നു. അതിജീവനത്തിനും ഉപജീവനത്തിനുമായുള്ള നെട്ടോട്ടത്തിൽ അന്യദേശങ്ങളിലെത്തി അവിടെ സ്ഥിരതാമസമാക്കുകയും ജനിച്ച പ്രദേശത്തോടുള്ള ബന്ധങ്ങള് അറ്റുപോവുകയും ചെയ്യുന്ന കുടുംബങ്ങൾ ഇന്ന് കുറവല്ലല്ലോ. ഒരു സമൂഹത്തിന് ഒട്ടാകെ അവരുടെ ജീവിതത്തെ നിയന്ത്രിച്ചിരുന്ന പരിസ്ഥിതി നഷ്ടമാവുമ്പോൾ അവരുടെ ഭാഷയും നാശത്തെ നേരിടും. ഒരു സമൂഹം അവരുടെ സ്വത്വത്തിന്റെ കേന്ദ്രബിന്ദുവായി ഭാഷയെ കാണാതിരിക്കുമ്പോഴും ഭാഷ നശിക്കാൻ തുടങ്ങും.

യുദ്ധങ്ങളും അധിനിവേശവും വംശഹത്യകളും വലിയ തോതിലുള്ള പ്രകൃതി ദുരന്തങ്ങളും ഭാഷയെ പ്രതികൂലമായി

ബാധിക്കുന്നു. അധിനിവേശം നടക്കുമ്പോൾ കീഴടക്കിയവന്റെ ഭാഷയ്ക്ക് മുൻതൂക്കം ലഭിക്കുന്നു. പലപ്പോഴും കീഴടക്കിയവന്റെ ഭാഷയെ സ്വാംശീകരിച്ചാലേ സാമ്പത്തികമായ നേട്ടങ്ങൾ കൈവരിക്കാന് കഴിയൂ എന്ന അവസ്ഥ വന്നുചേരും. അധിനിവേശത്തിന്റെ കാലദൈർഘ്യം കൂടുന്നതിനനുസരിച്ച് പുതുതലമുറ അധിനിവേശ ഭാഷയെ പുൽകുകയും സ്വന്തം ഭാഷയോട് അവജ്ഞ പുലർത്തുകയും ചെയ്യുതിന് ചരിത്രത്തിൽ എത്രയോ ഉദാഹരണങ്ങള് കാണാം. ഇത്തരം സന്ദർഭങ്ങളിൽ അധിനിവേശഭാഷയിൽ നിന്ന് വലിയതോതിൽ വാക്കുകളും ശൈലികളും വ്യാകരണ രൂപങ്ങളും പ്രാദേശികഭാഷയിലേക്ക് കടന്ന് വരും. ഈ പ്രക്രിയയെ അതിജീവിക്കാനാവും വിധം ഭാഷയെ സജ്ജമാക്കാനുള്ള നടപടികൾ ഉണ്ടായില്ലെങ്കിൽ അത് ഭാവിയിൽ അതിന്റെ നാശത്തിലേക്ക് നയിക്കും.

പുതുതലമുറയിലേക്ക് പകർന്നു നൽകാത്ത ഭാഷയെ ഊർദ്ധശ്വാസം വലിക്കുന്ന ഭാഷയെന്ന് വിശേഷിപ്പിക്കാം. ഒപ്പം, സംസാരിക്കപ്പെടാതായവയെ മരിച്ച ഭാഷകൾ എന്നും. എഴുതപ്പെട്ട രേഖകളൊന്നും അവശേഷിപ്പിക്കാതെ അപ്രത്യക്ഷമായ ഭാഷകളെ വംശനാശം വന്നവയെന്ന് വിശേഷിപ്പിച്ചത് ബ്രിട്ടീഷ് ഭാഷാശാസ്ത്രജ്ഞനായ ഡേവിഡ് ക്രിസ്റ്റലാണ്. ചില ഭാഷകളാകട്ടെ സാമാന്യ വ്യവഹാരത്തിന്റെ എല്ലാ മേഖലകളിൽ നിന്നും അപ്രത്യക്ഷമാവുകയും മതപരമായ ചടങ്ങുകൾ പോലുള്ള സവിശേഷ മണ്ഡലങ്ങളിൽ മാത്രം നിലനിൽക്കുകയും ചെയ്യുന്നു. ലാറ്റിൻ ഭാഷ ഉദാഹരണം. നിത്യവ്യവഹാരത്തിൽ ഇല്ലാതിരിക്കുകയും എന്നാൽ കൃത്യമായി ഡോക്യുമെന്റ് ചെയ്യപ്പെട്ടതിനാൽ ഏതു സമയത്തും പുനരുജ്ജീവിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഭാഷയായി സംസ്കൃതത്തെ ചൂണ്ടിക്കാണിക്കാം. ഭാഷ സജീവമാണെങ്കിലും അതിലെ ഭാഷാഭേദങ്ങൾ നഷ്ടമാവുന്നത് മറ്റൊരു പ്രശ്നമാണ്. ഇത് നമ്മുടെ ജീവിതചുറ്റുപാടുകളിൽ നാമോരോരുത്തരും അനുഭവിച്ചറിഞ്ഞിട്ടുള്ളതുമാണ്.

ബോധപൂർവം ഭാഷയെ അടിച്ചമർത്താനുള്ള ശ്രമങ്ങള് ലോകത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായിട്ടുണ്ട്. കെനിയയിൽ ഗികുയു ഭാഷ സംസാരിച്ചതിന് ഞാൻ മന്ദബുദ്ധിയാണ് എന്നെഴുതിയ ബോർഡ് പിടിക്കാൻ കുട്ടികളെ നിർബന്ധിച്ചതും വെൽഷിൽ വെൽഷ് ഭാഷ സംസാരിച്ചതിന് വെൽഷ് നോട്ട് (welsh not) എന്നെഴുതിയ സ്ലേറ്റ് ഉയർത്തിപ്പിടിക്കാന് ഉത്തരവിട്ടതും തൊട്ട് കേരളത്തിൽ മലയാളം പറഞ്ഞുപോയതിന് തല മൊട്ടയടിച്ചതു വരെയുള്ള സംഭവങ്ങൾ ഇതിന്റെ നിദർശനങ്ങളാണ്.

ലോകഭാഷാവസ്ഥയെ അവലോകനം ചെയ്യുമ്പോള് അഞ്ചുനൂറ്റാണ്ടോളം നീണ്ടുനിന്നതും ചരിത്രത്തിന്റെ ഗതിയെ അടിമുടി മാറ്റിമറിച്ചതുമായ കോളനിവൽക്കരണം എങ്ങനെ ഭാഷകളെ ബാധിച്ചു എന്നുപറഞ്ഞുകൊണ്ടേ തുടങ്ങാനാവൂ.

**കോളനിവാഴ്ചയും ഭാഷയും**

യൂറോപ്യൻ ശക്തികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി പതിനഞ്ചാം നൂറ്റാണ്ട് മുതൽ ഇരുപതാം നൂറ്റാണ്ട് വരെ കോളനികൾ സ്ഥാപിച്ച കാലഘട്ടത്തെ വിശേഷിപ്പിക്കാനാണ് 'കോളനിവാഴ്ച' (Colonialism) എന്ന പദം പൊതുവെ ഉപയോഗിക്കുന്നത്. ഒരു രാജ്യം മറ്റൊരു പ്രദേശത്തെയോ ജനതയെയോ സാമ്പത്തികമായ ലക്ഷ്യങ്ങളോടെ തങ്ങളുടെ ആധിപത്യത്തിൻ കീഴിലേക്ക് കൊണ്ടുവന്ന നയമാണത്. കോളനിവൽക്കരണത്തിലൂടെ അധീശശക്തികള് തങ്ങളുടെ മതം, ഭാഷ, സംസ്കാരം, സാമ്പത്തികക്രമം തുടങ്ങിയവ തദ്ദേശീയ ജനതയുമേൽ അടിച്ചേൽപ്പിച്ചു.

പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്യന് രാജ്യങ്ങൾക്ക് നേരിടേണ്ടി വന്ന സാമ്പത്തിക- വാണിജ്യ പ്രതിസന്ധിയാണ് കോളനിവൽക്കരണത്തിലേക്ക് നയിക്കുന്നത്. ഓട്ടോമൻ തുർക്കികള് 1453 ൽ കോൺസ്റ്റന്റിനോപ്പിള് കീഴടക്കി. അതുവരെ കിഴക്കൻ ദിക്കിൽ നിന്ന്

മധ്യപൌരസ്ത്യദേശം വഴി യൂറോപ്പിനുണ്ടായിരുന്ന കച്ചവടത്തിൽ ഇതോടെ വിഘ്നമുണ്ടായി. കച്ചവടം മുന്നോട്ടുകൊണ്ടുപോവാന് പുതിയ വഴികൾ തേടേണ്ടത് അവർക്ക് അത്യാവശ്യമായി വന്നു. മാത്രവുമല്ല, ഇംഗ്ലണ്ട്, ഫ്രാൻസ്, സ്പെയ്ൻ, പോർച്ചുഗൽ എന്നിവ ശക്തവും കേന്ദ്രീകൃതവുമായ ഭരണത്തിനു കീഴിൽ ശക്തിയാർജിച്ചു വരുന്ന കാലവുമായിരുന്നു അത്. തങ്ങളുടെ അധികാരവും ശക്തിയും പരമാവധി സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള വെമ്പലിലുമായിരുന്നു അവര്. അറിയപ്പെടാത്ത ദേശങ്ങളേയും ജനതകളേയും തേടിയുള്ള യാത്രകളും മറ്റൊരു വശത്ത് പുരോഗമിക്കുന്നുണ്ടായിരുന്നു. സ്പെയ്നും പോർച്ചുഗലും ഈ വഴിക്കുള്ള ആദ്യപഥികരായി. 1492 ൽ ഏഷ്യയെ ലക്ഷ്യമാക്കി പുറപ്പെട്ട കൊളംബസ് രണ്ടു മാസങ്ങൾക്കു ശേഷം വടക്കേ അമേരിക്കയുടെ കിഴക്കേ തീരത്തുള്ള ബഹാമ ദ്വീപിലെത്തി. പിന്നീട് തുടർച്ചയായ യാത്രകളുടെയും കണ്ടെത്തലുകളുടെയും കാലമായിരുന്നു. ഈ ദ്വിഗ്വ്വിജയങ്ങള് പുതുതായി കണ്ടെത്തിയ പ്രദേശങ്ങളിലെ പ്രാദേശിക ജനവിഭാഗങ്ങളെ അടിമകളാക്കുന്നതിലേക്കും അവിടങ്ങളിലെ പ്രകൃതിവിഭവങ്ങള് ചൂഷണം ചെയ്യുന്നതിലേക്കും അവരുടെ സ്വത്തിന്റെയും സംസ്കാരത്തിന്റെയും മേലുള്ള കടന്നാക്രമണമായും വികസിച്ചു. ഒപ്പം അധീശശക്തികളുടെ മതവിശ്വാസത്തിന്റെ പ്രചാരണവും ഇതിന്റെ ഭാഗമായി മാറി.

പുതുതായി കണ്ടെത്തിയ പ്രദേശങ്ങൾ ആദ്യകാലത്ത് സ്പെയ്നും പോർച്ചുഗീസുമാണ് കയ്യടക്കിയിരുന്നത്. ക്രമേണ മറ്റ് യൂറോപ്യൻ ശക്തികൾ രംഗത്തുവന്നു. ആദ്യം വ്യാപാര താൽപര്യങ്ങൾക്കും പിന്നീട് സാമ്രാജ്യത്വാധിപത്യത്തിനും വേണ്ടി അവര് പരസ്പരം മത്സരിച്ചു. പതിനേഴാം നൂറ്റാണ്ടോടെ സ്പെയ്നിനേയും പോർട്ടുഗലിനെയും പിന്തള്ളിക്കൊണ്ട് ബ്രിട്ടീഷ്, ഫ്രഞ്ച്, ഡച്ച്, ഡാനിഷ് സാമ്രാജ്യങ്ങൾ മുൻനിരയിലേക്ക് കടന്നു. ചെറുതായി സ്വീഡനും രംഗത്തുണ്ടായിരുന്നു. വ്യവസായ വിപ്ലവത്തിനു മുമ്പ് ഭൂഗോളത്തിന്റെ 35 ശതമാനമാണ് യൂറോപ്യൻ ശക്തികള് കീഴ്പ്പെടുത്തിയിരുന്നതെങ്കിൽ 1914

ആവുമ്പോഴേക്കും അത് 85 ശതമാനമായി മാറിയിരുന്നതായി ചരിത്രകാരൻ ഫിലിപ്പ് ഹോപ്പ്മാന് കണക്കാക്കുന്നു. കോളനികൾക്കു വേണ്ടിയുള്ള സാമ്രാജ്യശക്തികളുടെ തുടർച്ചയായ യുദ്ധങ്ങള് അവസാനിച്ചത് ബ്രിട്ടൻ ലോകത്തിലെ ഒന്നാമത്തെ ശക്തിയായി മാറിക്കൊണ്ടാണ്. കോളനിവൽക്കരണം അതിന് ഇരയായ രാജ്യങ്ങളിലെ സമ്പത്ത് ഊറ്റിക്കുടിച്ചു. പ്രകൃതിവിഭവങ്ങള് ലക്കും ലഗാനുമില്ലാതെ കൊള്ളയടിച്ചു. പ്രാദേശിക സമ്പദ് വ്യവസ്ഥകളെ തകിടം മറിച്ചു. രണ്ടാം ലോകയുദ്ധത്തിനു ശേഷം രൂപമെടുത്ത സവിശേഷ സാഹചര്യത്തിൽ 1945-1975 കാലഘട്ടത്തിൽ ആധിപത്യശക്തികൾക്ക് കോളനികളിൽ നിന്ന് ഒഴിയേണ്ടിവന്നു.

കോളനിവാഴ്ചയെ പ്രശ്നവൽക്കരിക്കുമ്പോള് യൂറോപ്യന് ശക്തികൾ നടത്തിയ സാമ്പത്തിക ചൂഷണത്തെ മാത്രം പരിശോധനയ്ക്ക് വിധേയമാക്കുന്ന ഒരു സമ്പ്രദായമാണ് പൊതുവെ നിലനിന്നുപോന്നത്. അതിനു തുല്യപ്രാധാന്യമുള്ള സാംസ്കാരിക അധിനിവേശം, വിശിഷ്യ ഭാഷാപരമായ അധിനിവേശം വേണ്ടത്ര പ്രാധാന്യത്തോടെ പരിഗണിക്കപ്പെട്ടിരുന്നില്ല. സമീപകാലത്താണ് അതിന് മാറ്റം വന്നു തുടങ്ങിയത്. കോളനിവാഴ്ച അധിനിവേശിത രാജ്യങ്ങളിലെ ഭാഷകളുടെയും സംസ്കാരങ്ങളുടെയും പദവി താഴ്ത്തിക്കെട്ടുന്നതിൽ വലിയ പങ്കുവഹിച്ചു. അത് അധീശവിഭാഗങ്ങളുടെ ഭാഷയ്ക്കും സംസ്കാരത്തിനും അപ്രമാദിത്വം കൽപ്പിച്ചു. അധിനിവേശശക്തികളിൽ നിന്ന് രാഷ്ട്രീയസ്വാതന്ത്ര്യം നേടിയെങ്കിലും അതിന്റെ അവശേഷിപ്പുകൾ പലതരത്തിൽ പഴയ കോളനികളിൽ ഇന്നും നിലനിൽക്കുന്നു. ഭാഷയും വിദ്യാഭ്യാസവും അതിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ്. ബെറ്റിന മിഗേയും ഇസബല്ല ലെഗീസെയും 2007 ൽ എഴുതിയ ഭാഷയും കൊളോണിയലിസവും (Language and colonialism. Applied linguistics in the context of creole communities) എന്ന പ്രബന്ധം ഈ വിഷയത്തെ സമഗ്രമായി പരിശോധിക്കുന്നുണ്ട്.

1950 ൽ ആരംഭിച്ചെങ്കിലും ഒരു പഠനമേഖലയെന്ന നിലയിൽ ഭാഷയും കോളനിവാഴ്ചയും വലിയതോതിൽ പരിശോധിക്കപ്പെട്ടുന്നത് 1970 കളിലും 1980 കളിലുമാണ്. സിസയർ, ഫനോൻ, സ്പെൻസര്, വൈറ്റ്‌ലെ, കാൽവെറ്റ്, അച്ചെയ്ബേ, ബാങ്ബോസ്, ഡുമണ്ട്, ഗ്ഗി വാ തിയോങ്ഗോ, പെന്നികുക്ക്, ഫില്ലിപ്പ്സൺ, സ്കട്ട്നാബ്- കാംഗാസ് തുടങ്ങിയവരൊക്കെ ഈ മേഖലയിലെ പ്രമുഖരാണ്. ഭാഷാശാസ്ത്രം, വ്യവഹാര പഠനം, സാഹിത്യം എന്നിങ്ങനെ വ്യത്യസ്ത മേഖലകളിൽ നിന്നുകൊണ്ട് അവർ വിഷയത്തെ സമീപിച്ചു. സാമ്രാജ്യത്വ അധിനിവേശത്തിന്റെ ഫലമായി പഴയ കോളനിരാജ്യങ്ങളിൽ ഭാഷാപരമായും സാമൂഹികമായും രൂപപ്പെട്ട അസമത്വങ്ങളും അവ ഇന്ന് എങ്ങനെ തുടർന്നുപോരുന്നു എന്ന വസ്തുതയും അവര് വ്യക്തമാക്കി. കോളനിഭരണവും അതിന്റെ അനുബന്ധങ്ങളായ വിദ്യാഭ്യാസനയവും ഭാഷാനയവും അടിച്ചേൽപ്പിച്ചത് ഈ രാജ്യങ്ങളിലെ ഭാഷകളേയും വിദ്യാഭ്യാസരംഗത്തേയും എങ്ങനെ പ്രതികൂലമായി ബാധിച്ചു എന്നവർ സവിസ്തരം പരിശോധനയ്ക്ക് വിധേയമാക്കി. രാഷ്ട്രീയസ്വാതന്ത്ര്യം നേടിയിട്ടും കോളനിയാനന്തര രാജ്യങ്ങളിലെ തദ്ദേശീയ ജനവിഭാഗങ്ങൾക്ക് വിദ്യാഭ്യാസം, അറിവ്, അധികാരം , സ്വാശ്രയത്വം എന്നിവയുടെ ലഭ്യതയിൽ വലിയ തോതിലുള്ള പരിമിതികള് നേരിടുന്നു. സ്വാതന്ത്ര്യാനന്തരം ഈ രാജ്യങ്ങൾക്ക് രണ്ട് തരത്തിലുള്ള പ്രശ്നങ്ങളെയാണ് നേരിടേണ്ടി വന്നത്. പഴയ അധീശശക്തികൾ സൃഷ്ടിക്കുന്ന സാമ്പത്തിക സമ്മർദ്ദവും അപകോളനീകരണ ശ്രമങ്ങൾക്കെതിരെ സ്വന്തം നാട്ടിലെ വരേണ്യവർഗമുയർത്തുന്ന എതിർപ്പുകളും. കോളനിഭരണകാലത്ത് നിലനിന്ന സാമൂഹിക-സാംസ്കാരിക, ഭാഷാ അന്തരീക്ഷങ്ങൾ ഇല്ലാതാവുന്നത് തങ്ങള് അനുഭവിച്ചുപോന്ന പ്രത്യേകമായ അവകാശങ്ങളെയും സ്ഥാനമാനങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്ന് ഈ വരേണ്യവർഗം ഭയന്നു.

ഇംഗ്ലീഷ് ഭാഷാധ്യാപന പരിപാടിയുടെ (English Language Teaching- ELT) തലത്തിൽനിന്നുകൊണ്ട് പ്രശ്നത്തെ സമീപിക്കാന്

ശ്രമിച്ചവരാണ് കച്ച്റു, ഫില്ലിപ്പ്സൺ, പെന്നികുക്ക് തുടങ്ങിയവർ. ഇന്ത്യന് ഭാഷാശാസ്ത്രജ്ഞനായ കച്ച്റു നൈജീരിയൻ ഇംഗ്ലീഷ്, ഇന്ത്യൻ ഇംഗ്ലീഷ് തുടങ്ങിയ ഇംഗ്ലീഷിന്റെ വകഭേദങ്ങളെ പഠനവിധേയമാക്കിയ വ്യക്തിയാണ്. ഈ ഭേദങ്ങൾ രൂപപ്പെട്ടുവന്നതും നിലനിൽക്കുന്നതുമായ സാഹചര്യങ്ങളെ പരിഗണിക്കാതെ ഇവയുടെ ഭാഷാപരമായ സ്വഭാവവും സാമൂഹ്യധർമങ്ങളും മനസ്സിലാക്കാന് കഴിയില്ലെന്ന് അദ്ദേഹം വാദിക്കുന്നു. 'യഥാർത്ഥ' ഇംഗ്ലീഷുമായി തട്ടിച്ച് അവയെ അപൂർണമെന്നോ ശരിയല്ലാത്തതെന്നോ പറയുകയല്ല വേണ്ടത്. അവയുടെ ഭാഷകർ അനുഭവിച്ച ഭാഷാ വിവേചനത്തെ പരിഹരിക്കാനും ഇംഗ്ലീഷിനെ അപകോളനിവൽക്കരിക്കാനും കഴിയും വിധം, ലോകമെങ്ങും നടക്കുന്ന ഇംഗ്ലീഷ് ഭാഷാധ്യാപന പരിപാടികളിൽ അവയെ പരിഗണിക്കുകയാണ് വേണ്ടത്.

ഫില്ലിപ്പ്സണും പെന്നികുക്കുമാകട്ടെ ഇംഗ്ലീഷിനെ ഏറ്റവും പ്രബലമായ ഭാഷയാക്കി വളർത്തിയ ഘടകങ്ങളെയാണ് പരിശോധിക്കുന്നത്. ഭാഷാപരമായ സാമ്രാജ്യത്വം (Linguistic Imperialism)എന്ന പുസ്തകത്തിൽ ഫില്ലിപ്പ്സണ് കോളനിവാഴ്ചക്കാലത്തും അതിനുശേഷമുള്ള കാലത്തും ഇംഗ്ലീഷിനെ പരിപോഷിപ്പിച്ച നയങ്ങളെ പഠനവിധേയമാക്കുന്നു. ഇംഗ്ലീഷിന്റെ ഉയർച്ച ആകസ്മികമായി സംഭവിച്ചതല്ല; മറിച്ച് അത് ശ്രദ്ധാപൂർവം വളർത്തിയെടുത്തതാണ്. ബ്രിട്ടനും അമേരിക്കയും നൽകുന്ന സാമ്പത്തികസഹായങ്ങള്, യൂറോകേന്ദ്രിതമായ ഗവേഷണങ്ങൾ, വരേണ്യവർഗത്തിന്റെ പിന്തുണയോടെ കോളനിവാഴ്ചക്കാലത്തും അതിനുശേഷവും നടപ്പാക്കിയ വിദ്യാഭ്യാസനയങ്ങൾ എന്നിവ ഇംഗ്ലീഷിന്റെ വ്യാപനത്തെ വലിയ തോതിൽ സഹായിച്ചു. പെന്നികുക്ക് അദ്ദേഹത്തിന്റെ 'ഇംഗ്ലീഷും കോളനിവാഴ്ചയുടെ വ്യവഹാരങ്ങളും' (English and the discourses of colonialism) എന്ന പുസ്തകത്തിൽ കുടിയേറ്റക്കാരുടെ സാമ്പത്തികവും സാംസ്കാരികവുമായ പ്രവർത്തനങ്ങള് എങ്ങനെ അപരത്തെ രൂപപ്പെടുത്തുകയും പ്രതിനിധീകരിക്കുകയും ചെയ്യുന്നു എന്ന്

വ്യക്തമാക്കുന്നു. അപരത്തെക്കുറിച്ച് നിഷേധാത്മകമായ ചില വ്യവഹാരങ്ങൾ സൃഷ്ടിക്കുക വഴി, വ്യംഗമായോ അല്ലാതെയോ തങ്ങളെക്കുറിച്ചുള്ള പോസിറ്റീവായ ചില പ്രതിനിധാനങ്ങൾ അവര് രൂപീകരിക്കുന്നു. ഇംഗ്ലീഷിനെക്കുറിച്ചും ഇംഗ്ലീഷ് സംസ്കാരത്തെക്കുറിച്ചും, അല്ലെങ്കിൽ പാശ്ചാത്യ പൌരസ്ത്യ കാഴ്ചപ്പാടുകളെക്കുറിച്ചും ഇത്തരത്തിൽ സൃഷ്ടിക്കപ്പെട്ട ധാരണകള് കീഴടക്കിയവരെ നീതീകരിക്കുന്നതിലേക്ക് കീഴടക്കപ്പെട്ടവരെ എത്തിച്ചിട്ടുണ്ടാവാം. പക്ഷേ, കീഴടക്കിയവരുടെ പ്രതാപത്തെയും കീഴടക്കപ്പെട്ടവരുടെ പോരായ്മകളേയും കുറിച്ചുള്ള വഴിവിട്ട ഈ വീക്ഷണങ്ങൾ ഭൌതികമണ്ഡലത്തിന്റെ പ്രതിഫലനമല്ല എന്ന് പെന്നികുക്ക് വാദിക്കുന്നു. കോളനികളുടെ ഭൌതിക ചൂഷണവും ഒപ്പം വരുന്ന ശാസ്ത്ര, മത, സാംസ്കാരിക പ്രവർത്തനങ്ങളും തീർച്ചയായും ഈ വ്യവഹാരങ്ങളുടെ ഒരു പ്രത്യക്ഷവൽക്കരണം മാത്രമാണ്.

അതുവരെ നടന്ന ഭാഷാപഠനങ്ങളിൽ നിന്ന് ഇത്തരം കാഴ്ചപ്പാടുകൾ പുതുമയുള്ളവയായി മാറി. യഥാർഥത്തിൽ ഭാഷയെക്കുറിച്ച നടന്ന ഭൂരിഭാഗം കോളനിയാനന്തര പഠനങ്ങളും ഒരു സാമൂഹ്യ- രാഷ്ട്രീയ ശൂന്യതയിലായിരുന്നു നിലനിന്നത്. പ്രാദേശികമായി ഭാഷയുമായി ബന്ധപ്പെട്ട് നിലനിന്ന സാമൂഹ്യ- രാഷ്ട്രീയ സാഹചര്യങ്ങളെ ഗവേഷകർ വേണ്ടത്ര പരിഗണിച്ചിരുന്നില്ല. ഓരോ ഭാഷയേയും ഒറ്റപ്പെട്ട നിലയിൽ സവിസ്തരം പരിശോധിക്കുകയും സങ്കീർണമായ മോഡലുകൾ മുന്നോട്ടുവെക്കുകയുമാണ് പൊതുവായി ഭാഷാശാസ്ത്രജ്ഞര് ചെയ്തു പോന്നിരുന്നത്. ചുരുക്കത്തിൽ ഭാഷയും കോളനിവാഴ്ചയും എന്ന മേഖലയെക്കുറിച്ചുള്ള അന്വേഷണങ്ങൾ വിശാലാർത്ഥത്തിൽ രണ്ട് ലക്ഷ്യങ്ങളെ പിന്തുടരുന്നു. ഒന്ന്, കോളനി വാഴ്ചക്കാലത്തും അതിനു ശേഷവും ഭാഷയെ മുൻനിർത്തി പിന്തുടർന്നു പോന്ന പ്രവർത്തനങ്ങളെ വിമർശനാത്മകമായി പരിശോധിക്കുക. രണ്ട്, ആ വിമർശനങ്ങളെ മുൻനിർത്തി കോളനിവൽക്കരിക്കപ്പെട്ട ജനതയുടെ മനസ്സുകളെ (ഒപ്പം കോളനിവൽക്കരിച്ചവരെയും) അപകോളനീകരിക്കാൻ ലക്ഷ്യമിട്ടുള്ള

നയങ്ങൾ ആസൂത്രണം ചെയ്യുക. യൂറോപ്യേതര ഭാഷകളെ മെച്ചപ്പെടുത്താനുള്ള നിർണായകമായ ഒരു നടപടിയായിരിക്കും അത്.

**കൊളോണിയൽ ഭാഷാരീതികൾ**

യൂറോപ്യൻ സാമ്രാജ്യത്വത്തിന്റെയും കോളനിവാഴ്ചയുടെയും ലക്ഷ്യം തങ്ങളുടെ അധികാരത്തിന്റെയും സമ്പത്തിന്റെയും അടിത്തറ വിപുലപ്പെടുത്തുക എന്നതായിരുന്നു, അതിന് അവർ തദ്ദേശീയരെ അവരുടെ ഭൂമിയിൽ നിന്ന് കുടിയിറക്കുക, വംശഹത്യനടത്തുക, അടിമകളാക്കി ഭരിക്കുക എന്നിങ്ങനെ ഓരോ സ്ഥലത്തും വ്യത്യസ്തരീതികൾ സ്വീകരിച്ചിട്ടുണ്ട്. കോളനിവാഴ്ചയുടെ നിലനിൽപ്പുതന്നെ യൂറോപ്യന് സംസ്കാരം, സാമൂഹ്യ- ശാസ്ത്ര മുന്നേറ്റങ്ങൾ എന്നിവയുടെയെല്ലാം പ്രതാപത്തെ നീതീകരിക്കുന്ന ഒരു പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിലായിരുന്നു. ഈ സാമൂഹ്യ വ്യവസ്ഥയും പ്രത്യയശാസ്ത്രവും വ്യത്യസ്ത അധികാരശ്രേണികളിൽ നിലനിൽക്കുന്ന രണ്ട് വിഭാഗം ജനങ്ങളെ വിഭാവനം ചെയ്തു. ഈ വിഭാഗങ്ങൾക്ക് രണ്ട് തരത്തിൽപ്പെട്ട അവകാശങ്ങളും കർത്തവ്യങ്ങളും കൽപ്പിച്ചു. മാത്രമല്ല ഈ വിഭാഗങ്ങൾ വ്യത്യസ്തമായ ബൌദ്ധികനിലവാരവും നൈപുണികളുമുള്ളവരുമാണെന്ന് അവർ കണക്കാക്കി. ഉയർന്ന മൂല്യങ്ങളും കഴിവുകളുമുള്ള തങ്ങളാണ് ഈ അധികാരശ്രേണിയുടെ മുകളിൽ ഇരിക്കേണ്ട ശ്രേഷ്ഠര് എന്നാണ് അവര് സ്വയം കണക്കാക്കിയത്.

ഭാഷാപരമായ കോളനിവൽക്കരണത്തിൽ രണ്ടുതരം നടപടികൾ അനുവർത്തിച്ചതായി കാണാം. ആദ്യത്തേതിനെ ലംബമാനമായ രീതി എന്ന് വിളിക്കാം. കോളനികളിൽ തങ്ങളോട് ഒട്ടിനിൽക്കാന് തയ്യാറുള്ള, വരേണ്യവിഭാഗങ്ങളിലേക്ക് യൂറോപ്യന് ഭാഷകൾ എത്തിക്കുക എന്നതായിരുന്നു അത്. രണ്ടാമത്തേത് തിരശ്ചീന രീതിയാണ്. അത് ഭൂമിശാസ്ത്രപരമായ പ്രസരണമായിരുന്നു. ആദ്യം നഗരങ്ങളിൽ, അവിടെ നിന്ന് ചെറുനഗരങ്ങളിലേക്ക്, പിന്നീട് ഗ്രാമങ്ങളിലേക്ക് എന്ന രീതിയിൽ. അസമത്വത്തിൽ അധിഷ്ഠിതമായ

തങ്ങളുടെ പ്രത്യയശാസ്ത്രം പരത്തുന്നതിൽ ഏറ്റവും നല്ല ഉപാധിയായി അവർ കണ്ടത് വിദ്യാഭ്യാസത്തെ ആയിരുന്നു. അതോടൊപ്പം സാമൂഹ്യവും ഭാഷാപരവുമായ മറ്റ് നിരവധി മാർഗങ്ങളിലൂടെ ആ പ്രത്യയശാസ്ത്രത്തെ അടിച്ചുറപ്പിക്കാനും അവർ ശ്രദ്ധിച്ചു. വ്യത്യസ്തമെങ്കിലും പരസ്പരബന്ധിതമായ നിരവധി രീതികള് ഭാഷയുടെ കാര്യത്തിൽ കാണാം. ആദ്യമായി പുതിയൊരു ഭാഷാശ്രേണിക്ക് അവർ രൂപം നൽകി. ഏറ്റവും മുകളിൽ അന്തസ്സിന്റെ പ്രതീകമായ കീഴടക്കിയവരുടെ ഭാഷയായിരുന്നു. ഭരണത്തിന്റെയും വ്യാപാരത്തി ന്റെയും മേഖലകളിൽ അതിന് മേധാവിത്വവും ഉറപ്പാക്കി. ഫ്രാങ്കഫോൺ ഭാഷാനയമനുസരിച്ചുള്ള 'ആഫ്രിക്കൻ പേച്ചുകള് നാഗരികതയുടെ ഭാഷയല്ല' (African dialects are  not languages of civilization) എന്ന പ്രഖ്യാപനത്തിലൂടെ ഫ്രഞ്ച് ആഫ്രിക്കയിലെ ഭാഷ ഫ്രഞ്ച് മാത്രമാക്കി മാറ്റി. ഇതിനു വിപരീതമായി ബ്രിട്ടീഷുകാർ അവരുടെ ഭിന്നിപ്പിച്ചു ഭരിക്കൽ നയത്തിന്റെ ഭാഗമായി കോളനികളിലെ മുഖ്യഭാഷകളെ പിന്തുണച്ചു. എന്നാൽ, അധീശഭാഷയ്ക്ക് കൽപ്പിച്ച ശ്രേഷ്ഠത കാരണം ഇതിന് മറ്റതിൽ നിന്ന് ഒരു ഭേദവുമുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. ഇതിന്റെ ഫലമായി പ്രാദേശികഭാഷകളുടെ നില പരിതാപകരമായി. ഏതാനും ചില ഭാഷകൾ സഹായകഭാഷ എന്ന പദവിയിൽ നിന്നെങ്കിലും മൊത്തത്തിൽ ആഫ്രിക്കയിലെ ഭാഷകള് ശ്രേണിയുടെ ഏറ്റവും അടിത്തട്ടിൽ ഞെരിഞ്ഞമർന്നു. ഭാഷകളുടെ വികാസത്തെ ഇത് മുരടിപ്പിച്ചു. പുതിയ മണ്ഡലങ്ങളിലേക്ക് എത്തിപ്പിടിക്കാനുള്ള ഭാഷകളുടെ മത്സരത്തെപ്പോലും അത് തടസ്സം ചെയ്തു. സാമൂഹ്യമായി മുന്നേറാനും പൊതുമണ്ഡലത്തിൽ പങ്കാളികളാകാനും ആഗ്രഹിക്കുന്നവർക്ക് അധീശഭാഷ അറിഞ്ഞേതീരൂ എന്നായി. മുകൾത്തട്ടിലുള്ളവര് ദേശ്യഭാഷകളെ ഒഴിവാക്കാനും അധീശഭാഷയെ പുൽകാനും തുടങ്ങി. വിദ്യാഭ്യാസം സിദ്ധിച്ചവർ തങ്ങളുടെ കുട്ടികളെ കൊളോണിയൽ ഭാഷയിൽ പഠിപ്പിക്കാന് വലിയതോതിൽ വെമ്പൽകൊണ്ടു.

ഭാഷാപരമായ അധികാരശ്രേണിക്കൊപ്പം യൂറോപ്യൻ സംസ്കാരത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള പ്രഘോഷണങ്ങൾ, വംശീയതയെക്കുറിക്കുന്ന അവരുടെ സിദ്ധാന്തങ്ങൾ എന്നിവയെല്ലാം കൂട്ടിച്ചേർക്കപ്പെട്ടു. മാനവസമൂഹത്തെ പല വംശങ്ങളായി തിരിക്കുകയും അവയോരോന്നും ശാരീരികവും മാനസികവുമായ തലങ്ങളിൽ വ്യത്യസ്തത പുലർത്തുന്നു എന്ന് പ്രചരിപ്പിക്കുകയുമാണ് ചെയ്തത്. ഈ വംശങ്ങളിൽ യൂറോപ്യന് ജനത സംസ്കാരം, അറിവ്, ബുദ്ധി തുടങ്ങി എല്ലാവിധ പോസിറ്റീവ് ഘടകങ്ങളും ചേർന്നതാണെന്നും മറ്റുള്ളവ സാംസ്കാരികമായി വളർച്ച നേടാത്തവയാണെന്നും അവര് കരുതി. രാഷ്ട്രം, സംസ്കാരം, അധികാരം എന്നിവയുമായി ബന്ധപ്പെട്ടത് തങ്ങളുടെ ഭാഷയാണ്. മറ്റുള്ളവയെ വിശേഷിപ്പിക്കാൻ ഭാഷാഭേദം, നാട്ടുഭാഷ, ജൽപ്പനങ്ങള് (dialect, vernacular, patois) തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നതു തന്നെ അവയുടെ അധമപദവിയെ ദ്യോതിപ്പി ക്കാനായിരുന്നു. യൂറോപ്യൻ ഭാഷകളും യൂറോപ്യേതര ഭാഷകളും ചേർന്നുണ്ടായ ക്രിയോളുകളെ സൂചിപ്പിക്കാന് പലപ്പോഴും ബ്രോക്കണ് / ബാഡ് ലാംഗ്വേജ് എന്ന പദമാണ് ഉപയോഗിച്ചു പോന്നത്. അവ്യക്തമായതും കൃത്യതയില്ലാത്തവയുമായതിനാൽ യൂറോപ്യേതര ഭാഷകൾ ആധുനിക ശാസ്ത്രചിന്തകള് കൈകാര്യം ചെയ്യാന് പര്യാപ്തമല്ല എന്നും, അത്തരം ഭാഷകളുമായി ആത്മബന്ധം പുലർത്തുന്നത് അജ്ഞതയിൽ മുങ്ങിക്കുളിച്ചതും നാഗരികതയ്ക്കും യുക്തിക്കും നിരക്കാത്തതുമായ നിലപാടാണെന്നും പ്രചരിപ്പിക്കപ്പെട്ടു. അതേസമയം കൊളോണിയൽ ഭാഷ പഠിക്കുന്നത് ആധുനികലോകത്തേക്ക് മനസ്സ് തുറക്കുന്നതിനും നാഗരികനായി മാറുന്നതിനും അത്യാവശ്യമാണെന്നും ചിത്രീകരിക്കപ്പെട്ടു.

കൊളോണിയൽ ഭാഷാനയത്തിന്റെ ഭാഗമായി പല ഭാഷകളും അപ്രത്യക്ഷമായി. ഉറുഗ്വേയിൽ അവിടുത്തെ ജനതയെ അപ്പാടി ഭൌതികമായി ഇല്ലാതാക്കിയതിന്റെ ഫലമായിട്ടായിരുന്നു ഇതെങ്കിൽ ബ്രസീൽ, ചിലി, അർജന്റീന തുടങ്ങിയ സ്ഥലങ്ങളിൽ മറ്റു

രീതികളിലായിരുന്നു എന്നു മാത്രമേ വ്യത്യാസമുള്ളൂ. ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് പലപ്പോഴും ജനങ്ങൾ പറിച്ചുമാറ്റപ്പെട്ടു. ഭാഷാമാറ്റം, ഭാഷാമരണം, ഭാഷാ അധഃപതനം, ഭാഷാ വംശഹത്യ, ലിംഗ്വസൈഡ് (സൂയിസൈഡ് പോലെ), ഭാഷാ കൊലപാതകം... വാക്കുകൾ എന്തൊക്കെയായാലും കാരണം ഒന്നുതന്നെയായിരുന്നു. അധീശശക്തികൾ ഒരു ഭാഷയെ യഥാർത്ഥത്തിൽ തുടച്ചുനീക്കുകയല്ല, മറിച്ച് ആസൂത്രിതമായി അതിനെ വ്യത്യസ്ത മണ്ഡലങ്ങളിൽ പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്. അതാകട്ടെ അധീശഭാഷയ്ക്ക് നൽകിയ സവിശേഷമായ റോളുകളുടെ പരിണതഫലവുമായിരുന്നു. ആസ്ട്രേലിയയിലെ ആദിമഭാഷകള്, അമേരിക്കയിലെ നിരവധിയായ ദേശ്യഭാഷകൾ എന്നിങ്ങനെ ഉദാഹരണങ്ങള് നിരവധിയാണ്. ഭാഷയുടെ പടിപ്പടിയായുള്ള മരണത്തിന് ഹവായിയൻ ഭാഷ നല്ലൊരുദാഹരണമാണ്. വടക്കേ അമേരിക്കൻ വൻകരയോട് ചേർന്ന് കിടക്കുന്ന പസഫിക്ക് സമുദ്രത്തിലെ ഒരു കൊച്ചു ദ്വീപാണ് ഹവായ്. അമേരിക്കന് സംസ്കാരവും ഇംഗ്ലീഷുമായി വ്യാപാരബന്ധങ്ങളിലൂടെ ആരംഭിച്ച ബന്ധങ്ങൾ ഒടുവിൽ ഇംഗ്ലീഷ് അവിടുത്തെ ശക്തമായ ഭാഷയായി മാറുന്നതിലേക്കാണ് നയിച്ചത്.

കൊളോണിയൽ ഭാഷാ അധികാരശ്രേണി യൂറോപ്യന് ഭാഷകളും പ്രാദേശികഭാഷകളും പരസ്പരം സ്വാധീനിക്കുന്നത് ഒരേപോലെയല്ലെന്ന് ഉറപ്പുവരുത്തിയിരുന്നു. കീഴടക്കപ്പെട്ട ജനതയുടെ ഭാഷകൾ യൂറോപ്യന് ഭാഷകളിൽ നിന്ന് വലിയ തോതിൽ പദങ്ങള് സ്വീകരിച്ചു. ആധുനിക യൂറോപ്യൻ വിജ്ഞാനം, ഭരണം തുടങ്ങിയ മേഖലകളെ കേന്ദ്രീകരിച്ചായിരുന്നു ഈ വായ്പകൾ. കൊളോണിയൽ ഭാഷകൾ പ്രാദേശികഭാഷകളിൽ നിന്ന് സ്വീകരിച്ച പദങ്ങളാവട്ടെ എണ്ണത്തിൽ വളരെ കുറവാണ്. ഭക്ഷണം, ജനത, പ്രാദേശിക ആചാരങ്ങൾ തുടങ്ങിയവയെക്കുറിക്കാനുള്ള പദങ്ങള് മാത്രമേ ഇത്തരത്തിൽ സ്വീകരിക്കപ്പെട്ടുള്ളൂ. ഉദാഹരണമായി ആഫ്രിക്കൻ ഭാഷകളിൽ നിന്ന് സ്വീകരിച്ച പദങ്ങളെ പരിശോധിച്ചാൽ ആഫ്രിക്കന്

സാഹചര്യത്തെക്കുറിച്ച് വിവരിക്കുമ്പോള് ഉപയോഗിക്കേണ്ട ഏറ്റവും കുറഞ്ഞ വാക്കുകൾ മാത്രമേ ഇംഗ്ലീഷിലേക്ക് സ്വീകരിച്ചിട്ടുള്ളൂ എന്ന് കാണാം.

**ഫ്രഞ്ച്- ബ്രിട്ടീഷ് കോളനികളിലെ വിദ്യാഭ്യാസവും ഭാഷകളും**

കീഴടക്കിയവരുടെ ഭാഷയെ കോളനികളിൽ സുശക്തമായ ഒന്നാക്കി മാറ്റുന്നതിൽ കൊളോണിയൽ വിദ്യാഭ്യാസ സമ്പ്രദായം വഹിച്ച പങ്ക് വളരെ വലുതാണ്. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ വ്യത്യസ്ത കൊളോണിയൽ ശക്തികള് അവരുടെ കോളനികളിൽ ഒരേ തരത്തിലുള്ള ഭാഷാനയമല്ല വിദ്യാഭ്യാസമേഖലയിൽ കൈക്കൊണ്ടത്. ഒരേ ശക്തി തന്നെ വ്യത്യസ്ത കോളനികളിൽ വ്യത്യസ്ത സമീപനങ്ങള് കൈക്കൊണ്ടതായി കാണാം. ഒരു കോളനിക്കുള്ളിൽത്തന്നെ ഭാഗികമായി വ്യത്യസ്ത സമീപനങ്ങള് കാണാനും കഴിയും. ഇന്ത്യ, മലേഷ്യ, ഹോങ്കോങ്ങ് എന്നിവിടങ്ങളിലെ ഭാഷാനയങ്ങളെ പരിശോധിച്ചുകൊണ്ട് നാലു ധ്രുവങ്ങൾക്കിടയിലാണ് അവ രൂപീകരിക്കപ്പെട്ടതെന്ന് പെന്നികുക്ക് പറയുന്നു. സാമ്രാജ്യത്തിനകത്ത് കോളനിയുടെ സ്ഥാനം, പ്രദേശത്തിന്റെ വർഗം, വംശീയത, ഗോത്രം, സാമ്പത്തികസ്ഥിതി തുടങ്ങിയ ഘടകങ്ങൾ, ലോകമൊട്ടുക്കും നാഗരികത കെട്ടിപ്പടുക്കാനുള്ള ദൌത്യം, ഓറിയന്റിലസത്തിനായുള്ള വ്യവഹാരങ്ങൾ എന്നിവയാണവ.

വ്യത്യസ്തതകൾക്കിടയിലും വിശാലാർത്ഥത്തിൽ ഈ നയങ്ങളെ രണ്ടായി തിരിക്കാം. മെട്രോപൊളിറ്റന് ഭാഷാനയവും നാട്ടുഭാഷാ നയവും. ഫ്രാൻസും പോർച്ചുഗലും മെട്രോപൊളിറ്റന് സമീപനമാണ് മുന്നോട്ടുവെച്ചതെങ്കിൽ ബ്രിട്ടനും ബെൽജിയവും നാട്ടുഭാഷാ നയമാണ് പിന്തുടർന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ഫ്രഞ്ചു വിപ്ലവത്തിന്റെ ലിബറൽ ആശയങ്ങളാണ് ആഫ്രിക്കയിലെ ഫ്രഞ്ചുകോളനികളിലെ നയങ്ങളെ നിർണയിച്ചത്. ഫ്രഞ്ചുമെട്രോപൊളിറ്റൻ ഭാഷാനയത്തെ അതേപടി പറിച്ചുനടാനുള്ള ശ്രമങ്ങളാണ് നടന്നത്. പഠനത്തിന്റെ ഏകമാധ്യമം ഫ്രഞ്ച് ആയി

പ്രഖ്യാപിച്ചു. എല്ലാ ബൌദ്ധിക പ്രവർത്തനങ്ങളുടെയും അടിസ്ഥാനം ഫ്രഞ്ച് ആയിരിക്കണമെന്നായിരുന്നു അവരുടെ കാഴ്ചപ്പാട്. ഫ്രഞ്ച് ഭാഷയും സംസ്കാരവും പഠിപ്പിക്കുക വഴി ആഫ്രിക്കക്കാർക്ക് വിലമതിക്കാനാവാത്ത ഒരു സമ്മാനമാണ് തങ്ങൾ നൽകുന്നത് എന്നായിരുന്നു അവരുടെ വാദം. മാതൃഭാഷയിലുള്ള വിദ്യാഭ്യാസമോ, പ്രാദേശിക ഭാഷകളുടെ പഠനമോ വിദ്യാർത്ഥികളെ പ്രതികൂലമായി ബാധിക്കുമെന്നായിരുന്നു അവര് പുലർത്തിയിരുന്ന ധാരണ. ചില മത സ്കൂളുകളിൽ പ്രാദേശിക ഭാഷകള് ഉപയോഗിച്ചെങ്കിലും അവ മതപഠനത്തിൽ മാത്രമൊതുങ്ങി. വിദ്യാഭ്യാസം വലിയ തോതിൽ നടത്തിയിരുന്ന മിഷണറിമാർ സർക്കാര് ഫണ്ടിനെ ആശ്രയിച്ചിരുന്നതിനാൽ അവര് ഈ നയത്തിനൊപ്പം നിൽക്കുകയാണ് ചെയ്തത്. വിദ്യാഭ്യാസം ലഭിച്ച ആഫ്രിക്കക്കാരാവട്ടെ ഫ്രഞ്ചുമാത്ര വിദ്യാഭ്യാസരീതിയെ പൂർണമായി പിന്തുണച്ചു. മാതൃഭാഷ വയോജന വിദ്യാഭ്യാസത്തിൽ മാത്രം ഉപയോഗിച്ചു. ഈ വിദ്യാഭ്യാസരീതി കുട്ടികളെ വിദ്യാഭ്യാസത്തിൽ നിന്ന് അന്യവൽക്കരിച്ചു. കൊഴിഞ്ഞുപോക്ക് വലിയതോതിലുണ്ടായി. പക്ഷേ, ഈ നയം വലിയ തോതിൽ കുട്ടികളെ ബാധിച്ചില്ല എന്ന് മറ്റൊരു തരത്തിൽ പറയാം! കാരണം ഫ്രഞ്ച് അധീന ആഫ്രിക്കയിൽ 1938- 55 കാലയളവിൽ പരമാവധി ഒരു ശതമാനത്തിൽ താഴെ കുട്ടികളാണ് സ്കൂളുകളിലെത്തിയത്!!

ബ്രിട്ടീഷ് ഇന്ത്യയിലാവട്ടെ ആദ്യകാലത്ത് ചെറിയൊരു വിഭാഗത്തിനു മാത്രമേ വിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളൂ. സ്കൂളുകൾ നടത്തിയിരുന്നത് പ്രധാനമായും മിഷണറിമാരും സ്വകാര്യ വ്യക്തികളുമായിരുന്നു. ഇന്ത്യയിൽ വലിയതോതിൽ വിദ്യാലയങ്ങള് ഉണ്ടാവുന്നത് 1854 ന് ശേഷമാണ്. പ്രധാനമായും മിഷണറിമാരുടെ നേതൃത്വത്തിൽ നടന്ന ബ്രിട്ടീഷ് കോളനികളിലെ വിദ്യാഭ്യാസം ആദ്യകാലത്ത് തദ്ദേശീയഭാഷകളെ അടിസ്ഥാനമാക്കിയായിരുന്നു. ക്രിസ്തുമത വിശ്വാസം തദ്ദേശീയഭാഷകളിലൂടെയേ പകരാൻ പറ്റൂ

എന്നായിരുന്നു അവരുടെ കാഴ്ചപ്പാട്. അതുകൊണ്ടുതന്നെ ബ്രിട്ടീഷ് കോളനികളിലെ മിഷണറിമാർ തദ്ദേശീയഭാഷകളിൽ വായനാസാമഗ്രികൾ ഉണ്ടാക്കുന്നതിലും ഭാഷകളെ ചിട്ടപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ മുഴുകി. പടിഞ്ഞാറൻ ആഫ്രിക്കക്കു വേണ്ടിയുള്ള 1882 ലെ വിദ്യാഭ്യാസ ഓർഡിനൻസ് ഇംഗ്ലീഷ് എഴുത്തും വായനയും വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യമായി നിർവചിച്ചു. സർക്കാര് സംവിധാനങ്ങളുടെ അപര്യാപ്തതയും മിഷണറിമാരിൽ നിന്നുള്ള വ്യാപകമായ എതിർപ്പും മൂലം ഇത് ഫലപ്രാപ്തിയിലെത്തിയില്ല. 1920- 24 കാലത്ത് പ്രവർത്തിച്ച ഫെൽപ്സ് സ്റ്റോക്സ് കമ്മീഷന്റെയും പ്രാദേശിക വിദ്യാഭ്യാസത്തിനായുള്ള കമ്മീഷന്റെയും പിന്തുണ മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസത്തിന് ലഭിച്ചു. ഇതിനെ തുടർന്ന് പ്രൈമറി തലത്തിൽ നാട്ടുഭാഷാ വിദ്യാഭ്യാസവും പടിപടിയായി ഇംഗ്ലീഷും എന്ന നയം ബ്രിട്ടൺ അംഗീകരിച്ചു. സെക്കന്ററി തലത്തിൽ മാധ്യമം പൂർണമായും ഇംഗ്ലീഷാക്കിയെങ്കിലും ആഫ്രിക്കൻ ഭാഷകള് ഒരു വിഷയമെന്ന നിലയിൽ അപ്പോഴും പഠിക്കാന് കഴിയുമായിരുന്നു. എന്നാൽ പിന്നീട്, തങ്ങളുടെ മക്കൾ ഇംഗ്ലീഷിൽ- അതിലൂടെ അവസരങ്ങളിലും- പിന്തള്ളപ്പെടുന്നു എന്ന രക്ഷിതാക്കളുടെ പരാതി പതിയെ ഉയർന്നു വരാൻ തുടങ്ങി. രണ്ടാം ലോകയുദ്ധത്തിനു ശേഷം മാതൃഭാഷയിലുള്ള വിദ്യാഭ്യാസം പുറകോട്ടുപോവാനും വളരെ നേരത്തെ തന്നെ ഇംഗ്ലീഷ് പഠനമാധ്യമമായി ഉപയോഗിക്കാനും തുടങ്ങി. ആദ്യനാളുകളിലുള്ള ഒരു 'പാലം പണിയൽ' കാര്യങ്ങൾക്കു മാത്രമായി മാതൃഭാഷകള് മാറി.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം എന്ന തത്വം ഉയർത്തിപ്പിടിച്ച അതേ അവസരത്തിൽ തന്നെ, എല്ലാ ഭാഷകളിലൂടെയുമുള്ള പഠനം - പ്രത്യേകിച്ച് വളരെ കുറച്ച് ഭാഷകർ മാത്രമുള്ള ഭാഷകളിൽ- സാമ്പത്തികമായി പ്രയാസമുള്ളതായിരിക്കുമെന്നും മിഷണറിമാർ കരുതി. സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റിയുടെ സെക്രട്ടറി 1927 ൽ പ്രബലമായ നാട്ടുഭാഷകളെ പ്രോത്സാഹിപ്പിക്കാനും

അവയുടെ ഏകീകരണവും ക്രമീകരണവും ഉറപ്പാക്കാനും നിർദേശിച്ചു. നൈജീരിയയിൽ ഹോസ, കെനിയയിലും ടാൻസാനിയയിലും സ്വാഹിലി എന്നിവ ഇത്തരത്തിൽ നിർദേശിക്കപ്പെട്ട ഭാഷകളാണ്.

ദി എൻസൈക്ലോപീഡിയ ഓഫ് അപ്ലൈഡ് ലിംഗ്വിസ്റ്റിക്ക്സിൽ ഫില്ലിപ്പ്സണ് എഴുതിയ കൊളോണിയലിസം ഏന്റ് ലാംഗ്വേജ് പോളിസി ഏന്റ് പ്ലാനിങ്ങ് എന്ന ലഘുകുറിപ്പിൽ ഇങ്ങനെ പറയുന്നു. ഇംഗ്ലീഷ് സാഹിത്യം ഒരു സ്കൂള് പാഠ്യവിഷയമായി രൂപപ്പെട്ടത് ഇന്ത്യയിലാണ്. ബ്രിട്ടീഷ് സ്കൂളുകളിൽ അവതരിപ്പിക്കപ്പെടുന്നതിനു മുമ്പുതന്നെ . വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം അതാണെന്ന ധാരണ സൃഷ്ടിച്ചുകൊണ്ട് ബ്രിട്ടീഷ് സാഹിത്യം കോളനിയാനന്തര രാജ്യങ്ങളിലെ സർവകലാശാലകളിലെ ഇംഗ്ലീഷ് കരിക്കുലത്തിൽ ഇപ്പോഴും പ്രബലമായ സാന്നിധ്യം വഹിക്കുന്നു. ഫിലിപ്പൈൻ പോലുള്ള യു എസ് കോളനികളിൽ ഇംഗ്ലീഷ് മാത്രം ഉപയോഗിക്കാനുള്ള നിർബന്ധം 1898 മുതൽ1940 വരെ ഉണ്ടായിരുന്നു. അതിൻ ഫലമായി ഫിലിപ്പൈൻ നിവാസികൾക്ക് അടിച്ചേൽപ്പിക്കപ്പെട്ട അമേരിക്കൻ സാഹിത്യരുചികളാണുള്ളത്. ബ്രിട്ടീഷ് കോളനികളിൽ പരീക്ഷകൾക്ക് യു കെ യിലെ സമ്പ്രദായം തന്നെയായിരുന്നു പിന്തുടർന്നിരുന്നത്. പല മുൻകോളനികളും ആ സമ്പ്രദായം തന്നെ പിന്നെയും പിന്തുടർന്നു. റാബൻ എഴുതിയ എക്സാമിനിങ്ങ് ദി വേൾഡ്: എ ഹിസ്റ്ററി ഓഫ് ദി യൂനിവേഴ്സിറ്റി ഓഫ് കേംബ്രിഡ്ജ് ലോക്കൽ എക്സാമിനേഷന് സിൻഡിക്കേറ്റ് എന്ന പുസ്തകം ബ്രൂണെ, മൌറീഷ്യസ്, സിങ്കപ്പൂര് തുടങ്ങിയ രാജ്യങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും ഭാഷയും എങ്ങനെയാണ് ഇപ്പോഴും കേംബ്രിഡ്ജ് നിയന്ത്രിക്കുന്നത് എന്ന് സാക്ഷ്യപ്പെടുത്തുന്നതായി ഫില്ലിപ്പ്സൺ അഭിപ്രായപ്പെടുന്നു. വരേണ്യർക്കു വേണ്ടി ലോകമെമ്പാടുമുള്ള ഇംഗ്ലീഷ് മീഡിയം ഇന്റർനാഷണൽ സ്കൂളുകള് ഈ സ്വാധീനത്തെ സംയോജിപ്പിക്കുകയും ഇംഗ്ലീഷ് എഡ്യുക്കേഷണൽ ബിസിനസ്സിന് പുതിയ മാർക്കറ്റുകളുണ്ടാക്കുകയും ചെയ്യുന്നു. ഇത് വീണ്ടും

ഇംഗ്ലീഷിന്റെയും ബ്രിട്ടന്റെയും സ്വാധീനം വർധിപ്പിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യം ലഭിച്ച് വർഷങ്ങള് കഴിഞ്ഞിട്ടും ആഫ്രിക്കയിലെ നിരവധി മുൻ കോളനി രാഷ്ട്രങ്ങള് പഴയ കോളനി ഭാഷാനയങ്ങള് പിന്തുടർന്നു എന്നും തദ്ദേശീയ ഭാഷകളേക്കാൾ കോളിനഭാഷയെ ഇഷ്ടപ്പെട്ടു എന്നും ഓർഗനൈസേഷന് ഫോര് ആഫ്രിക്കന് യൂനിറ്റി ഇന്റര് ആഫ്രിക്കന് ബ്യൂറോ ഓഫ് ലാംഗ്വേജസ് ചൂണ്ടിക്കാണിച്ചത് ഇതുമായി ചേർത്തുവായിക്കുന്നത് നന്നാവും.

ക്രിസ്തുമതവും ആഗോള ഇംഗ്ലീഷിന്റെ 'സെക്കുലർ സുവിശേഷ' വും ലോകമൊട്ടാകെ പറിച്ചുനടപ്പെട്ടതിൽ സാമ്യങ്ങള് കാണാന് കഴിയുമെന്ന് ഫില്ലിപ്പ്സൺ നിരീക്ഷിക്കുന്നു. രണ്ടും പരസ്പരബന്ധിതമായിരുന്നു എന്നും അദ്ദേഹം പറയുന്നുണ്ട്. ഭാഷയുടെ പറിച്ചുനടലും കയറ്റുമതിയും പലപ്പോഴും ഭാഷാവ്യാപനം (language spread) എന്ന പദം കൊണ്ട് തെറ്റായി സൂചിപ്പിക്കാറുണ്ട്. ഇത് തെറ്റിദ്ധരിപ്പിക്കുന്നതാണ്. തനിയെ നടന്ന ഒരു പ്രക്രിയയല്ല അത്. മനുഷ്യരുടെ ബോധപൂർവമായ പ്രവർത്തനങ്ങളുടെ ഭാഗമായി സംഭവിച്ചതാണ്. വിജയകരമായി അടിച്ചേൽപ്പിച്ചതാണ്. കൊളോണിയൽ നയങ്ങളുടെ ഭാഗമായി വന്ന ഭാഷാപരമായ സാമ്രാജ്യത്വമാണത് (linguistic imperialism). ഭാഷാപരമായ സാമ്രാജ്യത്വത്തിന്റെ സവിശേഷതകളെ അദ്ദേഹം ഇങ്ങനെ ക്രോഡീകരിക്കുന്നു.

- അതിന് വർണം, ലൈംഗികത, വർഗം എന്നീ സാമൂഹ്യ വിവേചനങ്ങളുടെ ശ്രേണിയിൽ പെട്ട ഭാഷാ വിവേചനത്തിന്റെ( linguicism) (മറ്റു ഭാഷകളുടെ മേൽ അധീശത്വ ഭാഷക്ക് മുൻതൂക്കം നൽകുന്നത്) രൂപമാണുള്ളത്.

• അത് ഘടനാപരമാണ്: അധീശത്വ ഭാഷയ്ക്ക് വിഭവങ്ങളുടെയും അടിസ്ഥാന സൌകര്യങ്ങളുടെയും വലിയ പങ്ക് നൽകുന്നു.

• അത് പ്രത്യയശാസ്ത്രപരമാണ്: അധീശത്വ ഭാഷ മറ്റു ഭാഷകളെക്കാൾ ഉത്തമമാണെന്ന് വിശ്വസിപ്പിക്കുകയും അത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മറ്റു ഭാഷകളെ കുറച്ചു കാണുകയും ചെയ്യുന്നു.

• ഈ പ്രക്രിയ തികച്ചും ആത്മനിഷ്ഠവും സ്വാഭാവികവും ആധിപത്യം അവകാശപ്പെടുകയും ചെയ്യുമ്പോൾ തന്നെ തികച്ചും സാധാരണമാണെന്ന് വിവക്ഷിക്കുകയും ചെയ്യുന്നു.

• അത് സാമ്രാജ്യത്വത്തിനു കീഴിലെ സംസ്കാരം, വിദ്യാഭാസം, മാധ്യമം, രാഷ്ട്രീയം , സൈനികം എന്നിവയുടെ ഘടനയുമായി കെട്ടുപിണഞ്ഞു കിടക്കുന്നു.

• അത് മൊത്തത്തിൽ അധീശത്വഭാഷ ഉപയോഗിക്കുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങള് നൽകുന്നത് വഴി ഉണ്ടാകുന്ന അസമത്വവും അനീതിയും നിറഞ്ഞ ചൂഷണമാണ്.

• അതിൽ അധീശത്വ ഭാഷ മറ്റ് ഭാഷകളുടെ ചിലവിൽ വളരുകയും അവയ്ക്ക് കുറഞ്ഞ തോതിൽ മൂല്യം നിർണയിക്കുകയും ചെയ്യുന്നു.

- ഇക്കാരണങ്ങളാൽ ഭാഷാപരമായ സാമ്രാജ്യത്വത്തെ പ്രതികൂലിക്കുകയും അതിനെതിരെ എതിർപ്പുകള് ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ആഗോള ഇംഗ്ലീഷിന്റെ ബോധനശാസ്ത്രം അഞ്ച് പ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണ് കെട്ടിപ്പൊക്കുന്നത്.

1. ഇംഗ്ലീഷ് ഏകഭാഷയായി പഠിപ്പിക്കുന്നതാണ് നല്ലത് (English is best taught monolingually).

2. തദ്ദേശീയമായി ഇംഗ്ലീഷ് സംസാരിക്കുന്ന ഒരാളാണ് അതിന്റെ ഏറ്റവും നല്ല അധ്യാപകൻ (The ideal teacher of English is a native speaker).

3.എത്രയും നേരത്തെ ഇംഗ്ലീഷ് പഠിപ്പിക്കുന്നോ, അത്രയും മെച്ചം (The earlier English is taught, the better the results).

4. എത്രയും കൂടുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നോ അത്രയും മെച്ചം (The more English is taught, the better the results).

5. മറ്റു ഭാഷകൾ കൂടുതലായി ഉപയോഗിക്കുന്തോറും ഇംഗ്ലീഷിന്റെ നിലവാരം കുറയും(If other languages are used much, standards of English will drop).

ഈ അഞ്ച് പ്രമാണങ്ങളും കെട്ടിച്ചമച്ച അബദ്ധധാരണകളാണ്. പ്രൊഫഷണൽ ഫാലസീസ് എന്ന വിശേഷണമാണ് അദ്ദേഹം ഉപയോഗിക്കുന്നത്. ബ്രിട്ടന്റെയും അമേരിക്കയുടെയും ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിങ്ങ്- ELT എന്ന ബില്യൺ ഡോളർ ബിസിനസ്സിന്റെ അടിസ്ഥാനം ഈ പ്രമാണങ്ങളാണെന്ന് ഫില്ലിപ്പ്സൺ വിശദീകരിക്കുന്നു. വൈദഗ്ധ്യമായും പാഠപുസ്തകങ്ങളായും റഫറൻസ് മെറ്റീരിയലുകളായും അത് കയറ്റി അയക്കുന്നു. ഇതിന് സമാനമായാണ് ഫ്രഞ്ച് കയറ്റി അയക്കാനുള്ള നടപടികളും. പക്ഷേ, അത് ELT യോളം പ്രൊഫഷണലല്ലെന്ന് മാത്രം.

പണ്ട് ബ്രിട്ടീഷ് സാമ്രാജ്യമായിരുന്നു ലോകത്തെ അടക്കിവാണതെങ്കിൽ ഇന്ന് ലോകത്തെ ഇംഗ്ലീഷാണ് അടക്കി ഭരിക്കുന്നത്. ലോകമാകെയുള്ള ജനതതിയുടെ മനസ്സിനെ അത് അടക്കി ഭരിക്കുന്നു. വിവിധ രാജ്യങ്ങളിലെ ജനങ്ങൾ ഇംഗ്ലീഷിൽ പ്രാവീണ്യം നേടാൻ ആഗ്രഹിക്കുന്നു. പലയിടത്തും മാതൃഭാഷകൾ പിന്തള്ളപ്പെടുന്നു. ഉദാഹരണമായി സിങ്കപ്പൂരിലെ കാര്യം നോക്കാം. അവിടെ പഠനം പൂർണമായും ഇംഗ്ലീഷിലാണ്. അവിടുത്തെ ആളുകളിൽ പകുതിയലധികവും ഇപ്പോൾ ഇംഗ്ലീഷാണ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് എന്നതാണ് യാഥാർത്ഥ്യം. നമ്മുടെ നാട്ടിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള ഒഴുക്കും ഇതുമായി ചേർത്തു വായിക്കാം. ഇംഗ്ലീഷിലൂടെ പഠിച്ചാലേ- ഇംഗ്ലീഷ് പഠിച്ചാലേ എന്നല്ല- ജീവിതം ഭദ്രമാവൂ എന്നതാണ് തത്വശാസ്ത്രം. മനസ്സുകളുടെ അപകോളനീകരണമാണ് വേണ്ടതെന്ന കെനിയൻ എഴുത്തുകാരനായ എൻഗുഗി വാ തിയോങ്ങിന്റെ അഭിപ്രായം ഏറെ പ്രസക്തമാണ്. ഭാഷയെ സംബന്ധിച്ച കൊളോണിയൽ പാരമ്പര്യം കുറച്ചുകൊണ്ടു വരാൻ ഭാഷാനയങ്ങളും ആസൂത്രണവും പൊളിച്ചെഴുതണമെന്ന് ഫില്ലിപ്പ്സൺ ആവശ്യപ്പെടുന്നു. ഈയൊരു പശ്ചാത്തലത്തിൽ ഭാഷാസൂത്രണരംഗത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ഇടപെടലുകളെ പരിചയപ്പെടാം.

ഭാഷാസൂത്രണ മേഖലയിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ ചെറുതും വലുതുമായ രീതിയിൽ മിക്ക രാജ്യങ്ങളിലും നടന്നിട്ടുണ്ട്. അവ ഔദ്യോഗികമോ അനൌദ്യോഗികമോ ആവാം. അവയെ ഓരോന്നായി എടുത്ത് പരിശോധിക്കുക സാധ്യമല്ല. അതിനാൽ ഏതാനും ചില മാതൃകകളെയും ഏതാനും ചില സന്ദർഭങ്ങളെയും പരിചയപ്പെടുത്താനുള്ള ഒരു ശ്രമമാണ് തുടർന്നുള്ള ഭാഗത്ത് നടത്തുന്നത്. ഇതിനായി നാലു ധാരകളെ തിരഞ്ഞെടുക്കുന്നു. ഭാഷാസൂത്രണമേഖലയിൽ പ്രമുഖനായ കൂപ്പർ (Robert Leon Cooper) ചൂണ്ടിക്കാണിച്ച നാല് സന്ദർഭങ്ങൾ, യുനസ്കോയ്ക്കു വേണ്ടി കാൾ എർലാൻഡ് ഗഡേലി (Karl

Erland Gadelii) നടത്തിയ പഠനത്തിലെ ഒൻപത് രാജ്യങ്ങൾ, ആഫ്രിക്കയിലെ കോളനിയാനന്തര രാജ്യങ്ങളിലെ അനുഭവങ്ങൾ, സോവിയറ്റ് യൂനിയന്റെ തകർച്ചയ്ക്കുശേഷം അവിടുത്തെ റിപ്പബ്ലിക്കുകളിൽ പിന്നീടുണ്ടായ സംഭവങ്ങൾ എന്നിവയാണ് നാലു ധാരകളായി ഇവിടെ തിരഞ്ഞെടുക്കുന്നത്. ഇതിലൂടെ ലോകാവസ്ഥയുടെ ഒരു പരിച്ഛേദം ലഭിക്കുമെന്ന് കരുതുന്നു.

## കൂപ്പറിന്റെ നാലുമാതൃകകൾ

കൂപ്പറിന്റെ ലാംഗ്വേജ് പ്ലാനിങ്ങ് ഏന്റ് സോഷ്യൽ ചേഞ്ച് എന്ന പ്രസിദ്ധമായ പുസ്തകം ആരംഭിക്കുന്നത് ഒരു നിർവചനത്തിനായുള്ള അന്വേഷണത്തിലേക്ക് നാല് ഉദാഹരണങ്ങള് (Four examples in search of a definition) എന്ന അധ്യായത്തോടെയാണ്. വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത പ്രശ്നങ്ങളെ അഭിമുഖീകരിക്കാനായി നടത്തിയ ഭാഷാസൂത്രണ ശ്രമങ്ങളെ വിവരിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ നിർവചനത്തിലേക്കും വിശകലനങ്ങളിലേക്കും കടക്കുന്നത്. ഈ ഉദാഹരണങ്ങളിൽ തന്റെ താൽപ്പര്യങ്ങളും മുൻവിധികളും ഉണ്ടാവുമെന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും അവയോരോന്നും അത്യന്തം പ്രാധാന്യമർഹിക്കുന്നവയാണ്. ഫ്രഞ്ച് അക്കാദമിയുടെ സ്ഥാപനം, പലസ്തീനിലെ ഹീബ്രു ഭാഷയുടെ പുനരുജ്ജീവനം, അമേരിക്കൻ ഫെമിനിസ്റ്റുകളുടെ നേതൃത്വത്തിൽ ലിംഗ പക്ഷപാതമില്ലാത്ത ഭാഷാ പ്രയോഗത്തിനു (non-sexist language use) വേണ്ടി നടന്ന കാമ്പെയ്ൻ, എത്യോപ്യയിലെ വിപുലമായ സാക്ഷരതാ കാമ്പെയ്ൻ എന്നിവയാണ് കൂപ്പര് ഉദാഹരിച്ചവ. ഈ ഉദാഹരണങ്ങളിലൂടെ ഭാഷാസൂത്രണ സന്ദർഭങ്ങള് എത്രമാത്രം വൈവിധ്യം നിറഞ്ഞവയാണെന്നും, വ്യത്യസ്ത സന്ദർഭങ്ങളിൽ അവയുടെ ലക്ഷ്യങ്ങള് എങ്ങനെ സാമൂഹ്യമാറ്റത്തിന് കാരണമായിത്തീരുന്നുവെന്നും കൂപ്പർ വ്യക്തമാക്കുന്നു.

**ഫ്രഞ്ച് അക്കാദമി:**

ലോകചരിത്രത്തിൽ ഭാഷയ്ക്കുവേണ്ടി രൂപീകരിച്ച ആദ്യത്തെ അക്കാദമിയല്ല അക്കാദെമീ ഫ്രോസേസ് (Academie frangaise). എന്നു മാത്രമല്ല ഫ്രാൻസിൽ രൂപമെടുത്ത ആദ്യത്തെ സംരഭമാണ് അതെന്നു പോലും പറയാന് പറ്റില്ല. പക്ഷേ, ഭാഷാ അക്കാദമികളുടെ കൂട്ടത്തിൽ ശ്രേഷ്ഠവും ബഹുമാന്യവുമായ ഒന്നെന്ന നിലയിൽ അതെന്നും ഉയർന്നു നിൽക്കും.

ലൂയി പതിമൂന്നാമന്റെ മുഖ്യമന്ത്രിയായിരുന്ന കർദ്ദിനാൾ റീഷ്ല്യൂവിന്റെ ( റീഷ്ല്യൂവിലെ ഡ്യൂക്ക് ആയിരുന്ന അർമോ ഷോ ദ്യൂ പ്ലെസ്സി - Armand Jean du Plessis പൊതുവെ കർദ്ദിനാല് റീഷ്ല്യൂ എന്നാണ് അറിയപ്പെടുന്നത്) നേതൃത്വത്തിൽ 1634 ലാണ് അക്കാദെമീ ഫ്രോസേസ് സ്ഥാപിതമാവുന്നത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ക്രമം (order) കൊണ്ടുവരിക എന്ന ആശയക്കാരനായിരുന്നു റീഷ്ല്യൂ. ക്രമരഹിതമായതിനെ ക്രമീകരിക്കാനാണ് രാജാവിനേയും തന്നേയും ദൈവം ചുമതലപ്പെടുത്തിയത് എന്ന് അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചു. ഭരണത്തിൽ, സാഹിത്യത്തിൽ, കലയിൽ എല്ലാം ക്രമം വേണം. അതിനായി ഭരണകൂടം അവയിലെല്ലാം നിയന്ത്രണങ്ങൾ കൊണ്ടുവരണം. രാഷ്ട്രീയമോ സൈനികമോ ആയ വിജയങ്ങൾക്കപ്പുറം ഭരണാധികാരികള് ഓർമിക്കപ്പെടുക അവര് കലാരംഗത്ത് കൈവരിച്ച നേട്ടങ്ങളെ മുൻനിർത്തിയാണ് എന്ന് റീഷ്ല്യൂ കരുതി.

1793 ൽ ഫ്രഞ്ചു വിപ്ലവകാലത്ത് അക്കാദമി അടിച്ചമർത്തപ്പെട്ടെങ്കിലും 1803 ൽ നെപോലിയോന് ബോണപ്പാർത്തി (Nepoleon Bonaparte) നാൽ ആങ്സ്റ്റിത്ത്യൂദ് ദ് ഫ്രോസി (Institute de France)ന്റെ ഉപവിഭാഗമായി അത് പുനഃസ്ഥാപിക്കപ്പെട്ടു. അക്കാദമിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പരമാവധി എണ്ണം നാൽപ്പത് ആയി നിജപ്പെടുത്തിയിരിക്കുന്നു. ആജീവനാന്തമാണ് അക്കാദമിയിലെ അംഗത്വം. അതുകൊണ്ടുതന്നെ അംഗങ്ങളെ

അനശ്വരന്മാർ എന്നാണ് പറയാറുള്ളത്. അവർക്ക് വേണമെങ്കിൽ രാജിവെച്ച് പുറത്തുപോവാം. അക്കാദമിക്ക് നിരക്കാത്ത പ്രവൃത്തികളിലേർപ്പെടുന്നവരെ പുറത്താക്കും. പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് നിലവിലുള്ള അംഗങ്ങളാണ്. ഫ്രഞ്ചിലെ അഗ്രഗണ്യന്മാരായ എഴുത്തുകാരെല്ലാം വിവിധ കാലങ്ങളിൽ അക്കാദമിയുടെ അംഗങ്ങളായിട്ടുണ്ട്.

ഫ്രഞ്ച് അക്കാദമിയുടെ രൂപീകരണത്തിലേക്ക് നയിച്ചവയായി പരസ്പരബന്ധിതമായ നാലു കാര്യങ്ങളെ ക്ലൂപ്പർ ചൂണ്ടിക്കാണിക്കുന്നു. ക്ലാസിക്കൽ എഴുത്തുകാരാൽ അവബോധം നിർമിക്കപ്പെട്ടവരും ശൈലികൾക്ക് പ്രാധാന്യം കൊടുക്കുകയും ചെയ്ത ഫ്രാൻസിലെ വരേണ്യവർഗം, പതിനാറാം നൂറ്റാണ്ടിലുടലെടുത്ത അരാജക പ്രവണതകളിൽ നിന്ന് മോചനം നേടാനും സമാധാനവും നിയമവ്യവസ്ഥയും പുലർന്നുകാണാനുമുള്ള ജനങ്ങളുടെ അഭിലാഷം, ലാറ്റിനു പകരം വിവിധ മണ്ഡലങ്ങളിൽ ഫ്രഞ്ച് ഭാഷയെ സ്ഥാപിക്കാന് നടന്നുവന്ന ശ്രമങ്ങൾ, കവി ഫ്രാങ്സ്വാ ദ് മാലേർബ് (Francois de Malherbe) യുടെ നേതൃത്വത്തിൽ ആരംഭിച്ച ഫ്രഞ്ച് ശുദ്ധീകരണ പ്രസ്ഥാനം എന്നിവയാണവ. പതിനേഴാം നൂറ്റാണ്ടിന്റെ തുടക്കം വരെയും ഫ്രാൻസിലെ സ്കൂളുകളിൽ ഫ്രഞ്ച് പഠിപ്പിച്ചിരുന്നില്ല. ലാറ്റിനായിരുന്നു പഠനമാധ്യമം. റെനെ ദെക്കാർത്ത് യുടെ ദിസ്കൂര് ദ് ലാ മെത്തേദ് (Discours de la méthode) ആണ് ഫ്രഞ്ചിലെഴുതപ്പെട്ട ആദ്യത്തെ പണ്ഡിതഗ്രന്ഥം. പക്ഷേ, 1637 വരെയും അത് പുറത്തുവന്നില്ല. ആദ്യമായി ഫ്രഞ്ച് ഭാഷയിലെഴുതിയ ദൈവശാസ്ത്ര പണ്ഡിതൻ റീഷ്‌ല്യൂ ആയിരുന്നു. ദൈവശാസ്ത്ര വിവരണങ്ങൾ ഫ്രഞ്ചിൽ അവതരിപ്പിക്കുന്ന രീതിക്ക് തുടക്കമിട്ടതും അദ്ദേഹം തന്നെ.

ശുദ്ധീകരണ പ്രസ്ഥാനത്തിന്റെ തലപ്പത്തുണ്ടായിരുന്ന കവി ഫ്രാങ്സ്വാ ദ് മാലേർബ് ഫ്രഞ്ച് ഭാഷയുടെ ശുദ്ധീകരണത്തിന് ആത്മസമർപ്പണം ചെയ്ത വ്യക്തിയായിരുന്നു. മരണക്കിടക്കയിൽ കിടക്കുമ്പോഴും നഴ്സ് തെറ്റായി നടത്തിയ ഒരു ഭാഷാപ്രയോഗത്തിന്

അദ്ദേഹം വഴക്കു പറഞ്ഞത്രേ!മാത്രവുമല്ല ഇനി രക്ഷകനിൽ മാത്രം ശ്രദ്ധയർപ്പിക്കാൻ, കുമ്പസാരം ഏറ്റുവാങ്ങാൻ വന്ന പുരോഹിതൻ പറഞ്ഞപ്പോള് ഫ്രഞ്ച് ഭാഷയുടെ ശുദ്ധിയെ ഉയർത്തിപ്പിടിക്കാൻ താൻ ആഗ്രഹിക്കുന്നുവെന്നായിരുന്നു പോലും അദ്ദേഹത്തിന്റെ മറുപടി!!പതിനാറാം നൂറ്റാണ്ടിൽ ഫ്രഞ്ച് സാഹിത്യത്തിൽ ഉണ്ടായ ചലനങ്ങളെ തുടർന്ന് ഗ്രീക്ക്,ലാറ്റിൻ ഭാഷകളിൽ നിന്ന് പദങ്ങള് കടം കൊണ്ടതോടൊപ്പം ഫ്രാൻസിലെ പ്രാദേശികഭാഷാഭേദങ്ങളിൽ നിന്നും ഇഷ്ടംപോലെ പദങ്ങളും ശൈലികളും കടംകൊണ്ടിരുന്നു. ഭാഷാഭേദങ്ങളിൽ നിന്നും സ്വീകരിച്ച 'സ്പഷ്ട'മല്ലാത്തതും പ്രചാരലുപ്തവുമായ വാക്കുകളെ ഒഴിവാക്കാനുള്ള ശ്രമങ്ങളാണ് ശുദ്ധീകരണ പ്രസ്ഥാനത്തിന്റെ ഭാഗത്തു നിന്നുമുണ്ടായത്. സാഹിത്യഭാഷ ഏതൊരാൾക്കും ഉൾക്കൊള്ളാൻ കഴിയുന്നതായിരിക്കണമെന്ന് അവർ കരുതി.വരേണ്യവർഗത്തിന്റെ പ്രയോഗങ്ങള് മികച്ചവയായും ജനസാമാന്യത്തിന്റെ പ്രയോഗങ്ങള് നിലവാരം കുറഞ്ഞവയുമായി വിലയിരുത്തപ്പെട്ടു എന്നതാണ് സംഭവിച്ചത്. ഭാഷയെക്കുറിച്ച് അന്തിമമായ അഭിപ്രായം പറയേണ്ടവർ പാരീസിലുള്ള കുലീനരായുള്ള ഒരുപിടി ആളുകളാണെന്ന് മാലേർബും ശുദ്ധീകരണ പ്രസ്ഥാനക്കാരും കരുതി.

അക്കാദമിയുടെ ചരിത്രം ഫ്രഞ്ച് ആചാരമനുസരിച്ചുള്ള സലോണുകളിൽ (salon)നിന്നേ പറഞ്ഞു തുടങ്ങാനാവൂ.കുലീനസ്ത്രീകൾ അതിഥികളെ സൽക്കരിച്ചുപോന്ന മുറികളാണ് അങ്ങനെ അറിയപ്പെട്ടുപോന്നിരുന്നത്. തുടർച്ചയായി നടക്കുന്ന ഇത്തരം കൂടിച്ചേരലുകളിൽ സാഹിത്യവും വൈജ്ഞാനികവിഷയങ്ങളും ചർച്ചചെയ്തു പോന്നു.അക്കാലത്ത് ഏറെ പ്രശസ്തമായ സലോണ് കാത്‌റീൻ ദ് വിവോന് (Catherine de Vivonne) ആതിഥേയയായുള്ള ഓതൽ ദ് റാംബൂയ്യേ (Hotel de Rambouillet) ആയിരുന്നു. പ്രഭുക്കന്മാരും പ്രമുഖരായ എഴുത്തുകാരുമെല്ലാം ഓതൽ ദ് റാംബൂയ്യേയിലെ പതിവുകാരായിരുന്നു. എഴുത്തുകാർ അവരുടെ രചനകൾ അവിടെ

വായിക്കുകയും സദസ്സ് അത് ചർച്ച ചെയ്യുകയും ചെയ്തുപോന്നു. ശുദ്ധീകരണ പ്രസ്ഥാനത്തെ പിന്തുണയ്ക്കുന്ന ഈ കൂട്ടായ്മ വ്യാകരണകാര്യങ്ങളും പദസംബന്ധിയായ കാര്യങ്ങളും അതീവ ഗൌരവത്തോടെ ചർച്ച ചെയ്യുമായിരുന്നു. വാലെന്തോം കോൺറാർ (Valentin Conrart) ഈ സദസ്സിലെ ഒരു സ്ഥിരം പങ്കാളിയായിരുന്നു. കുറച്ച് കാലത്തിന് ശേഷം ഭാഷയിലും സാഹിത്യത്തിലും തൽപപ്പരരായ ഏതാനും ചെറുപ്പക്കാർ കോൺറാറിന്റെ വീട്ടിൽ ആഴ്ചയിലൊരിക്കൽ ഒത്തുചേരുക പതിവായി. തികഞ്ഞ അനൌപചാരികതയായിരുന്നു ഈ കൂട്ടായ്മയുടെ പ്രത്യേകത. അവർ ഓരോരുത്തരും എഴുതിയത് വായിക്കുകയും മറ്റുള്ളവർ അഭിപ്രായം പറയുകയും ചെയ്തു. ഇതിൽ ചിലര് റാംബൂയ്യേയിലെ പതിവുകാരായിരുന്നെങ്കിലും ഇവിടുത്തെ തുറന്ന അന്തരീക്ഷം, പ്രത്യേകിച്ച് പുരുഷന്മാർ മാത്രം ഒത്തുചേരുന്നതിന്റെ സ്വാതന്ത്ര്യം ഇഷ്ടപ്പെട്ടു. ഈ ഒത്തുചേരലുകൾ വളരെ രഹസ്യമായാണ് സംഘടിപ്പിച്ചിരുന്നത്. എങ്കിലും ഒൻപതുപേരിൽ തുടങ്ങിയ ആ സംഘത്തിന്റെ അംഗങ്ങളുടെ എണ്ണം പതിയെ കൂടിവന്നു. അവിടത്തെ ചർച്ചകളിൽ ആവേശഭരിതനായ ഒരു പുതിയ അംഗം റീഷ്ല്യൂവിനോട് (അദ്ദേഹം റീഷ്ല്യൂവിന്റെ ആശ്രിതനായിരുന്നു) സംഘത്തെക്കുറിച്ച് പറഞ്ഞു. റീഷ്ല്യൂവിന്റെ ബുദ്ധിയിൽ ഈ സ്വകാര്യ ക്ലബ്ബിനെ രാഷ്ട്രത്തെ സേവിക്കുന്ന ഒരു ഇൻസ്റ്റിറ്റ്യൂഷനായി വളർത്താനുള്ള സാധ്യത തെളിഞ്ഞു. റീഷ്ല്യൂ ഔദ്യോഗികമായി ക്ലബ്ബ് അംഗങ്ങൾക്ക് ഒരു കത്തെഴുതി. ഔപചാരികമായ ഒരു സംവിധാനമായി അവരുടെ ക്ലബ്ബിനെ മാറ്റാനുള്ള ക്ഷണമായിരുന്നു അത്. തങ്ങളുടെ സ്വാതന്ത്ര്യവും അനൌപചാരികതയും നഷ്ടപ്പെടുന്ന ദുഃഖത്തോടെയാണെങ്കിലും അവർക്ക് അതിന് വഴങ്ങേണ്ടി വന്നു. പലതവണ ചർച്ച ചെയ്താണ് അക്കാദെമീ ഫ്രോസേസ് എന്ന പേരിലേക്കെത്തുന്നത്. കോൺറാറിനെ സെക്രട്ടറിയായും അംഗങ്ങളുടെ പരമാവധി എണ്ണം 27ആയും നിശ്ചയിച്ചു. പുതിയ സംഘടനയുടെ ആദ്യയോഗം 1634 മാർച്ച് 13 ന് നടന്നു. റീഷ്ല്യൂവിന്റെ നേതൃത്വത്തിലുള്ള ഒരു സംവിധാനത്തോട്

പാർലമെന്റിന് എതിർപ്പുണ്ടായിരുന്നെങ്കിലും അതിന്റെ പ്രാമാണികത ഫ്രഞ്ച് ഭാഷയുടെ കാര്യത്തിൽ മാത്രമാക്കി അവരതിന് അംഗീകാരം നൽകി. പുരുഷ കൂട്ടായ്മയിൽ നിന്ന് 1634 ൽ തുടങ്ങിയ ഫ്രഞ്ച് അക്കാദമിയിൽ ഒരു വനിതയ്ക്ക് അംഗത്വം ലഭിക്കാന് 1988 വരെ കാത്തിരിക്കേണ്ടി വന്നു എന്നത് മറ്റൊരു ചരിത്രസത്യം.

ഒരു സ്വകാര്യക്ലബ്ബിനെ ഔപചാരികമായ അക്കാദമിയാക്കി മാറ്റുന്നതിൽ തീർച്ചയായും റീഷ്ല്യൂവിന് രാഷ്ട്രീയപരമായ ആവശ്യങ്ങളുണ്ടായിരുന്നു. തന്റെ നയങ്ങൾക്കനുകൂലമായി എഴുത്തുകാരെ മാറ്റിയെടുക്കുകയും അണിനിരത്തുകയും ചെയ്യുക എന്നതായിരുന്നു അത്. അതുകൊണ്ടു തന്നെ എപ്പോഴും റീഷ്ല്യൂവിന്റെ ചരടുകള് അക്കാദമിക്കുമുകളിലുണ്ടായിരുന്നു ഒരർത്ഥത്തിൽ റീഷ്ല്യൂ എന്ന സൂര്യനും അക്കാദമി അംഗങ്ങളാകുന്ന ഗ്രഹങ്ങളും എന്നതായിരുന്നു സ്ഥിതി. റീഷ്ല്യൂവിനെയും രാജാവിനെയും സ്തുതിച്ചുകൊണ്ടുള്ള കൃതികള് ഉണ്ടായി. എങ്കിലും അദ്ദേഹം അക്കാദമിയുടെ പ്രാഥമിക ലക്ഷ്യമായി ഭാഷയുടെ വ്യവസ്ഥാപനത്തെ ലക്ഷ്യം വെച്ചു. ശുദ്ധീകരണത്തിനപ്പുറം പ്രമുഖ ഭാഷകളെപ്പോലെ എല്ലാ മണ്ഡലങ്ങളിലും ഫ്രഞ്ചിനെ സജ്ജമാക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ശാസ്ത്രത്തിന്റെയും മറ്റു വിജ്ഞാനങ്ങളുടെയും രംഗത്ത് ലാറ്റിനെ മറികടക്കണം. ഭാഷയെക്കുറിച്ചുള്ള സുവ്യക്തമായ നിയമങ്ങളുണ്ടാക്കുക, അതിനെ ശുദ്ധവും വശ്യവചസ്സുമായ ഒന്നാക്കി മാറ്റുക, ശാസ്ത്രത്തേയും സാഹിത്യത്തേയും കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാക്കുക എന്നീ ലക്ഷ്യങ്ങൾ അക്കാദമിയുടെ നിയമാവലിയിൽ എഴുതിച്ചേർത്തു. ദീർഘകാല ലക്ഷ്യങ്ങളിൽ വ്യാകരണം, നിഘണ്ടു, അലങ്കാരശാസ്ത്രം, കാവ്യമീമാംസ എന്നിവയുടെ നിർമാണവും ഉൾച്ചേർന്നിരുന്നു.

വ്യാകരണഗ്രന്ഥത്തിന്റെ നിർമാണം ഉടനടി ആരംഭിച്ചിരുന്നെങ്കിലും പിന്നീടത് നിരോധിക്കപ്പെട്ടു. നിഘണ്ടുവിന്റെ നിർമാണം മുന്നോട്ടുപോയി. ഇതുവരെയായി നിഘണ്ടുവിന്റെ പതിമൂന്ന്എഡിഷനുകളാണ് പുറത്തിറങ്ങിയത്. അവയിൽ മൂന്നെണ്ണം

പ്രാഥമിക നിഘണ്ടുക്കളായിരുന്നു. എട്ടെണ്ണം സമ്പൂർണ നിഘണ്ടുക്കളായിരുന്നു. രണ്ടെണ്ണം പ്രത്യേക പദങ്ങൾക്കുള്ള സപ്ലിമെന്റുകളായിരുന്നു. സമ്പൂർണ നിഘണ്ടുവിന്റെ ഒൻപതാം എഡിഷന്റെ നിർമാണമാണ് ഇപ്പോള് നടന്നുകൊണ്ടിരിക്കുന്നത്. 2011 ൽ അതിന്റെ മൂന്നാം വാല്യം പുറത്തിറങ്ങി.

ഫ്രഞ്ച് അക്കാദമിയുടെ രൂപീകരണത്തെ അത് രൂപപ്പെട്ട സാമൂഹ്യസാഹചര്യവുമായി ചേർത്ത് വായിക്കേണ്ടിന്റെ പ്രാധാന്യം കൂപ്പർ ഊന്നിപ്പറയുന്നു. ഒന്നിച്ച് ചേർന്നൊഴുകിയ നിരവധി സംഭവങ്ങളുടെയും സാഹചര്യങ്ങളുടെയും ഒരു ഉൽപ്പന്നമായിരുന്നു അത്. അക്കാദമിയുടെ രൂപീകരണം പതിനേഴാം നൂറ്റാണ്ടിലെ ഫ്രാൻസിന് ഒഴിവാക്കാൻ പറ്റുമായിരുന്നില്ല.

**ഹീബ്രുവിന്റെ സ്ഥാനോന്നതി:**

റോമാസാമ്രാജ്യത്തിന്റെ കാലം തൊട്ട് നിരവധി പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ടാണ് ജൂതമത വിശ്വാസികള് അവരുടെ അതിജീവനം നടത്തിയത്. പത്തൊമ്പതാം നൂറ്റാണ്ട് ആവുമ്പോഴേക്കും പലസ്തീനിൽ വളരെക്കുറച്ച് ജൂതരേ അവശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. പലസ്തീനാകട്ടെ അവരെ സംബന്ധിച്ച് വാഗ്ദത്ത ഭൂമിയായിരുന്നു താനും. തങ്ങളുടെ പ്രിയപ്പെട്ട ഭൂമിയിൽ താമസിക്കാനും പഠിക്കാനും മരണാനന്തരം അടക്കപ്പെടാനുമായി മറ്റ് പ്രദേശങ്ങളിലുള്ള ജൂതർ പലസ്തീനിലേക്ക് കുടിയേറാൻ ആഗ്രഹിച്ചു. എങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഇത് ചെറിയ തോതിലായിരുന്നു നടന്നിരുന്നത്. ക്രമേണ കുടിയേറ്റത്തിന്റെ തോത് കൂടിവന്നു. 1850-1880 കാലഘട്ടത്തിൽ 25000 ത്തോളം ജൂതന്മാർ കുടിയേറിതായി കണക്കാക്കുന്നു. പലസ്തീനിൽ അന്ന് നിലവിലുണ്ടായിരുന്ന ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ അത് വലിയ തോതിലുള്ള കുടിയേറ്റമായിരുന്നു.

ജൂതജനസംഖ്യ വർധിച്ചുവന്നുവെങ്കിലും അവര് പല ഭാഷകള് സംസാരിക്കുന്ന പല സാമൂഹ്യവിഭാഗങ്ങളായിരുന്നു. കിഴക്കൻ

യൂറോപ്പിൽ നിന്നു വന്നവര് യിദ്ദിഷ് ഭാഷ സംസാരിക്കുന്നവരായിരുന്നു. പഴയ ഓട്ടോമൻ സാമ്രാജ്യത്തിന്റെ ഭാഗങ്ങളിൽ നിന്ന് വന്നവരും ബാൽക്കന് ദ്വീപുകളിൽ നിന്ന് വന്നവരും ജൂദേസ്മോയോ(Judezmo) അറബിയോ സംസാരിക്കുന്നവരായിരുന്നു. വടക്കൻ ആഫ്രിക്കയിൽ നിന്നും പടിഞ്ഞാറൻ ഏഷ്യയിൽ നിന്നും വന്നവര് അറബിയുടെ മറ്റൊരു വകഭേദം ഉപയോഗിക്കുന്നവരായിരുന്നു. എങ്കിലും ഇതിനിടയിലും അവരെ ഒരുമിപ്പിക്കുന്ന മറ്റൊരു ഘടകമുണ്ടായിരുന്നു. അത് ഹീബ്രു എന്ന ഭാഷയായിരുന്നു. സിഇ 200ലെങ്കിലും പൊതുവായി ഉപയോഗിക്കപ്പെടുന്ന ഒരു ഭാഷ എന്ന നിലയിൽ നിന്ന് ഹീബ്രു ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എങ്കിലും അത് ലിഖിതരൂപത്തിൽ പ്രാർത്ഥനകള്, പുണ്യഗ്രന്ഥങ്ങൾ, തത്വശാസ്ത്രഗ്രന്ഥങ്ങൾ തുടങ്ങിയവയിൽ നിലനിന്നു. പതിനെട്ടാം നൂറ്റാണ്ടിൽ അത് ബെല്ലസ് ലെട (belles lettres)യുടെ ഒരു പ്രധാന മാധ്യമമായി ഉപയോഗിച്ചു പോന്നു. കഥ, കവിത, നാടകം തുടങ്ങിയ സാധാരണ രൂപങ്ങളൊന്നുമല്ലാത്ത, എന്നാൽ സൌന്ദര്യശാസ്ത്രത്തിൽ ഊന്നുന്ന ഒരു പ്രത്യേക വിഭാഗം സാഹിത്യകൃതികളെയാണ് ബെല്ലസ് ലെട എന്ന് വിശേഷിപ്പിച്ചു പോരുന്നത്. ഭംഗിയുള്ള/മികച്ച എഴുത്ത് എന്നൊക്കെയാണ് ആ പദത്തിന്റെ അർത്ഥം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറി ക്കിടക്കുമ്പോഴും, പത്തൊമ്പതാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ ഭൂരിഭാഗം ജൂതർക്കും- പ്രത്യേകിച്ച് പുരുഷന്മാർക്ക് ഹീബ്രു അറിയാമായിരുന്നു. പലർക്കും അത് എഴുതാനും കഴിയുമായിരുന്നു. ഭാഷയെന്ന നിലയിൽ അതിന്റെ പരിത്യാഗത്തിനും പിന്നീടുള്ള പുനരുജ്ജീവനത്തിനും ഇടയിൽ അത് പ്രാർത്ഥനകൾക്കും സാഹിത്യകാര്യങ്ങൾക്കും മാത്രമായി ഉപയോഗിക്കപ്പെട്ടു. അപൂർവം സന്ദർഭങ്ങളിൽ ഒരു ബന്ധഭാഷ (lingua franca) എന്ന നിലയിലും.

സാമൂഹ്യ ഭാഷാശാസ്ത്രജ്ഞർ ഹീബ്രുവിന്റെ മുന്നേറ്റത്തെക്കുറിക്കുവാന് വ്യത്യസ്ത പദങ്ങള് തേടുന്നുണ്ട്. മറ്റു പണ്ഡിതന്മാരുടെ അഭിപ്രായങ്ങളോട് യോജിച്ചുകൊണ്ട്, ഹിബ്രുവിന്റെ

പുനരുജ്ജീവനം (revival) എന്ന് പറയുന്നത് ഒരു തെറ്റായ പദപ്രയോഗമാണെന്ന് കൂപ്പറും രേഖപ്പെടുത്തുന്നു. എങ്കിലും റിവൈവൽ എന്ന പദം നിത്യജീവിതത്തിലെ സംസാരഭാഷ എന്ന നിലയിലേക്കുള്ള ഹീബ്രുവിന്റെ പുനരുജ്ജീവനത്തെ സൂചിപ്പിക്കാൻ അദ്ദേഹം ഉപയോഗിക്കുന്നു. അക്കാദമി ഓഫ് ഹീബ്രുവിലെ ഷ്ളോമോ മൊറാഗ് (Shlomo Morag) ഹീബ്രു റിവൈവൽ എന്നതിനു പകരം ഹീബ്രുവിലേക്കുള്ള പൂർണമടക്കം (Full Return to Hebrew) എന്ന പ്രയോഗം നിർദേശിക്കുന്നു.

യൂറോപ്യൻ ദേശീയപ്രസ്ഥാനങ്ങളുടെ സ്വാധീനം ഉൾക്കൊണ്ടുകൊണ്ട് 1880 കളിലാണ് പലസ്തീനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും ഹീബ്രുവിന്റെ പുനരുജ്ജീവന ശ്രമങ്ങള് ആരംഭിച്ചത്. ജനങ്ങളുടെ ഭാഷ ദേശീയതയിൽ നിന്നും വേർതിരിക്കാനാവാത്തതാണെന്ന കാഴ്ചപ്പാടിന്റെ ഭാഗമായിരുന്നു ഇത്. ദേശീയമായ ആത്മബോധവും അഭിലാഷങ്ങളും കെട്ടിപ്പടുക്കാനുള്ള മികച്ച ഒരു പ്രതിരൂപമായിരുന്നു അവർക്ക് ഭാഷ. ഹീബ്രുവിന് നൽകുന്ന പ്രോത്സാഹനം ജൂതർക്കിടയിൽ ആത്മബോധം വളർത്താനും അവരുടെ രാഷ്ട്രീയ സ്വയംനിർണയാവകാശവാദത്തിന് പുറത്തുനിന്ന് പിന്തുണ ആർജിക്കാനും സഹായകമായിരുന്നു. ഒരു പൊതുഭാഷ അത് സംസാരിക്കുന്നവരുടെ ഐക്യത്തെ അടയാളപ്പെടുത്തുന്നു. ഒപ്പം അവരുടെ ഏകാത്മകതയെ വെളിപ്പെടുത്തുന്നു. അവരുടെ സ്വയംഭരണത്തിനു വേണ്ടിയുള്ള പോരാട്ടത്തെയും സ്വത്വ നിർദ്ധാരണത്തെയും അത് ഉറക്കെ പ്രഖ്യാപിക്കുന്നു. സാമൂഹ്യമാറ്റത്തിനു വേണ്ടിയുള്ള പോരാട്ടത്തിലെ ഒരു ഉപകരണം (tool)ആയിരുന്നു ഹീബ്രുവിന്റെ പുനരുജ്ജീവനമെന്ന് കൂപ്പർ പറയുന്നു.

ദേശീയതയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന യൂറോപ്യന് ഭാഷാപോഷണ ശ്രമങ്ങളിൽ നിന്ന് ഹീബ്രുവിന്ന് വേണ്ടി നടന്ന പ്രവർത്തനങ്ങള് വ്യത്യസ്തമായിരുന്നു. ആദ്യത്തേത് ഭാഷയെ സാഹിത്യത്തിന്റേയും സംസ്കാരത്തിന്റേയും കൂടുതൽ മെച്ചപ്പെട്ട

തലങ്ങളിലേക്ക് വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളായിരുന്നെങ്കിൽ സാഹിത്യത്തിൽ മാത്രം നിലനിന്നുപോന്ന ഒരു ഭാഷയെ നിത്യജീവിത വ്യവഹാരങ്ങളിലേക്ക് പുനഃപ്രതിഷ്ഠിക്കാനുള്ള ശ്രമമായിരുന്നു ഹീബ്രുവിന്റേത് എന്ന് പറയാം. വിവിധ നാട്ടുഭാഷകളാൽ വിഭജിക്കപ്പെട്ട ജൂതന്മാരെ ഒരുമിപ്പിക്കാനും ഹീബ്രുവിന് കഴിഞ്ഞു. 1881 ൽ റഷ്യയിലെ സാർ അലക്സാണ്ടര് രണ്ടാമന് ചക്രവർത്തിയുടെ അടിച്ചമർത്തലുകളിൽ നിന്ന് പലായനം ചെയ്ത് പലസ്തീനിലെത്തിയ ജൂതന്മാരിൽ നിരവധിപേർ യൂറോപ്യന് ദേശീയ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ട ചെറുപ്പക്കാരായ ബുദ്ധിജീവികളായിരുന്നു. അവർ റഷ്യയിലെ ജീവിതാനുഭവങ്ങളിൽ നിന്ന് വ്യത്യസ്തവും മെച്ചപ്പെട്ടതുമായ ഒരു ലോകം വിഭാവനം ചെയ്തു. അവരിലൊരാളായിരുന്ന എലിസർ ബെന് യഹൂദ.സ്ഥിരോത്സാഹിയായ ഒരു ഹീബ്രുഭാഷാസ്നേഹി.ഹീബ്രുവിനെ എല്ലാ തലങ്ങളിലും ഉപയോഗിക്കാവുന്ന ഒരു നാട്ടുഭാഷയായി വളർത്താമെന്ന ബെന് യഹൂദയുടെ നിർദേശത്തെ അവരെല്ലാം സ്വാഗതം ചെയ്തു. പൂർവികരുടെ ഭാഷ അതിന്റെ ജന്മനാട്ടിൽ ഉപയോഗിക്കുന്നതുവഴി ജൂതർക്ക് അവരുടെ നാട്ടുമായുള്ള ബന്ധത്തെ പ്രതീകവൽക്കരിക്കാമെന്നും അത് സ്വന്തമായി ഒരു രാഷ്ട്രമെന്ന അവരുടെ ആശയത്തെ നീതീകരിക്കുമെന്നും ബെൻ യഹൂദ കരുതി. ഒപ്പം മതേതരമായ ആവശ്യങ്ങൾക്ക് ഹീബ്രു ഉപയോഗിക്കാത്ത പലസ്തീനിലെ പരമ്പരാഗത താമസക്കാരായ ജൂതന്മാരിൽ നിന്ന് പുതിയ കുടിയേറ്റക്കാരെ തിരിച്ചറിയാൻ ഹീബ്രു ഉപയോഗം സഹായിക്കും. മാത്രവുമല്ല സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ നേതൃസ്ഥാനത്ത് എത്തിച്ചേരാൻ അത് അവരെ സഹായിക്കുമെന്നും അദ്ദേഹം കരുതി.ആരംഭകാലത്ത് വീട്ടിൽ ഹീബ്രു മാത്രം സംസാരിക്കുന്ന കുടുംബം ബെൻ യഹൂദയുടേത് മാത്രമായിരുന്നു. ക്രമേണ അത്തരം കുടുംബങ്ങളുടെ എണ്ണം കൂടി വന്നു.

1881നും 1903 നും ഇടയിൽ വീണ്ടും ഇരുപതിനായിരത്തിനും മുപ്പതിനായിരത്തിനും ഇടയിൽ ജൂതന്മാര് പലസ്തീനിലേക്ക്

എത്തിച്ചേരുന്നുണ്ട്. കുടിയേറ്റ മേഖലകളിലെ സ്കൂളുകളിൽ ഹീബ്രു പഠനമാധ്യമമായി ഉപയോഗിക്കാനുള്ള ബെൻ യഹൂദയുടെ ആശയത്തെ അവർ വളരെ പെട്ടെന്ന് ഉൾക്കൊള്ളാന് തയ്യാറായി. 1898ൽ കിന്റർഗാർട്ടനുകളും 1906 ൽ ഹൈസ്കൂളുകളും അരംഭിച്ചു.1900- 1910 കാലമാവുമ്പോഴേക്കും ഈ വിദ്യാഭ്യാസധാരയിൽ കൂടി കടന്നുപോയവര് വിവാഹിതരാവാൻ തുടങ്ങിയിരുന്നു. ആ തലമുറ സ്വാഭാവികതയോടെയും ഒഴുക്കോടെയും ഹീബ്രുഭാഷ കൈകാര്യം ചെയ്യാൻ കഴിയുന്നവരായിരുന്നു. അവരുടെ കുഞ്ഞുങ്ങളാകട്ടെ ഹീബ്രു മാത്രം വീട്ടിൽ ഉപയോഗിക്കുന്ന അന്തരീക്ഷത്തിലൂടെ വളരാനും തുടങ്ങി. അങ്ങനെ 1700 കൊല്ലങ്ങൾക്കു ശേഷം ഹീബ്രുഭാഷ മാത്രം അറിയാവുന്ന ഒരു പുതുതലമുറ രൂപപ്പെട്ടു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനവും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവുമായി പലസ്തീനിലെ ജൂതന്മാരുടെ ദൈനംദിനജീവിതത്തിന്റെ മുഖ്യഭാഷയായി ഹീബ്രുവിനെ മാറ്റാനുള്ള ശ്രമം അവരുടെ ദേശീയ അഭിലാഷങ്ങളുമായി പൊരുത്തപ്പെട്ടവയാണെന്ന് കൂപ്പർ നിരീക്ഷിച്ചു.അതിനു വേണ്ടി അവർ നേരിടേണ്ടി വന്ന പ്രതിസന്ധികളെക്കുറിച്ച് മനസ്സിലാക്കുമ്പോഴേ അവരുടെ ഭാഷയോടുള്ള പ്രതിബദ്ധതയുടെ ആഴം മനസ്സിലാവുകയുള്ളൂ. നിത്യജീവിതവുമായി ബന്ധപ്പെട്ട പല വാക്കുകളും ഇല്ലായിരുന്നു.ഹീബ്രു പദാവലിയെ വലിയ തോതിൽ വിപുലീകരിക്കുകയും ആധുനികീകരിക്കുകയും വേണ്ടിയിരുന്നു.ഹീബ്രു നിഘണ്ടുവിന്റെ നിർമാണത്തിനു വേണ്ടി ബെന് യഹൂദ ചിലവിട്ടത് അരനൂറ്റാണ്ടു കാലമാണ്.അദ്ദേഹത്തിന്റെ കഠിനശ്രമങ്ങളെ 'മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം' എന്ന ഗ്രന്ഥത്തിൽ പി പവിത്രന് വിശദമായി മലയാളികൾക്ക് പരിചയപ്പെടുത്തിയിട്ടുണ്ട്.വിവിധ ലൈബ്രറികളിലെ പഴയകാല ഗ്രന്ഥങ്ങൾ തേടിപ്പിടിച്ചും ഹീബ്രുവുമായി ബന്ധമുള്ള ഗോത്രഭാഷകളിൽ നിന്ന് പദങ്ങൾ വലിയതോതിൽ സ്വീകരിച്ചുകൊണ്ടുമാണ് അദ്ദേഹം ആ ദൌത്യം മുന്നോട്ടു നീക്കിയത്. അപ്പോഴും ഒരു പ്രശ്നം

ബാക്കിയായിരുന്നു.പുതിയകാലത്തിന്റെ ആവശ്യങ്ങൾക്കുള്ള വാക്കുകള് എങ്ങനെ കണ്ടെത്തുമെന്നത്. അദ്ദേഹം പുതിയ വാക്കുകൾ നിർമിക്കുകയും അവ പത്രങ്ങളിലൂടെ പരിചയപ്പെടുത്തുകയും ചെയ്തു. പതിനാറു വാല്യങ്ങളിലായി തയ്യാറാക്കിയ ആ ബൃഹദ് നിഘണ്ടുവിൽ ഓരോ വാക്കിന്റെയും വിശദീകരണത്തോടൊപ്പം വാക്കിന്റെ ഫ്രഞ്ച്, ജർമന്, ഇംഗ്ലീഷ് വിവർത്തനങ്ങളുമുണ്ടായിരുന്നു. വാക്കുകൾക്ക് വിവിധ കാലഘട്ടങ്ങളിൽ വന്ന പരിവർത്തനങ്ങളും നിഘണ്ടുവിൽ ഉൾപ്പെടുത്തി.

കേന്ദ്രീകൃതമായ ഒരു ഏജൻസിയുടെ നേതൃത്വത്തിലല്ല ഹീബ്രുവിന്റെ ആസൂത്രണശ്രമങ്ങൾ നടന്നത്.അത് ഒരു കൂട്ടായ ശ്രമത്തിന്റെ ഭാഗമായിരുന്നു. ഹീബ്രു ലാംഗ്വേജ് കമ്മറ്റി, ഹീബ്രു ടീച്ചേഴ്സ് അസോസിയേഷൻ, സിയോണിസ്റ്റ് വിദ്യാർത്ഥി സംഘടന എന്നിവയോടൊപ്പം ഹീബ്രു ഔദ്യോഗിക ഭാഷയായി അംഗീകരിച്ച 1907 ലെ സിയോണിസ്റ്റ് പ്രസ്ഥാനത്തിന്റെ കോൺഗ്രസ് തുടങ്ങി വ്യത്യസ്ത ഘടകങ്ങൾ അതിലേക്ക് ഉൾച്ചേരുകയാണുണ്ടായത്.

അതുല്യമായ,അത്ഭുതപൂർവമായ,അത്ഭുതകരമായ തുടങ്ങിയ പദപ്രയോഗങ്ങളിലൂടെ ലോകത്തെ ഏറ്റവും മികച്ച ഭാഷാസൂത്രണ അനുഭവമായി ഹീബ്രുവിന്റെ പുനരുജ്ജീവനത്തെ, സൈദ്ധാന്തിക തലത്തിലും പ്രായോഗിക തലത്തിലും ഭാഷാസൂത്രണരംഗത്ത് പ്രവർത്തിക്കുന്നവര് വിശേഷിപ്പിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിൽ അവർ വ്യത്യസ്ത അഭിപ്രായങ്ങള് പുലർത്തുന്നുണ്ടെങ്കിലും.യിദ്ദിഷ്, ജൂദേസ്മോ, അറബി തുടങ്ങിയ ഭാഷകൾക്കുണ്ടായിരുന്നതു പോലെ വിഭാഗീയ/വർഗീയ ബന്ധങ്ങളോ ലേബലുകളോ ഹീബ്രുവിന് ഉണ്ടായിരുന്നില്ല. എല്ലാ ജൂതന്മാരുടെയും പാരമ്പര്യത്തെ അത് പ്രതിനിധാനം ചെയ്തു.മതേതരമായ കാര്യങ്ങൾക്ക് ഹീബ്രു ഉപയോഗിക്കുന്നതിനെതിരെ യാഥാസ്ഥിതികരുടെ എതിർപ്പുകളുണ്ടായിരുന്നെങ്കിലും അതിനെ മറികടക്കാൻ കഴിഞ്ഞു.ഹീബ്രുവിന്റെ

പുനരുജ്ജീവനത്തോടെ ഇസ്രയേൽ എന്ന ദേശരാഷ്ട്രത്തിന് അടിത്തറയും രൂപപ്പെട്ടു കഴിഞ്ഞിരുന്നു.

**ആൺ കേന്ദ്രിത പൊതുധാരണകളും സ്ത്രൈണതാ മിഥ്യകളും:**

ദൈവങ്ങളെപ്പോലെ പൊടുന്നനെ മുളച്ചുപൊന്തുന്നവയല്ല സാമൂഹ്യ പ്രസ്ഥാനങ്ങൾ. അവയുടെ ഉത്ഭവത്തെ ഏതെങ്കിലുമൊരു ബിന്ദുവിലേക്ക് ചൂണ്ടിക്കാണിക്കാൻ കഴിയില്ല.അവ കാലങ്ങളിലൂടെ രൂപം കൊള്ളുന്നവയാണ്.1960കളിൽ ദേശീയശ്രദ്ധ പിടിച്ചുപറ്റിയ സ്ത്രീപ്രസ്ഥാനങ്ങളുടെ കഥയും മറ്റൊന്നല്ല എന്ന് പറഞ്ഞുകൊണ്ടാണ്, തന്റെ മൂന്നാമത്തെ മാതൃകയായി അമേരിക്കയിലെ സ്ത്രീപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ലിംഗപക്ഷപാതമില്ലാത്ത ഭാഷാ (non- sexist language use) പ്രയോഗത്തിനുവേണ്ടി നടന്ന കാമ്പെയ്ന്റെ കൂപ്പര് പരിചയപ്പെടുത്തുന്നത്.

1963 ൽ ബെറ്റി ഫ്രൈഡൻ രചിച്ച സ്ത്രൈണതാ മിഥ്യകൾ (The Feminine Mystique) എന്ന പുസ്തകം സ്ത്രീപ്രസ്ഥാനങ്ങളുടെ രംഗത്ത് ശ്രദ്ധേയമായ ഒരു ചുവടുവെപ്പായിരുന്നു. പുതുതായി ഒന്നും പറഞ്ഞില്ലെങ്കിലും വികാരതീവ്രതയോടെയും വാക്ചാതുര്യതയോടെയും അത് ചിലത് അവതരിപ്പിച്ചു. അതുകൊണ്ടുതന്നെ വലിയതോതിലുള്ള ജനശ്രദ്ധ ആ പുസ്തകം നേടി. സ്വന്തം അവസ്ഥയെക്കുറിച്ച് ഇതുവരെ അനുഭവിച്ചുപോന്ന ആകാംക്ഷകളും മോഹഭംഗങ്ങളും വിഷാദവും ക്രോധവുമെല്ലാം വ്യക്തിപരമായ പോരായ്മകളുടെ ഭാഗമായിരുന്നില്ലെന്നും അതിലുപരി അവ സാമൂഹ്യവൽക്കരണത്തിന്റെ പ്രശ്നങ്ങളാണെന്നും അതുവായിച്ച സ്ത്രീകൾ തിരിച്ചറിഞ്ഞു. ഭാര്യയുടെയും അമ്മയുടെയും ചുമതലകൾ ഭംഗിയായി നിറവേറ്റുകയാണ് തങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തമെന്നാണ് സ്ത്രീകളോട് തലമുറകളായി പറഞ്ഞുകൊണ്ടേയിരുന്നത്. അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അരങ്ങ് വീടും കുടുംബവുമാണ്. നിലവിലുള്ള അവസ്ഥ മനുഷ്യനിർമിതമായ ഒന്നല്ല. അത് മാറ്റിത്തീർക്കാന് കഴിയാത്ത ജീവശാസ്ത്രപരമായ പ്രത്യേകതകളിൽ അധിഷ്ഠിതമാണ്.

ഇതൊക്കെയാണ് അവരെ പഠിപ്പിച്ചത്. അത് അവർ അവരുടെ മക്കളിലേക്കും പകർന്നു.

യഥാർത്ഥത്തിൽ ബെറ്റി ഫ്രൈഡന്റേത് പുതിയ പാഠമായിരുന്നില്ല. മുമ്പത്തെ പാഠം ശരിക്കും പഠിച്ചിരുന്നെങ്കിൽ ഇതിൽ ഒരു പുതുമയും തോന്നുമായിരുന്നില്ല. 1792 ൽ മേരി വൂൾസ്റ്റൺ ക്രാഫ്റ്റ് എഴുതിയ വനിതാവകാശ സമർത്ഥനം (A Vindication of the Rights of Woman) എന്ന പുസ്തകം അന്ന് കളിയാക്കലുകൾക്കും കുറ്റപ്പെടുത്തലുകൾക്കും വിധേയമാവുകയാണുണ്ടായത്. എന്തുകൊണ്ടാണ് പഴയതിൽ നിന്നും വ്യത്യസ്തമായി ബെറ്റി ഫ്രൈഡന്റെ പുസ്തകം സഹർഷം സ്വീകരിക്കപ്പെട്ടത്? അത് ശരിയായ സമയത്താണ് പുറത്തുവന്നതെന്ന് കൂപ്പർ പറയുന്നു. രണ്ടാം ലോകയുദ്ധകാലത്ത് പുരുഷന്മാർ കൂട്ടത്തോടെ പട്ടാളത്തിലേക്ക് റിക്രൂട്ട് ചെയ്യപ്പെടുകയും വലിയതോതിൽ സ്ത്രീകള് തൊഴിൽ രംഗത്തേക്ക് കടന്നുവരികയും ചെയ്തു. യുദ്ധാനന്തരം സ്ത്രീകളുടെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോള് സ്ത്രീ തൊഴിൽസേനയുടെ കാര്യത്തിൽ ചെറിയ ഇടിവുണ്ടായി. എങ്കിലും 35 ശതമാനത്തോളം അമേരിക്കൻ സ്ത്രീകള് വീട്ടിനു പുറത്ത് തൊഴിലെടുക്കുന്നുണ്ടായിരുന്നു. ഈ നിരക്ക് പിന്നീട് കൂടിക്കൊണ്ടേയിരുന്നു. 1949 ൽ പുരുഷന്മാർക്ക് ലഭിക്കുന്ന വേതനത്തിന്റെ അറുപത് ശതമാനമാണ് സ്ത്രീകൾക്ക് ലഭിച്ചുകൊണ്ടിരുന്നത്. 63 ൽ ഫ്രൈഡന്റെ പുസ്തകം ഇറങ്ങുന്ന കാലത്തും ഇത് ഏതാണ്ട് അതേപോലെ തന്നെ നിലനിന്നു.

എന്തുകൊണ്ട് 1960 കൾക്കു മുമ്പ് ഇത്തരമവസ്ഥകൾക്കെതിരെ പ്രതിരോധങ്ങൾ ഉയർന്നു വന്നില്ല? 1920 ൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചതിന് ശേഷം നിർജീവമായ സ്ത്രീപ്രസ്ഥാനങ്ങള് എന്തുകൊണ്ട് നാൽപ്പതുകളിലോ അമ്പതുകളിലോ വീണ്ടും ഉയിർത്തെഴുന്നേറ്റില്ല? വില്യം കൈഫിനെ ഉദ്ധരിച്ചുകൊണ്ട് കൂപ്പർ ഇങ്ങനെ വിലയിരുത്തി. പരമ്പരാഗത കാഴ്ചപ്പാടുകളോട് എതിർപ്പുകളുയർത്തുന്ന ഒരു ബദൽ പ്രത്യയശാസ്ത്രത്തെ മുൻനിർത്തിയുള്ള പ്രതിഷേധങ്ങള് ഉയർന്നു വരാതിരുന്നത് യഥാർത്ഥത്തിൽ 1960 കൾ വരെയല്ല. ഭാര്യയും

അമ്മയും എന്ന ഉദാത്ത റോളുകളെ മിഴിവുറ്റതാക്കലാണ് സ്ത്രീകളുടെ പ്രാഥമിക ചുമതല എന്ന കാഴ്ചപ്പാടിനെ വെല്ലുവിളിക്കുകയല്ല, മറിച്ച് തൊഴിലെടുത്തുകൊണ്ട് കുടുംബവരുമാനം ഉയർത്താന് ഭർത്താവിനെ സഹായിക്കുകയാണ് സ്ത്രീകൾ എന്ന വ്യാഖ്യാനമാണ് ഉണ്ടായത്. ഇത്തരക്കാർ ഭർത്താവിന്റെ തൊഴിലിനേക്കാള് താഴ്ന്ന (secondary) നിലയിലുള്ളതാണ് തങ്ങളുടെ തൊഴിലെന്നും കണക്കാക്കി. പക്ഷേ, വിവാഹിതരായ സ്ത്രീകൾ വലിയതോതിൽ തൊഴിൽസേനയിലേക്ക് കടന്നുവന്നപ്പോൾ ദമ്പതികൾക്കിടയിലുള്ള പരമ്പരാഗതബന്ധങ്ങൾക്ക് മാറ്റങ്ങൾ ഉണ്ടായി. വരുമാനം ലഭിച്ചുതുടങ്ങിയതോടെ സ്ത്രീകൾക്ക് കുടുംബച്ചിലവുകളിൽ കൂടുതൽ നിയന്ത്രണങ്ങള് ലഭിച്ചുതുടങ്ങി. മാത്രവുമല്ല, വീടിനുപുറത്തുള്ള ജോലിയിലെ അവരുടെ മികവ് കുടുംബ ഉത്തരവാദിത്വങ്ങളിലും കുട്ടികളുടെ കാര്യത്തിലും ജീവിതപങ്കാളിയുടെ ഇടപെടലിനെ ആശ്രയിച്ചു കൂടിയാണെന്ന് വന്നു. വീടിനകത്ത് പതിയെ കടന്നുവന്ന തുല്യപങ്കാളിത്തത്തിലേക്കുള്ള ഈ മാറ്റം വീടിനു പുറത്തുള്ള തുല്യത എന്ന സങ്കൽപ്പത്തിലേക്ക് വളരുക എന്നത് അനിവാര്യമായിരുന്നു.

1960 കളിൽ സ്ത്രീകളുടെ ശബ്ദങ്ങള് സമൂഹശ്രദ്ധ പിടിച്ചുപറ്റി. അതേ കാലഘട്ടത്തിൽ മുന്നേറിക്കൊണ്ടിരുന്ന യുദ്ധവിരുദ്ധ പ്രസ്ഥാനങ്ങളിലും പൌരാവകാശ പ്രസ്ഥാനങ്ങളിലും സ്ത്രീകളുടെ സജീവമായ പങ്കാളിത്തവും ഉണ്ടായിരുന്നു. പക്ഷേ, ഈ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഉൽപ്പതിഷ്ണുക്കളായ ചെറുപ്പക്കാർ പോലും സ്ത്രീവിരുദ്ധ സമീപനങ്ങളാണ് വച്ചുപുലർത്തിയിരുന്നത്. പുരുഷന്മാർ വലിയ കാര്യങ്ങളെക്കുറിച്ചൊക്കെ ആലോചിക്കുമ്പോൾ അവർക്ക് കാപ്പി എത്തിക്കലും മറ്റ് ചെറിയ സഹായങ്ങൾ ചെയ്യലുമാണ് സ്ത്രീകളുടെ ജോലി എന്ന് അവര് കരുതി. സ്റ്റുഡന്റ് നോൺവയലന്റ് കോർഡിനേറ്റിങ്ങ് കമ്മറ്റിയുടെ (SNCC)സ്ഥാപക അംഗവും കറുത്ത വംശജയുമായ റൂബി റോബിൻസണ് സ്ത്രീകളനുഭവിക്കുന്ന രണ്ടാംകിട സ്ഥാനത്തെക്കുറിച്ച് 1964 ലെ എസ്

എൻസിസിയുടെ സമ്മേളനത്തിൽ സംസാരിച്ചെങ്കിലും പുരുഷ സഹപ്രവർത്തകര് അതിനെ പരിഹസിക്കുകയാണ് ചെയ്തത്. ഇത്തരം കാര്യങ്ങളൊക്കെ ധാരാളം സ്ത്രീകളെ ഈ പ്രസ്ഥാനങ്ങളിൽ നിന്ന് അകലാനും സ്ത്രീകളുടെ മോചനത്തിനായുള്ള ഗ്രൂപ്പുകൾ രൂപീകരിക്കാനും പ്രേരിപ്പിച്ചു. സ്ത്രീകളുടെ പ്രസ്ഥാനങ്ങളെ സാമ്പത്തികമാത്രവാദത്തിലൂടെ നോക്കിക്കാണുന്നതിന് എതിരായിരുന്നു അവർ. തൊഴിലിടത്തിലെ തുല്യത ഒരു പ്രധാന പ്രശ്നമായിരുന്നെങ്കിലും പുതിയ സ്ത്രീവാദ മുന്നേറ്റത്തിന്റെ ലക്ഷ്യങ്ങൾ തൊഴിൽ ലഭ്യതയിലെ തുല്യഅവസരങ്ങള്, തുല്യവേതനം എന്നിവയേക്കാളൊക്കെ വിശാലമായവയായിരുന്നു. മനുഷ്യരെന്ന നിലയിലുള്ള കഴിവുകള് പൂർണമായി പ്രകാശിപ്പിക്കാൻ വിഘാതമാവുന്ന, സാമൂഹ്യമായി അടിച്ചേൽപ്പിക്കപ്പെട്ട പരിമിതികളിൽ നിന്നുള്ള മോചനമായിരുന്നു അവരുടെ ലക്ഷ്യം.

സാമൂഹ്യസ്വത്വത്തെ നിർണയിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് ജെൻഡർ എന്നതിനാലും സാമൂഹ്യജീവിതം അതിനെ അടിസ്ഥാനമാക്കി കെട്ടിപ്പടുക്കുന്നു എന്നതിനാലും ലിംഗപക്ഷപാതം നിർബന്ധമായും ഒഴിവാക്കപ്പെടേണ്ട ഒന്നാണ്. ആൺകുട്ടികളിലും പെൺകുട്ടികളിലും ഉണ്ടാവേണ്ട ഓരോ കൂട്ടം പ്രതീക്ഷകളെ രൂപപ്പെടുത്തുന്നതിൽ രക്ഷിതാക്കള്, അധ്യാപകർ, ബാലസാഹിത്യ രചയിതാക്കൾ, കളിപ്പാട്ട നിർമാതാക്കള്, ബഹുജന മാധ്യമങ്ങളിലെ എഴുത്തുകാർ എന്നിവരെല്ലാം ഒന്നിക്കുന്നു. ഈ പ്രതീക്ഷകൾ ആൺകോയ്മാ ധാരണകളെയും പെണ് വിധേയത്വ ധാരണകളെയും പ്രോത്സാഹിപ്പിക്കുകയും നിത്യജീവിതത്തിൽ അടിച്ചുറപ്പിക്കുകയും ചെയ്യുന്നു.

സാമൂഹികവൽക്കരണത്തിന്റെ പ്രധാനഘടകങ്ങളിലൊന്നാണ് വാക്കുകളിലൂടെയുള്ള പെരുമാറ്റം. ഭാഷയുടെ ഉപയോഗത്തിലൂടെ നാം ലൈംഗികമായ വാർപ്പുമാതൃകകളും ആൺകേന്ദ്രിത പൊതുധാരണകളും ഉൽപ്പാദിപ്പിക്കുകയും അടിച്ചുറപ്പിക്കുകയും ചെയ്യുന്നു എന്നത് സത്യമാണ്. മനുഷ്യൻ എന്ന സങ്കൽപ്പം തന്നെ പരിശോധിക്കാം. മനുഷ്യൻ എന്നത്

ഒരു സർവനാമമാണെങ്കിലും അതുൽപ്പാദിപ്പിക്കുന്നത് ഒരു ആൺ സങ്കൽപ്പമാണ്. സമീപകാലത്ത് നമ്മുടെ നാട്ടിൽ സോഷ്യൽ മീഡിയയിലൂടെ വ്യാപകമായി പ്രചരിച്ച ഒരു ചോദ്യം വളരെ പ്രസക്തമാണ്. മാനവ വികാസത്തെ സൂചിപ്പിക്കുമ്പോൾ അവന് തീ കണ്ടുപിടിച്ചു, അവൻ ചക്രം കണ്ടുപിടിച്ചു എന്നൊക്കെയാണ് പൊതുവെ ഉപയോഗിക്കാറ്. ചോദ്യമിതായിരുന്നു. അവൻ തീ കണ്ടുപിടിക്കുമ്പോള് അവൾ എന്തെടുക്കുകയായിരുന്നു?

ഭാഷയിലെ ഇത്തരം ബിംബങ്ങൾ സ്വാഭാവികമായ മാതൃകകള് പുരുഷനാണെന്നും സ്ത്രീ അസാധാരണമായതാണെന്നുമുള്ള കാഴ്ചപ്പാടുകൾ ഉറപ്പിക്കാനാണ് സഹായിക്കുന്നത് എന്ന് സ്ത്രീവാദ പ്രസ്ഥാനം ചൂണ്ടിക്കാണിക്കുന്നു. സംജ്ഞാശാസ്ത്രപരമായ ഒഴിവാക്കലുകൾ (terminological exclusion) മാനവകുലത്തിന്റെ പകുതിയുടെ ആത്മബോധത്തെ അട്ടിമറിക്കുക മാത്രമല്ല തൊഴിലിനോട് ബന്ധപ്പെട്ട അവരുടെ പ്രതീക്ഷകളെ നിർണയിക്കുകയും ചെയ്യുന്നു. ചെയർമാന്, വെതർമാന്, ഡ്രാഫ്റ്റ്സ്മാന് തുടങ്ങിയ പദങ്ങള് ആ തൊഴിലുകളൊക്കെ ഉള്ളടക്കപരമായി പൌരുഷമായവയാണെന്ന് ദ്യോതിപ്പിക്കുന്നു. ആൺകേന്ദ്രിത പൊതുധാരണകള് ആണും പെണ്ണും എന്ന ബോധമല്ല ആൺ എന്ന ബോധമാണ് വിശദീകരിക്കുന്നത്. അത് ലിംഗ വിവേചനത്തിലേക്ക് നയിക്കുന്നു. ഇത്തരം പൊതുധാരണകൾ ഇല്ലാതാക്കിയില്ലെങ്കിൽ സമൂഹത്തിലെ ലിംഗവിവേചനം കുറച്ചുകൊണ്ടുവരാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഭാഷയിലെ ലിംഗമുൻവിധികള് (sex bias in language) മാറ്റിയെടുക്കുക എന്നത് സ്ത്രീവാദ പ്രസ്ഥാനത്തിന്റെ ലക്ഷ്യമാകുന്നു.

ഭാഷയിലെ ലിംഗമുൻവിധികൾ കുറച്ചുകൊണ്ടുവരുന്നത് സ്ത്രീകൾക്കെതിരെയുള്ള വിവേചനങ്ങൾ കുറയ്ക്കുമെന്ന് സ്ത്രീവാദ പ്രവർത്തകർ കരുതിയിരിക്കാം. ഭാഷാപ്രയോഗങ്ങൾക്കെതിരായ പ്രചാരണം സമൂഹത്തിന്റെ ബോധനിലവാരത്തിൽ ഗുണാത്മകമായ മാറ്റങ്ങൾക്ക് കാരണമാകുമെന്നും അവര് കരുതിയിരിക്കാം. ഭാഷയിലൂടെ

വംശ-വർണവിവേചനത്തിന് വിധേയമാവുന്നതുപോലെ ലിംഗ മുൻവിധികളോടുകൂടിയ പ്രയോഗങ്ങളാൽ മുറിവേറ്റവർ ഉണ്ടായിരുന്നിരിക്കാം. ഇതുകൊണ്ടൊക്കെയായിരിക്കാം ഇത്തരമൊരു കാമ്പെയ്ൻ രൂപപ്പെട്ടുവന്നത്. ലിംഗമുൻവിധികളുള്ള ഭാഷ ഉപയോഗിക്കുന്ന പ്രഭാഷകരെ വേദികളിൽ തടസ്സപ്പെടുത്തുന്ന തോടൊപ്പം അത്തരം പ്രയോഗങ്ങൾ എങ്ങനെ ഒഴിവാക്കാം എന്ന് കാണിക്കാനായി സ്ത്രീവാദപ്രവർത്തകർ മാന്വലുകൾ തയ്യാറാക്കി. Doctors and their wives എന്നതിനു പകരം doctors and their spouses എന്ന് ഉപയോഗിക്കാം. Mankind, manpower, to man, chairman തുടങ്ങിയ പദങ്ങൾക്ക് പകരം humanity, personnel, to staff, chairperson എന്നിവ ഉപയോഗിക്കാം. He എന്നതിന് ബഹുവചനം ഉപയോഗിക്കുകയോ പരാമർശിതരുടെ പേര് വീണ്ടും ഉപയോഗിക്കുകയോ ചെയ്യാം തുടങ്ങിയ നിർദേശങ്ങൾ ഈ മാന്വലുകളിൽ ഉണ്ടായിരുന്നു. പ്രൊഫഷണൽ സംഘടനകളോട് അവരുടെ പ്രസാധക മാന്വലുകളിൽ ഇത്തരം നിർദേശങ്ങൾ കൂട്ടിച്ചേർക്കാൻ പ്രക്ഷോഭകർ ആവശ്യപ്പെട്ടു.

ഈ പ്രക്ഷോഭം വലിയൊരളവോളം വിജയമായിരുന്നുവെന്ന് യൂനിവേഴ്സിറ്റ് ഓഫ് മെക്സിക്കോയിലെ ലിംഗ്വിസ്റ്റിക്ക്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായത്തോടെ നടത്തിയ പഠനത്തെ മുൻനിർത്തി കൂപ്പര് പറയുന്നു. തെരഞ്ഞെടുത്ത അമേരിക്കൻ പ്രസിദ്ധീകരണങ്ങളിൽ 1971-79 കാലഘട്ടത്തിൽ വന്ന ടെക്സ്റ്റുകളിലെ 5, 25,000 വാക്കുകളെ പരിശോധനാ വിധേയമാക്കി. ആൺകേന്ദ്രിത പൊതുബോധത്തിൽ അധിഷ്ഠിതമായ പ്രയോഗങ്ങൾ 1971 ലെ 5000 ന് 12.3 എന്ന നിരക്കിൽ നിന്ന് 1979 ൽ 5000 ന് 4.3 എന്ന നിരക്കിലേക്ക് കുത്തനെ കുറഞ്ഞതായി പഠനം കണ്ടെത്തി. അത് തുടർച്ചയായ വർഷങ്ങളിലൂടെയുള്ള ക്രമാനുഗതമായ മാറ്റവുമായിരുന്നു. Man എന്ന പ്രയോഗത്തിലായിരുന്നു ഏറ്റവും വലിയ കുറവ് വന്നത്. എന്നാൽ ഏറ്റവും കുറഞ്ഞ രീതിയിലുള്ള മാറ്റം man വരുന്ന സമസ്തപദങ്ങളുടെ

കാര്യത്തിലായിരുന്നു. ഒറ്റപ്പദമെന്ന രീതിയിലുള്ള ഉപയോഗം 1971 ലെ ഉപയോഗത്തിന്റെ 16 ശതമാനമായി കുറഞ്ഞപ്പോൾ സമസ്തപദങ്ങളുടെ കാര്യത്തിൽ അത് 55 ശതമാനം 1979 ലും നിലനിന്നു.

ഭാഷാസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശകലന വിധേയമാക്കിയതിനു ശേഷം സ്ത്രീവാദപ്രവർത്തകരുടെ പ്രക്ഷോഭം സ്ത്രീകളുടെ വിമോചനത്തെ എത്രമാത്രം മുന്നോട്ടു നയിച്ചു എന്നും കൂപ്പര് പരിശോധിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സ്ത്രീകളുടെ പദവിയെ മെച്ചപ്പെടുത്താൻ അതിന് കഴിഞ്ഞിട്ടുണ്ട്. വേതനത്തിന്റെ കാര്യത്തിൽ സ്ത്രീ-പുരുഷ അന്തരം എത്രയോ മാറിയിട്ടുണ്ട്. ഉയർന്ന വരുമാനമുള്ള തൊഴിലുകളിലുള്ള സ്ത്രീകളുടെ എണ്ണം വലിയതോതിൽ കൂടിയിട്ടുമുണ്ട്. അത്തരം നേട്ടങ്ങളെ ഭാഷയ്ക്കു വേണ്ടി നടത്തിയ പോരാട്ടങ്ങൾ സഹായിച്ചുവോ? അത് നടന്നിരുന്നില്ലെങ്കിലും സ്ത്രീകളുടെ അവസ്ഥ ഇതേ പോലെ തന്നെയായിരിക്കുമായിരുന്നോ?അത് വേർതിരിച്ചു പറയുക എളുപ്പമല്ല. എങ്കിലും ഒരു കാര്യം നമുക്ക് പറയാം സാമൂഹ്യപ്രസ്ഥാനങ്ങൾക്ക് ഭാഷാപരമായ പരിണത ഫലങ്ങളുണ്ട്. ഭാഷാപരമല്ലാത്ത പെരുമാറ്റങ്ങളെ അവ സ്വാധീനിച്ചാലും ഇല്ലെങ്കിലും. സ്ത്രീകളെ ആജ്ഞാനുവർത്തികളാക്കാന് പിന്തുടർന്നുപോരുന്ന ആചാരങ്ങളിലും മനോഭാവങ്ങളിലും മാറ്റം കൊണ്ടുവരുന്നതിലും എളുപ്പമാണ് ലിഖിതഭാഷയിൽ മാറ്റങ്ങള് കൊണ്ടുവരാന്. ലിഖിതഭാഷയിൽ വരുന്ന മാറ്റങ്ങള് അഭിപ്രായങ്ങളുടെ മാറിയ ഒരു അന്തരീക്ഷത്തെ സൃഷ്ടിക്കുമെന്നും അത് ക്രമേണ പെരുമാറ്റങ്ങളിലും മാറ്റം വരുത്തുമെന്നും സങ്കൽപ്പിക്കുന്നത് സന്തോഷകരമാണ്.

**എത്യോപ്യയിലെ ബഹുജന സാക്ഷരതാ കാമ്പെയ്ൻ**

സായുധസേനയിലെ താഴ്ന്ന റാങ്കിലുള്ള ഓഫീസർമാരും ചെയർമാന് അമാന് ആൻഡമിന്റെ നേതൃത്വത്തിലുള്ള പോലീസ് സേനയും ചേർന്നുള്ള ഡെർഗ് (derg) എത്യോപ്യയിൽ രൂപീകൃതമാവുന്നത് 1974 ജൂണിലാണ്. അംഹാറിക്ക് ഭാഷയിൽ കമ്മറ്റി, കൌൺസിൽ എന്നൊക്കെയാണ് അതിന്റെയർത്ഥം. പിന്നീട്

അത് ഔദ്യോഗികമായി പ്രൊവിഷണൽ മിനിസ്ട്രി അഡ്മിനിസ്ട്രേറ്റീവ് കൌൺസിൽ എന്ന നാമം സ്വീകരിച്ചു. 1974 സെപ്റ്റംബറിൽ ചക്രവർത്തി ഹൈലെ സെലേസിയെ ഡെർഗ് സ്ഥാനഭ്രഷ്ടനാക്കി. ഡെർഗ് എത്യോപ്യയെ മാർക്സിസ്റ്റ് ലെനിനിസ്റ്റ് ആശയങ്ങളിൽ അധിഷ്ഠിതമായ ഏകകക്ഷി രാഷ്ട്രമായി പ്രഖ്യാപിക്കുകയും താൽക്കാലിക ഗവൺമെന്റ് രൂപീകരിക്കുകയും ചെയ്തു. ജന്മിത്വം അവസാനിപ്പിക്കൽ, സാക്ഷരതാ വ്യാപനം, ദേശസാൽക്കരണം, ഭൂപരിഷ്കരണം തുടങ്ങിയവ മുൻഗണനാ മേഖലകളായി പ്രഖ്യാപിക്കപ്പെട്ടു.

1994 ലെ എത്യോപ്യൻ സെൻസസ് അനുസരിച്ച് 77 ഭാഷകളാണ് എത്യോപ്യയിലുള്ളത്. എത്തനോലോഗിന്റെ കണക്കനുസരിച്ചാണെങ്കിൽ 86 ഭാഷകൾ നിലവിലുണ്ട്. ഭൂരിഭാഗം ഭാഷകളും ആഫ്രോ- ഏഷ്യാറ്റിക്ക് ഗോത്രത്തിൽപ്പെടുന്നവയാണ്. ഒറോമോ, അംഹാറിക്ക്, സോമാലി, ടിഗ്രീന്യ, സിഡാമോ, വൊലായ്റ്റ, ഗുറാഗ് തുടങ്ങിയ ഭാഷകളാണ് പ്രധാനം. ഹൈലെ സെലേസി പ്രോത്സാഹിപ്പിച്ചതും ഭരണഭാഷയായി ഉപയോഗിച്ചതും അംഹാറിക്ക് ഭാഷയായിരുന്നു. പിന്നീട് വന്ന ഭരണാധികാരികളും ഭരണഭാഷയായി ഉപയോഗിച്ചത് അംഹാറിക്ക് തന്നെ. വിപ്ലവത്തിന്റെ ആദ്യനാളുകളിൽ ഹൈലെ സെലേസിയുടെ അംഹാറിവൽക്കരണ നയങ്ങള് പുതിയ ഭരണകൂടം തകിടം മറിക്കുകയാണെന്ന് കരുതിയവരുണ്ടായിരുന്നു. ഭരണമാറ്റം വന്നുകഴിഞ്ഞ് ഏതാനും മാസങ്ങൾക്കുള്ളിൽ അമ്പതിനായിരത്തിൽപ്പരം വിദ്യാർത്ഥികളെയാണ് ഗ്രാമവികസന പ്രവർത്തനങ്ങൾക്കായി നിയോഗിച്ചത്. ഗ്രാമവികസന പ്രവർത്തനങ്ങളിലെ പ്രധാനപ്പെട്ട ഒരിനമായിരുന്നു കർഷകരെ എഴുത്തും വായനയും പഠിപ്പിക്കൽ. കർഷകർ ഏതാണ്ട് എല്ലാവരും തന്നെ നിരക്ഷരരായിരുന്നു അന്ന്. അതുവരെ തുടർന്നുവന്ന രീതിയിൽ അംഹാറിക്ക് ഭാഷയിൽ മാത്രം എഴുത്തും വായനയും പഠിപ്പിക്കുകയായിരുന്നില്ല പദ്ധതിയുടെ ലക്ഷ്യം. കർഷകർ

സംസാരിക്കുന്ന ദേശ്യഭാഷയിൽ അവരെ സാക്ഷരരാക്കുവാനാണ് വളന്റിയർമാർക്ക് നിർദേശം നൽകിയത്. എത്യോപ്യയിലെ പുതിയ ഭാഷാനയത്തിന്റെ പൂർവഗാമിത്വം എന്തായിരുന്നു എന്നും പുതിയ നയത്തിന്റെ പരിണതഫലങ്ങളെന്തെല്ലാമായിരുന്നു എന്നുമാണ് നാലാമതായി കൂപ്പർ പരിശോധിക്കുന്നത്.

വിപ്ലവം നടക്കുന്ന സമയത്ത് എത്യോപ്യയിലെ ജനസംഖ്യ ഏതാണ്ട് മൂന്ന് കോടിക്കടുത്തായിരുന്നു. അധിനിവേശ ശക്തികള് വ്യത്യസ്ത ഭാഷാഗ്രൂപ്പുകളെ ഒന്നിച്ചുള്ള ഭരണ പരിധിയിലേക്ക് കൊണ്ടുവന്നതിനാൽ അത്യധികം ഭാഷാവൈവിധ്യം മറ്റ് ആഫ്രിക്കന് രാജ്യങ്ങളിലേതുപോലെ എത്യോപ്യയിലുമുണ്ടായി. എന്നാൽ മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിലേതുപോലെ യൂറോപ്യന് അധിനിവേശ ശക്തികളായിരുന്നില്ല എത്യോപ്യയെ കീഴടക്കിയത്. ആഫ്രിക്കൻ ചക്രവർത്തിമാര് തന്നെയായിരുന്നു എത്യോപ്യയെ കീഴടക്കിയത്. അക്സുമൈറ്റ് വംശത്തിന്റെ പിന്തുടർച്ചക്കാരാണ് എത്യോപ്യയിൽ ആധുനിക സാമ്രാജ്യം കെട്ടിപ്പടുത്തത്. നാലാം നൂറ്റാണ്ടിൽ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചു. ആനക്കൊമ്പ്, സുഗന്ധദ്രവ്യങ്ങള്, മരക്കറ, കുന്തിരിക്കം തുടങ്ങിയവയോടൊപ്പം അടിമകളേയും അക്സും വംശജർ വലിയ തോതിൽ വ്യാപാരം ചെയ്തിരുന്നതായി പറയുന്നു. സാമ്രാജ്യത്തിന്റെ വലുപ്പവും ഈ കാലയളവിൽ വർധിച്ചു. ഇന്ന് സംസാരഭാഷയായി നിലവിലില്ലാത്ത ഗീസ് ആയിരുന്നു അന്നത്തെ ഭരണഭാഷ. ഇന്നത്തെ പ്രധാന ഭാഷകളായ അംഹാറിക്കും ടിഗ്രീന്യയും ഗീസുമായി ബന്ധപ്പെട്ടവയാണ്. അംഹാറ വംശജരുടെ മാതൃഭാഷയാണ് അംഹാറിക്ക്. ടിഗ്രെ വംശജരുടെ മാതൃഭാഷയാണ് ടിഗ്രീന്യ.

പതിമൂന്നാം നൂറ്റാണ്ടിൽ എത്യോപ്യയുടെ അതിർത്തി തെക്ക് അംഹാറ വരെ എത്തി. പിന്നീട് വടക്ക് ടെഗ്രീന, എറിത്രേ തുടങ്ങിയ സ്ഥലങ്ങളിലേക്ക് അത് വ്യാപിച്ചു. അംഹാറ. ടീഗ്രേ വംശജർ വൈരികളായിരുന്നെങ്കിലും മറ്റ് വംശീയ ഗ്രൂപ്പുകളെ എതിർക്കുന്ന കാര്യത്തിൽ അവരൊന്നായിരുന്നു. മറ്റുള്ളവരേക്കാൾ മഹിമയേറി

യവരാണ് തങ്ങളെന്നായിരുന്നു അംഹാറ, ടീഗ്രേ വംശജരുടെ ധാരണ. മറ്റു വംശീയഗ്രൂപ്പുകൾ ഉൾക്കൊള്ളുന്ന ഭൂവിഭാഗങ്ങളൊക്കെ എത്യോപ്യയുടെ ഭാഗമാകുന്നത് പത്തൊമ്പതാം നൂറ്റാണ്ടിൽ ചക്രവർത്തി മിനിലിക്ക രണ്ടാമന്റെ കാലത്തോടെയാണ്. അവയിൽ ഏറ്റവും വലിയ വിഭാഗം ഒറോമോ ആയിരുന്നു. ഒറോമോ വിഭാഗത്തിൽ ക്രൂസ്ത്യൻ, മുസ്ലീം മതങ്ങളിൽ പെടുന്നവരും പരമ്പരാഗത മതങ്ങളിൽ പെടുന്നവരും ഉണ്ടായിരുന്നു. അവരിൽ നാടോടികളായ കാലി വളർത്തുകാരും സ്ഥിരതാമസക്കാരായ കൃഷിക്കാരുമുണ്ടായിരുന്നു. വ്യത്യസ്ത ഗോത്രങ്ങളിൽ പെടുന്നവരായിരുന്നെങ്കിലും അവർക്ക് പൊതുവായി ഒരു ഭാഷയുണ്ടായിരുന്നു. അക്കാലത്തെ ജനസംഖ്യയെ ക്കുറിച്ച് കൃത്യമായ കണക്കുകളൊന്നുമുണ്ടായിരുന്നില്ല എങ്കിലും അംഹാറ, ടെഗ്രീന, ഒറോമ വിഭാഗങ്ങൾ അവരാണ് ഏറ്റവും വലിയ വിഭാഗം എന്നാണ് വിശ്വസിച്ചിരുന്നത്. ഓർത്തഡോക്സ് ചർച്ചിന്റെ സ്വാധീനത്തിൽ നിരവധി ഒറോമകൾ അംഹാറവൽക്കരണത്തിന് വിധേയരായി. ഒറോമോ വിഭാഗം അംഹാറ വിഭാഗവുമായി വിവാഹബന്ധത്തിലേർപ്പെടുകയും ചെയ്യുന്നുണ്ട്.

വിപ്ലവത്തിന് മുമ്പ് ദേശിയതലത്തിൽ അംഹാറ, ടിഗ്രേ, ഒറോമോ എന്നിവരെല്ലാം ഒരുമിച്ച് പ്രവർത്തിച്ചിരുന്നെങ്കിലും അവര് ഒരേ നിലവാരത്തിലായിരുന്നില്ല കഴിഞ്ഞിരുന്നത്. പട്ടാളത്തിലെയും സർക്കാരിലെയും ഉയർന്ന തസ്തികകളിൽ അംഹാറ, ടിഗ്രേ വംശജരായിരുന്നു അധികവും ഉണ്ടായിരുന്നത്. ജനസാഖ്യാനു പാതികമായി നോക്കുകയാണെങ്കിൽ ഒറോമോ വിഭാഗക്കാർക്ക് ലഭിച്ചിരുന്ന തസ്തികകൾ കുറവായിരുന്നു എന്നു കാണാം. ജനസംഖ്യയിൽ ക്രിസ്ത്യാനികളേക്കാൾ കൂടുതലുള്ള മുസ്ലീങ്ങളുടെ പ്രാതിനിധ്യനിരക്കാകട്ടെ അതിലും കുറവായിരുന്നു. സ്കൂൾ പ്രവേശനത്തിന്റെ കാര്യത്തിലും ഈ അസമത്വം നിലനിന്നു. അതേസമയം സാമ്പത്തികമായും രാഷ്ട്രീയമായും ഉയർന്ന വിഭാഗക്കാരിലേറെയും അംഹാറ, ടിഗ്രേ വിഭാഗക്കാരായിരുന്നെങ്കിലും

ഈ വിഭാഗങ്ങളിൽ ലക്ഷക്കണക്കിന് പാവപ്പെട്ട കൃഷിക്കാരുമുണ്ടായിരുന്നു. കൃഷിക്കാർക്കിടയിൽത്തന്നെ ഒറോമോ വംശജർക്ക് രണ്ടാംകിട സ്ഥാനമായിരുന്നു. നൈപുണ്യം, പാരമ്പര്യത്തെ മുൻനിർത്തിയുള്ള അവകാശങ്ങള് എന്നിവയെല്ലാം ഉയർത്തിക്കാട്ടി കൃഷിയിറക്കുന്നതിൽ പോലും വേർതിരിവുകൾ നിലനിന്നു. ഒറോമോകൾ കൃഷിഭൂമിയിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടവരായിരുന്നു. ഒന്നുകിൽ അവരുടെ ഭൂമി പട്ടാളസേവനം നടത്തുന്ന അംഹാറക്കാർക്ക് സമ്മാനമായി കൊടുത്തു, അല്ലെങ്കിൽ രാജഭരണത്തോടുള്ള കൂറ് രേഖപ്പെടുത്താന് പ്രഭുവായ അംഹാറയ്ക്ക് ഭൂമി നൽകി. അങ്ങനെ നിരവധി ഒറോമോകൾ അവരുടെ സ്വന്തം ഭൂമിയിൽ വെറും പങ്കുകൃഷിക്കാരായി മാറി. അഴിമതി നിറഞ്ഞതും കാര്യക്ഷമവുമല്ലാത്ത ഒരു ഭരണസംവിധാനത്തിന്റെ ഇരകളായിരുന്നു അവർ. ഇതെല്ലാം കാലക്രമത്തിൽ ഒറോമോകളുടെ ഇടയിൽ വെറുപ്പ് വളർന്നുവരുന്നതിന് ഇടയാക്കി. വിപ്ലവം നടക്കുന്ന കാലത്ത് ലോകത്തിലെ ഏറ്റവും ദരിദ്രരാജ്യങ്ങളിൽ ഒന്നായിരുന്നു എത്യോപ്യ. അംഹാറ, ടിഗ്രേ വംശജരിൽ ബഹുഭൂരിപക്ഷത്തിനും വളരെക്കുറച്ചാണ് എന്തെങ്കിലും ലഭിച്ചിരുന്നതെങ്കിൽ ഒറോമോകളിൽ ഏതാണ്ട് എല്ലാവർക്കും ഒന്നും ലഭിച്ചിരുന്നില്ല എന്നതായിരുന്നു അവസ്ഥ.

വിപ്ലവത്തിലേക്ക് നയിച്ച നിമിത്തങ്ങളായി ചെറുകിട നഗരങ്ങളിലെ മധ്യവർഗത്തിനും സായുധസേനയിലെ താഴ്ന്ന റാങ്കുകാർക്കുമുണ്ടായ അസംതൃപ്തിയെ ചൂണ്ടിക്കാണിക്കാറുണ്ട്. എന്നാൽ വിപ്ലവത്തിന്റെ അടിസ്ഥാനകാരണം വിവിധ വംശീയ വിഭാഗങ്ങൾക്കിടയിൽ അധികാരത്തിന്റെയും വരുമാനത്തിന്റെയും കാര്യത്തിൽ നിലനിന്ന കടുത്ത അസമത്വമല്ലേ എന്ന് ക്ലപ്പര് സംശയിക്കുന്നു. ഹൈലേ സെലേസിയുടെ ആധിപത്യകാലത്ത് അംഹാറിക്ക് ഭാഷയ്ക്ക് നൽകിയ പ്രത്യേകമായ പ്രോത്സാഹനം ഈ അസമത്വത്തെ വർധിപ്പിക്കുകയും ചെയ്തു. അംഹാറിക്ക് ഭരണഭാഷ

മാത്രമായിരുന്നില്ല. രാജ്യത്തൊട്ടാകെ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള ഏക മാധ്യമവും അംഹാറിക്ക് മാത്രമായിരുന്നു. 1962 ൽ എത്യോപ്യയോട് കൂട്ടിച്ചേർക്കപ്പെടുന്നതുവരെ ടിഗ്രീന്യയും അറബിയുമായിരുന്ന എറിത്രിയയിലെ പഠനമാധ്യമം. അവിടെയും സെലേസി അംഹാറിക്ക് പഠനമാധ്യമമാക്കി. ഒന്നാം ക്ലാസിലേക്കുള്ള പ്രവേശനത്തിനുള്ള അപേക്ഷകർ നിലവിലുള്ള സീറ്റുകളേക്കാള് കൂടിവന്ന സന്ദർഭത്തിൽ ബാഹുല്യം കുറയ്ക്കാന് ചില അധ്യാപകർ കണ്ടെത്തിയ ഒരെളുപ്പവഴിയുണ്ടായിരുന്നു. അംഹാറിക്ക് എഴുതാനും വായിക്കാനും അറിയുന്ന കുട്ടികൾക്കായി പ്രവേശനം ചുരുക്കുക എന്നതായിരുന്നു അത്. പരമ്പരാഗത ചർച്ച് സ്കൂളുകളിൽ പോയിരുന്ന കുട്ടികൾക്ക് അത് പ്രശ്നമായിരുന്നില്ല. എന്നാൽ മുസ്ലീം ജനവിഭാഗങ്ങൾക്ക് സ്കൂൾ പ്രവേശനത്തിന് ഇത് പ്രതിബന്ധമായി. അവർക്ക് മാത്രമല്ല, പൊതുവിൽ അംഹാറിക്ക് ഇതര ഭാഷക്കാർക്ക് ആധുനിക വിദ്യാഭ്യാസം ലഭ്യമാകുന്നതിൽഇത് വലിയ പ്രയാസങ്ങള് സൃഷ്ടിച്ചു.

മിഷണറിമാർക്ക് ക്രൈസ്തവ ഇതര മേഖലകളിൽ മാത്രമാണ് സ്കൂളുകൾ തുടങ്ങാനുള്ള അനുവാദം നൽകിയത്. അവിടങ്ങളിലെല്ലാം അംഹാറിക്ക് ഭാഷയിൽ തന്നെ പഠനം നടത്തേണ്ടതുമുണ്ടായിരുന്നു. അങ്ങനെ ഒരുതരത്തിൽ ക്രിസ്ത്യൻ മിഷണറിമാര് അംഹാറവൽക്കരണത്തിന്റെ ഏജന്റുമാരായി മാറി. പുസ്തകങ്ങളും പത്രങ്ങളും ലഭ്യമായിരുന്ന തദ്ദേശീയ ഭാഷകൾ അംഹാറിക്കും ടിഗ്രേന്യയുമായിരുന്നു. മറ്റ് എത്യോപ്യൻ ഭാഷകളിലുള്ള അവയുടെ പ്രസിദ്ധീകരണം നിഷേധിക്കപ്പെട്ടിരുന്നു. ഒറോമോ ഭാഷയിലുള്ള ബൈബിളുകൾ വിതരണം ചെയ്യേണ്ട മിഷണറിമാർക്ക് അവ ഒളിച്ചുകടത്തേണ്ടി വന്നു. റേഡിയോ പ്രക്ഷേപണം മറ്റ് ഭാഷകളിൽ പേരിനുമാത്രവും ഭൂരിഭാഗവും അംഹാറിക്ക് ഭാഷയിലുമായിരുന്നു. ജനങ്ങളുടെയും ജഡ്ജിമാരുടെയും ഒന്നാംഭാഷ അംഹാറിക്ക് അല്ലാത്ത പ്രദേശങ്ങളിൽപ്പോലും കോടതിഭാഷ അംഹാറിക്ക് ആയി ഉപയോഗിക്കേണ്ടി വന്നു.

എത്യോപ്യയിലെ തദ്ദേശീയ ഭാഷകളിൽ പലതിനും ലിഖിതരൂപം പോലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് അംഹാറവൽക്കരണത്തിലൂടെ, ഇരുട്ടിലകപ്പെട്ടവർക്ക് നാഗരികത പ്രദാനം ചെയ്യുകയാണ് തങ്ങളെന്നാണ് അംഹാറകള് കരുതിയത്. ഇതിനോട് വിയോജിക്കുമ്പാഴും ചില വസ്തുതകള് കാണാതിരുന്നുകൂടാ. ഔദ്യോഗിക ഭാഷയിൽപ്പോലും ആവശ്യമായ പഠനസാമഗ്രികള് ഒരുക്കാനും അധ്യാപകരെ പരിശീലിപ്പിക്കാനും വലിയതോതിൽ വിഭവദാരിദ്ര്യം അനുഭവിക്കുന്ന ഒരു ഭരണകൂടത്തിന് നിരവധി ഭാഷകളിൽ ഇവയെല്ലാം ചെയ്യുക സാധ്യമായിരുന്നില്ല. ലിഖിതരൂപമില്ലാത്ത ഭാഷകളെ ഒഴിച്ചുനിർത്തിയാൽപ്പോലും ഇത് എളുപ്പമായിരുന്നില്ല. മാത്രവുമല്ല ഒരു ബന്ധഭാഷ(lingua franca) എന്നത് ഏകീകരണത്തിനുള്ള ഘടകവുമായിരുന്നു. അംഹാറിക്ക് എത്യോപ്യയിൽ മാത്രമുള്ള ഒരു ഭാഷയാണെന്നതിനു പുറമെ ഗീസിനെ അടിസ്ഥാനമാക്കിയുള്ള അതിന്റെ അക്ഷരമാലയും എത്യോപ്യയുടെ സ്വന്തം തന്നെയായിരുന്നു. സാഹിത്യ പാരമ്പര്യത്തിനു പുറമെ, പതിമൂന്നാം നൂറ്റാണ്ടുമുതൽ രാജഭാഷ എന്ന നിലയിൽ പ്രതാപമുള്ള ഒരു പാരമ്പര്യവും അംഹാറിക്കിനുണ്ട്. പക്ഷേ, ആ രാജപാരമ്പര്യം ജനങ്ങളിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ട ഒന്നായിരുന്നു എന്നിടത്താണ് പ്രശ്നം നിലകൊണ്ടത്.

വിപ്ലവത്തിനു മുമ്പ് വയോജന വിദ്യാഭ്യാസം അംഹാറിക്കിനെ മുൻനിർത്തിയാണ് നടത്തിയിരുന്നത്. നഗരങ്ങളിലും നഗരങ്ങളോട് ബന്ധപ്പെട്ട പ്രദേശങ്ങളിലും അംഹാറിക്ക് ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ പൊതുവെ ഉപയോഗിക്കപ്പെട്ടിരുന്നു. സെലേസിനെ പ്പോലെ ഡെർഗും സാമൂഹ്യനിയന്ത്രണത്തിൽ ഭാഷയുടെ പ്രാധാന്യം തിരിച്ചറിഞ്ഞു. അധികാരത്തിലേറി അധികം വൈകാതെ ബഹുഭാഷകളിൽ അധിഷ്ഠിതമായ ഒരു ബഹുജന സാക്ഷരതാ കാമ്പെയ്ൻ ഡെർഗ് പ്രഖ്യാപിച്ചു. എന്തുകൊണ്ടാണ് ഇങ്ങനെ ഒരു

കാമ്പെയ്ൻ പ്രഖ്യാപിക്കപ്പെട്ടത്? എന്തുകൊണ്ടാണ് ഭാഷയുടെ കാര്യത്തിൽ ഡെർഗ് ഒരു ചുവടുമാറ്റം പ്രഖ്യാപിച്ചത്?

കാമ്പെയ്ൻ നടത്തിപ്പിനായി തിരഞ്ഞെടുക്കപ്പെട്ട ഏജൻസിയെ മുൻനിർത്തിയേ നമുക്ക് ഈ ചോദ്യങ്ങളിലേക്ക് കടക്കാനാവൂ. യൂനിവേഴ്സിറ്റി വിദ്യാർത്ഥികളും ഹൈസ്കൂൾ വിദ്യാർത്ഥികളുമായിരുന്നു ഇതിനായി നിയോഗിക്കപ്പെട്ടത്. ചക്രവർത്തിയുടെ പതിയെയുള്ള പതനം ആരംഭിക്കുന്നത്, പരാജയപ്പെട്ടതെങ്കിലും, 1960 ൽ നടന്ന ഒരു അട്ടിമറിശ്രമത്തിലൂടെയാണ്. അതിനുശേഷം ഭരണകൂടത്തെ നിരന്തരമായും നിശിതമായും വിമർശിക്കുന്ന ഒരു വിഭാഗമായി സർവകലാശാലാ വിദ്യാർത്ഥികള് രൂപാന്തരപ്പെട്ടു. ഉൽപ്പതിഷ്ണുക്കളായ വിദ്യാർത്ഥിനേതാക്കളിലധികവും ഒറോമോ, ടിഗ്രേ വിഭാഗങ്ങളിൽ പെട്ടവരായിരുന്നു. ഭൂപരിഷ്കരണം, പ്രാതിനിധ്യ സർക്കാര്, വംശീയ സ്വയം നിർണയാവകാശം എന്നിവയായിരുന്നു വിദ്യാർത്ഥികളുടെ പ്രധാന ആവശ്യങ്ങൾ. വിദ്യാർത്ഥികളുടെ ഇടയിൽ ഭാഷയെ മുൻനിർത്തിയുള്ള വേർതിരിവുകള് സ്പഷ്ടമായിരുന്നു. 1960 കളുടെ അവസാനമാവുമ്പോഴേക്കും ടിഗ്രേ വിദ്യാർത്ഥികൾ അംഹാറിക്ക് ഭാഷ സംസാരിക്കാന് വിസമ്മതിച്ചു. അതിനെ ഒരു കൊളോണിയൽ ഭാഷ എന്ന നിലയിലാണ് അവര് വീക്ഷിച്ചത്. യൂനിവേഴ്സിറ്റിയിൽ വിദ്യാർത്ഥികളുടെ കൂടിച്ചേരലുകളിൽ ഇംഗ്ലീഷേ ഉപയോഗിക്കാൻ പറ്റൂ എന്നായി.

എത്യോപ്യയിൽ ഒരേയൊരു സർവകലാശാലയാണുണ്ടായിരുന്നത്. ഹൈലേ സെലേസി ഒന്നാമൻ സർവകലാശാല. ഇപ്പോഴത് അഡിസ് അബാബ സർവകലാശാല എന്നാണറിയപ്പെടുന്നത്. 1974 ന്റെ തുടക്കത്തിൽ ആഭ്യന്തര കുഴപ്പങ്ങള് തുടങ്ങിയപ്പോള് സർവകലാശാലാ വിദ്യാർത്ഥികൾ അതിന്റെ മുന്നണിപ്പോരാളികളായിരുന്നു. പക്ഷേ, സ്വന്തം നിലയ്ക്കോ മറ്റേതെങ്കിലും വിഭാഗങ്ങളുമായി കൂടിച്ചേർന്നോ രാജ്യഭരണം മുന്നോട്ടു നയിക്കാനുള്ള കെൽപ്പ് വിദ്യാർത്ഥി പ്രസ്ഥാനത്തിനുണ്ടായിരുന്നില്ല. അതിന് അന്ന് കഴിവുണ്ടായിരുന്നത്

പട്ടാളത്തിലെ ചില വിഭാഗങ്ങൾക്കായിരുന്നു. അവർ ചക്രവർത്തിയെ അയാളുടെ സഹായികളിൽ നിന്ന് അക്ഷരാർത്ഥത്തിൽ ഒറ്റപ്പെടുത്തി, ഭരണം തുടരാൻ കഴിയാത്ത അവസ്ഥയിലേക്കെത്തിച്ചു. രാജാവിന് അധികാരം നഷ്ടപ്പെടുന്നതിൽ ആഹ്ലാദിക്കവേ തന്നെ, ഭരണം പട്ടാളത്തിന്റെ കൈകളിലേക്ക് പോവുന്നതിൽ വിദ്യാർത്ഥികള് ഭയവിഹ്വലരായി. ഡെർഗ് അധികാരം പിടിച്ചെടുത്തപ്പോള് മറ്റ് സിവിലിയന് ഗ്രൂപ്പുകളുമായി ചേർന്ന് അവർ ഒരു സിവിലിയന് ഗവണ്മെന്റിനു വേണ്ടിയുള്ള ആവശ്യമുയർത്തി. വേനലവധി കഴിഞ്ഞ് സർവകലാശാലയിലേക്ക് മടങ്ങുന്ന വിദ്യാർത്ഥികൾ ജനാധിപത്യത്തിനു വേണ്ടിയുള്ള വിപുലമായ പോരാട്ടത്തിന്റെ അണിയറയിലായിരുന്നു. സന്ദർഭത്തിന്റെ വ്യാപ്തി തിരിച്ചറിഞ്ഞ ഡെർഗ് ഉണർന്നു പ്രവർത്തിച്ചു. സെപ്റ്റംബർ ആറിന്, ചക്രവർത്തി സ്ഥാന ഭ്രഷ്ടനാക്കപ്പെടുന്നതിന്റെ ഒമ്പതുദിവസം മുമ്പ് സർവകലാശാല അടച്ചു. സർവകലാശാലാ വിദ്യാർത്ഥികളുടെയും ഹൈസ്കൂളിലെ അവസാന രണ്ട് വർഷ വിദ്യാർത്ഥികളുടെയും പഠനം രണ്ടുകൊല്ലത്തേക്ക് സസ്പെൻഡ് ചെയ്തതായും അവർ അത്രയും കാലം ഗ്രാമീണ വികസന പ്രവർത്തനങ്ങളിൽ മുഴുകേണ്ടതാണെന്നും പ്രഖ്യാപിച്ചു. ഗ്രാമീണ കർഷകരെ എഴുത്തും വായനയും പഠിപ്പിക്കുക, സ്കൂളുകളുടെയും റോഡുകളുടെയും നിർമാണത്തിന് നേതൃത്വം നൽകുക, വിപ്ലവത്തിന്റെ സന്ദേശം കർഷകരിലെത്തിക്കുക തുടങ്ങിയവയായിരുന്നു അവരിൽ നിക്ഷിപ്തമായ കടമകൾ. വികസനം സഹകരണത്തിലൂടെ (Development through cooperation) എന്നതായിരുന്നു ഈ കാമ്പെയ്നിന്റെ പേര്.

ഇത്തരത്തിലൊരു പ്രവർത്തനം നേരത്തെ വിദ്യാർത്ഥികൾ തന്നെ മുന്നോട്ടുവച്ച ആശയമായിരുന്നു. പക്ഷേ, ഇപ്പോൾ അവര് രോഷാകുലരാണ്. വിപ്ലവത്തെ ആവേശത്തോടെ മുന്നോട്ടു നയിക്കാൻ വേണ്ടി അവർ വിഭാവനം ചെയ്തത് തികച്ചും സന്നദ്ധമായുള്ള ഒരിടപെടലായിരുന്നു. ഇപ്പോഴത് സർക്കാര് അടിച്ചേൽപ്പിക്കുന്ന ഒന്നായി മാറിയിരിക്കുന്നു. മാത്രവുമല്ല, ഇത് തങ്ങളെ രാഷ്ട്രീയരംഗത്ത്

നിന്ന് മാറ്റിനിർത്താനുള്ള ഒരടവായും അവര് കണ്ടു. പ്രതിഷേധങ്ങൾ ഉയരാതിരുന്നില്ല. കാമ്പെയ്നിൽ പങ്കാളികളാവുന്നതിനുള്ള റജിസ്ട്രേഷൻ ഫോമുകൾ പലരും കീറിയെറിഞ്ഞു. പദ്ധതിയിൽ പങ്കാളികളാവത്ത വർക്ക് എത്യോപ്യയിലോ വിദേശത്തോ പഠനം തുടരാനാവില്ലെന്നും അത്തരക്കാർക്ക് ജോലികൾ നൽകില്ലെന്നുമുള്ള ഡെർഗിന്റെ പ്രഖ്യാപനം വന്നപ്പോൾ പ്രതിഷേധങ്ങള് പരാജയപ്പെട്ടു. പുതുതായി രൂപംകൊണ്ട ഭരണകൂടത്തിന് താൽക്കാലികമായെങ്കിലും സ്വസ്ഥത പ്രദാനം ചെയ്യുക എന്നൊരു ലക്ഷ്യം ഈ കാമ്പെയ്നിന് പുറകിലുണ്ടെന്ന് പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആഭ്യന്തരക്കുഴപ്പങ്ങൾ ചക്രവർത്തിയെ നീക്കുന്നതിന് സഹായകമായെങ്കിലും  നഗരങ്ങളെ കേന്ദ്രീകരിച്ചു കൊണ്ട് ജനാധിപത്യത്തിനു വേണ്ടി ഉയരുന്ന മുറവിളികൾ ഒരു യഥാർത്ഥഭീഷണി തന്നെയായിരുന്നു. അതുകൊണ്ടുതന്നെ വിദ്യാർത്ഥി കളെ കുറച്ചുകാലത്തേക്ക് നഗരങ്ങളിൽ നിന്ന് മാറ്റിനിർത്തുക എന്ന കാര്യം ഭരണാധികാരികളെ സംബന്ധിച്ച് ഉചിതമായ തീരുമാനമായിരുന്നു.

അംഹാറിക്ക് ഭാഷയിൽ മാത്രമൊതുക്കാതെ എന്തുകൊണ്ട് തദ്ദേശീയ ഭാഷകളെ കൂടി സാക്ഷരതാ പ്രവർത്തനത്തിനായി ഡെർഗ് തിരഞ്ഞെടുത്തു എന്ന ചോദ്യത്തിന് അഭ്യൂഹങ്ങൾ നിരത്താനേ കഴിയൂ. കാരണം ഡെർഗിന്റെ പ്രവർത്തനങ്ങള് സുതാര്യമായിരുന്നില്ല എന്നതുതന്നെ. അവരിൽപ്പോലും എല്ലാവർക്കും എല്ലാ കാര്യങ്ങളും അറിയുമായിരുന്നില്ല. സാക്ഷരത കൂടുമ്പോൾ ഭരണകൂടത്തിന് അവരുടെ നയങ്ങൾ കൂടുതൽ ഫലപ്രദമായി ജനങ്ങളിലേക്കെത്തിക്കാന് കഴിയുമെന്ന ധാരണയാവാം. അംഹാറിക്ക് മാത്രം എന്ന നിബന്ധന മാറ്റിയാലേ കൂടുതൽ ജനങ്ങളിലേക്ക് എത്താന് കഴിയൂ. കാമ്പെയ്ൻ പ്രഖ്യാപിക്കുമ്പോൾ ഡെർഗ് നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നുണ്ടായിരുന്നു. ധൃതിയിൽ തീരുമാനങ്ങള് പ്രഖ്യാപിക്കേണ്ടിയും വന്നു. അംഹാറിക്ക്, ടിഗ്രേന്യ ഭാഷകൾക്ക് മാത്രമേ ലിപികളുള്ളൂ എന്ന കാര്യം പോലും പരിഗണിക്കപ്പെട്ടില്ല.

പഠിതാക്കളെ സംബന്ധിച്ചിടത്തോളം അവരുടെ ഭാഷയിൽ പഠനസാമഗ്രികൾ ലഭിക്കേണ്ടതുമുണ്ട്. ആലോചനകളോ മുന്നൊരുക്കങ്ങളോ നടന്നില്ലെന്നതിന്റെ നിദർശനമാണിത്.

മറ്റൊരു അഭിപ്രായം ഈ പ്രവർത്തനം ഉൽപ്പതിഷ്ണുക്കളായ വിദ്യാർത്ഥികളുടെ ആഭിമുഖ്യം പിടിച്ചുപറ്റാനുള്ള ഒരവസരമായി ഡെർഗ് കണ്ടിട്ടുണ്ടാവാം എന്നതാണ്. എല്ലാ ഭാഷകളിലൂടെയും സാക്ഷരതാ പ്രവർത്തനം എന്നതുവഴി വംശീയ സ്വതനിർണയവാദക്കാരെ അനുകൂലിക്കുന്ന എന്ന അന്തരീക്ഷം സൃഷ്ടിക്കുകയും എന്നാൽ അതിനുവേണ്ടി ഒന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന സമീപനമായിരുന്നു ഡെർഗിന്റേതെന്നാണ് അത്തരം വാദമുന്നയി ക്കുന്നവർ പറയുന്നത്. സ്വയം നിർണയ വാദത്തിന് ഡെർഗ് ഒരിക്കലും അനുകൂലമായിരുന്നില്ല. എറിത്രിയന് മേഖലയിലെ പ്രശ്നങ്ങളെ ഡെർഗ് നേരിട്ട രീതികൾ ഇത് ബോധ്യപ്പെടുത്തുന്നതാണ്. ഡെർഗിന്റെ ആദ്യ ചെയർമാന് ലെഫ്റ്റനന്റ് അമോന് ആൻഡോം (Amon Andom) ഒരു എറിത്രിയൻ വംശജനായിരുന്നു. എറിത്രിയൻ പ്രക്ഷോഭകരോട് സംഘട്ടനത്തിന് പകരം ഉൾക്കൊള്ളലാകാം എന്ന അഭിപ്രായക്കാരനായ അമോന് ആൻഡോമിനെ ഡെർഗ് പുറന്തള്ളുകയും വധിക്കുകയുമാണ് ഉണ്ടായത്. ഡെർഗിലെ പലരും വംശീയ വികാരങ്ങളോട് ചെറിയതോതിൽ അനുഭാവപൂർണമായ സമീപനങ്ങളുള്ളവരായിരുന്നെന്നും അതിനാലാണ് ഇത്തരം തീരുമാനമുണ്ടായതെന്നും കരുതുന്നവരും ഉണ്ട്. എന്തായാലും ഒറോമോ വിഭാഗത്തിനുണ്ടായിരുന്ന മേൽക്കൈയാണ് ഇതിന് കാരണമെന്ന വാദത്തെ എല്ലാവരും പിന്തള്ളുന്നു. ഡെർഗിലെ പ്രമുഖനായിരുന്ന മെൻഗിസ്റ്റു ഹൈലെ മറിയം (Mengistu Haile Mariam) ഒറോമോ ആയിരുന്നെന്ന വാദം തർക്കവിഷയമാണ്. അമ്മ വഴി അദ്ദേഹം അംഹാറയല്ല എന്നതിൽ മാത്രമേ ഉറപ്പുള്ളൂ. ഡെർഗിലെ ഒറോമോ സ്വാധീനത്തെക്കുറിച്ച് കൃത്യമായി പറയാനാവില്ലെങ്കിലും ഒരു കാര്യം ഉറപ്പിച്ച് പറയാം, ഭൂപരിഷ്കരണത്തിന്റെ കാര്യത്തിൽ നേട്ടം കൊയ്തത്

ഒറോമോ വിഭാഗക്കാരാണ്. അംഹാറ, ടിഗ്രേ വിഭാഗക്കാരായ വരേണ്യർക്ക് കനത്ത നഷ്ടവും.

വിദ്യാർത്ഥികൾ വിദൂര ഗ്രാമങ്ങളിലേക്ക് പോയി ഏതാനും മാസങ്ങൾക്ക് ശേഷമാണ് ഡെർഗുകളുടെ ഭൂപരിഷ്കരണ പ്രഖ്യാപനം ഉണ്ടായത്. ഇത് അതുവരെ നീരസം പ്രകടിപ്പിച്ചിരുന്ന വിദ്യാർത്ഥികളെ- പ്രത്യേകിച്ച് അവരിലെ ഉൽപ്പതിഷ്ണുക്കളെ ആവേശപൂർവം പ്രവർത്തനങ്ങളിലേക്ക് നയിച്ചു. കർഷകർക്ക്, അവർ അപ്പോൾ ജോലി ചെയ്തുവരുന്ന ഭൂമി ഒരാൾക്ക് പത്ത് ഹെക്ടർ എന്ന പരമാവധി വെച്ചുകൊണ്ട് വീതിച്ചു നൽകപ്പെട്ടു. ഫ്യൂഡൽ ഭൂവുടമാ ബന്ധങ്ങൾ പൊളിച്ചെഴുതുക എന്നത് വിദ്യാർത്ഥികളുടെ ഒരാവശ്യമായിരുന്നല്ലോ. അതുകൊണ്ട് കർഷകരുടെ അസോസിയേഷനുകൾ സംഘടിപ്പിക്കുക എന്ന ദൌത്യത്തിലേക്ക് വിദ്യാർത്ഥികള് പൂർണമനസ്സോടെ പങ്കാളികളായി. 1976 വേനൽക്കാലമാവുമ്പോഴേക്കും 18000 അസോസിയേഷനുകളിലായി നാൽപ്പത്തഞ്ച് ലക്ഷം കൃഷിക്കാരെ സംഘടിപ്പിച്ചിരുന്നു.

പക്ഷേ, ആവേശം അധികനാൾ നീണ്ടുനിന്നില്ല. പുതിയ ഭരണകൂടത്തെക്കുറിച്ചുള്ള വ്യാമോഹങ്ങളിൽ നിന്ന് വിദ്യാർത്ഥികള് മുക്തരാവുകയും അവർ കർഷകരെ സർക്കാരിനെതിരായി ഇളക്കിവിടാനാരംഭിക്കുകയും ചെയ്തു. കമ്യൂണുകൾ ഉണ്ടായിവരണമെന്നും ജനാധിപത്യ രീതിയിൽ കേന്ദ്രസർക്കാരിൽ കർഷകരുടെ ശബ്ദം പ്രതിഫലിക്കണമെന്നും അവർ ആഗ്രഹിച്ചു. വിദ്യാർത്ഥികളിൽ ചിലരെ സർക്കാര് തിരിച്ചുവിളിച്ചു. ചിലർ രാജ്യം വിട്ടു. ചിലർ പ്രതികൂലമായ ജീവിതാവസ്ഥകളിൽ മരണമടഞ്ഞു. ജെർമ അമാരെയുടെ An Appraisal of the Literacy Campaign in Ethiopia During the Military Regime, 1974-1991 എന്ന പ്രബന്ധത്തിൽ ഓണംകേറാമൂലകളായ എത്യോപ്യന് ഗ്രാമങ്ങളിൽ വിദ്യാർത്ഥികൾ നേരിട്ട കഠിനമായ ജീവിത സാഹചര്യങ്ങളെ വിശദമായി രേഖപ്പെടുത്തുന്നുണ്ട്.അനാരോഗ്യകരമായ സാഹചര്യങ്ങളിൽ ശുദ്ധജലവും വേണ്ടത്ര ഭക്ഷണവും ലഭിക്കാതെയും

മലേറിയ ബാധിച്ചും ടെന്റുകളിൽ പാമ്പുകടിയേറ്റും ഗ്രാമീണരുമായുണ്ടായ കശപിശകളിൽ കൂട്ടത്തോടെ ചുട്ടുകൊല്ലപ്പെട്ടും മറ്റും 116 വിദ്യാർത്ഥികള് കാമ്പെയ്ൻ രക്തസാക്ഷികളായുണ്ടെന്നാണ് അവര് കണക്കാക്കുന്നത്. അമ്പതിനായിരത്തിൽപ്പരമുണ്ടായിരുന്ന വളന്റിയർമാരുടെ എണ്ണം ഒരുകൊല്ലം കൊണ്ട് പതിനെട്ടായിരമായി കുറഞ്ഞു. എങ്കിലും വിദ്യാർത്ഥികളുടെ സേവനമില്ലായിരുന്നെങ്കിൽ കർഷകരുടെ അസോസിയേഷനുകള് രൂപപ്പെടുമായിരുന്നില്ല. അവരുടെ ചിന്തകളിൽ പുത്തൻ ആശയങ്ങള് മുള പൊട്ടുമായിരുന്നില്ല.

വിപ്ലവത്തിന്റെ ആവേശത്തിൽ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് വലിയ ഇടം കിട്ടിയില്ലെന്നതൊരു യാഥാർത്ഥ്യമാണ്. ചെറിയ ചില മാറ്റങ്ങളല്ലാതെ വംശീയ ഗ്രൂപ്പുകൾക്കും മതവിഭാഗങ്ങൾക്കും കാര്യമായ നേട്ടമുണ്ടായില്ല. മുസ്ലീം അവധിദിനങ്ങൾ അംഗീകരിക്കൽ, ഒറോമോ റേഡിയോ പ്രക്ഷേപണത്തിന്റെ സമയം വർധിപ്പിക്കൽ, ഒറോമോയിൽ പ്രസിദ്ധീകരണങ്ങൾക്ക് അനുമതി നൽകൽ, പ്രാഥമിക വിദ്യാഭ്യാസത്തിൽ ദേശ്യഭാഷയുടെ സാധ്യതകളെ പരിശോധിക്കൽ എന്നിവയൊക്കെ നടന്നെങ്കിലും ചക്രവർത്തിയുടെ അംഹാറവൽക്കരണ പദ്ധതികൾ ഏതാണ്ട് അതുപോലെയൊക്കെത്തന്നെ തുടർന്നു. ഭൂപരിഷ്കരണം, കർഷകരുടെയിടയിൽ ഉൽപ്പതിഷ്ണുത്വം കൊണ്ടുവരൽ (radicalization) തുടങ്ങിയ സമൂലമായ മാറ്റങ്ങൾ കൊണ്ടുവന്നെങ്കിലും ബഹുഭാഷാ ദേശീയതകൾക്കു മുകളിൽ കേന്ദ്രീകരണം അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങള്, വംശീയ വിഭാഗങ്ങൾക്ക് സ്വയം നിർണയാവകാശം നൽകാതിരിക്കൽ, സാമ്രാജ്യത്വത്തിന്റെ അംഹാറവൽക്കരണ നയം എന്നിവയിലെല്ലാം പുതിയ ഭരണസംവിധാനവും ഒട്ടിപ്പിടിച്ചു എന്ന് ക്ലപ്പർ അഭിപ്രായപ്പെടുന്നു. ഹൈലെ സെലേസിക്ക് ഇത് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ അദ്ദേഹം ഒരു ഗൂഢസ്മിതത്തോടെ മാപ്പ് നൽകിയേനെ എന്നാണ് ക്ലപ്പര് തന്റെ അവലോകനം അവസാനിപ്പിക്കുന്നത്.

1988 ലാണ് കൂപ്പറിന്റെ 'ലാംഗ്വേജ് പ്ലാനിങ്ങ് ഏന്റ് സോഷ്യൽ ചേഞ്ച്' എന്ന പുസ്തകം പുറത്തിറങ്ങിയത്. എത്യോപ്യയിൽ അതിനുശേഷമുണ്ടായ പ്രധാന മാറ്റങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം. 1991 ൽഎത്യോപ്യന് പീപ്പിൾസ് റെവല്യൂഷണറി ഡെമോക്രാറ്റിക്ക് ഫ്രന്റ് (EPRDF)ഡെർഗിനെ പുറത്താക്കി അധികാരത്തിലെത്തി. ഇ പി ഡി ആർ എഫ് ഒരു "എത്തിനിക്ക് ഫെഡറലിസ്റ്റ്" സംവിധാനമായിരുന്നു നാല് രാഷ്ട്രീയപാർട്ടികള് (ടിഗ്രേ പീപ്പിൾസ് ലിബറേഷന് ഫ്രന്റ് , അംഹാറ ഡെമോക്രാറ്റിക്ക് പാർട്ടി, ഒറോമോ ഡെമോക്രാറ്റിക്ക് പാർട്ടി, സതേൺ എത്യോപ്യന് പീപ്പിൾസ് ഡെമോക്രാറ്റിക്ക് മൂവ്മെന്റ്) അടങ്ങിയതായിരുന്നു അത്. 1995 മുതൽ എത്യോപ്യ ഒരു പാർലമെന്ററി റിപ്പബ്ലിക്കാണ്. 2019 നവംബറിൽ ഇ പി ആര് ഡി എഫ് പിരിച്ചുവിടുകയും അംഗരാഷ്ട്രീയപാർട്ടികളെ ലയിപ്പിച്ചുകൊണ്ട് പ്രോസ്പിരിട്ടി പാർട്ടി രൂപീകരിക്കുകയും ചെയ്തു. 1995 ലെ എത്യോപ്യൻ ഭരണഘടന പ്രകാരം എല്ലാ ഭാഷകൾക്കും തുല്യ അംഗീകാരമാണുള്ളത്. എത്യോപ്യയിലെ വിവിധ മേഖലകൾക്കും ചാർട്ടേർഡ് സിറ്റികൾക്കും അവർക്ക് ഇഷ്ടമുള്ള ഭാഷ വർക്കിങ്ങ് ലാംഗ്വേജ് ആയി നിർണയിക്കാം.

**യുനസ്കോ കേസ് സ്റ്റഡി**

കാൾ എർലാൻഡ് ഗഡേലി യുനസ്കോയുടെ ഭാഷാവിഭാഗത്തിനുവേണ്ടി തയ്യാറാക്കിയ ഭാഷാസൂത്രണം: സിദ്ധാന്തവും പ്രയോഗവും-ലോകമാകെയുള്ള ഭാഷാസൂത്രണ നടപടികളുടെ വിലയിരുത്തൽ (Language planning: Theory and practice- Evaluation of language planning cases worldwide) എന്ന റിപ്പോർട്ട് വ്യത്യസ്ത മേഖലകളിൽ നിന്നുള്ള കേസ് സ്റ്റഡികളാണ്. യുനസ്കോ ലോകരാജ്യങ്ങളെ അഞ്ച് മേഖലകളായി തിരിച്ചിട്ടുണ്ട്. ഈ അഞ്ച് മേഖലകളിൽ നിന്നാണ് രണ്ടു വീതം രാജ്യങ്ങളെ പഠനത്തിനായി തിരഞ്ഞെടുത്തത്. ബുർക്കിന ഫാസോ, ടാൻസാനിയ (ആഫ്രിക്കൻ ഗ്രൂപ്പ്), മൊറോക്കോ, ലെബനൻ( അറബ് രാഷ്ട്രങ്ങൾ), കംബോഡിയ,

ഇന്ത്യ (ഏഷ്യ &പസഫിക്ക് ഗ്രൂപ്പ്), ഫിൻലൻഡ്, സ്പെയിൻ (യൂറോപ്പ് & നോർത്ത് അമേരിക്ക ഗ്രൂപ്പ്), ഗ്വാട്ടിമാല, ബൊളീവിയ (ലാറ്റിൻ അമേരിക്ക & കരീബിയൻ ഗ്രൂപ്പ്) എന്നിങ്ങനെ സങ്കീർണമായ ഭാഷാ അവസ്ഥ നിലനിൽക്കുന്നവയും കഴിയാവുന്നേടത്തോളം പ്രതിനിധാന സ്വഭാവമുള്ളവയുമായ രാഷ്ട്രങ്ങളെയാണ് വിലയിരുത്തലിനായി തിരഞ്ഞെടുത്തത് എന്ന് ഗഡേലി ആമുഖമായി പറയുന്നുണ്ട്. ലഭ്യമായേടത്തോളം രേഖകൾ പരിശോധിച്ചും വിദ്ഗ്ധരോട് അന്വേഷിച്ചും കണ്ടെത്തിയ വിവരങ്ങൾ പ്രധാനമായും തദ്ദേശീയ ഭാഷകളുടെയും വംശനാശഭീഷണി നേരിടുന്ന ഭാഷകളുടെയും സ്റ്റാറ്റസ്, കോർപ്പസ് ആസൂത്രണങ്ങളെയും വിദ്യാഭ്യാസരംഗത്തെ ഭാഷാസൂത്രണത്തെയും മുൻനിർത്തിയാണ്. പൊതുസ്ഥിതി, നിയമപരമായ പദവി, നിയമനിർമാണത്തിലുള്ള ഉപയോഗം, കോടതി ഭാഷ, ഭരണഭാഷ, വിദ്യാഭ്യാസം, ബിസിനസ്, മാധ്യമം എന്നീ രംഗങ്ങളിലായി 37 ചോദ്യങ്ങൾക്ക് രാജ്യങ്ങളിൽ നിന്ന് ലഭിച്ച ഉത്തരങ്ങളും പഠനത്തിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. യുനസ്കോയ്ക്കു വേണ്ടി ഗഡേലി നടത്തിയ പഠനം 1999 ലാണ് നടന്നത്. ഇരുപത് വർഷങ്ങൾ കൊണ്ട് വലിയതോതിലുള്ള മാറ്റങ്ങള് ഓരോ രാജ്യത്തും സംഭവിച്ചിട്ടുണ്ട്. അതിനാൽ രാജ്യങ്ങളുടെ തിരഞ്ഞെടുപ്പിനുള്ള അടിസ്ഥാനമായി അതിനെ പിന്തുടരുക മാത്രമാണ് ഇവിടെ ചെയ്യുന്നത്. ആ രാജ്യങ്ങളിലെ സമകാലീനാവസ്ഥ കഴിയാവുന്നത്ര അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഏഷ്യാ പസഫിക്ക് വിഭാഗത്തിൽ അവർ തിരഞ്ഞെടുത്ത രണ്ടാമത്തെ രാജ്യം ഇന്ത്യയാണ്. ഇന്ത്യൻ ഭാഷാസൂത്രണത്തെ അടുത്ത അധ്യായത്തിൽ വിശദമായി പരിശോധിക്കുന്നതിനാൽ അത് ഇവിടെ ഉൾപ്പെടുത്തിയിട്ടുമില്ല.

**ബുർക്കിനാ ഫാസോ:**

മാലി, നൈജർ, ബെനിൻ, ടോഗോ, ഘാന, ഐവറി കോസ്റ്റ് എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന ഒരു പടിഞ്ഞാറന് ആഫ്രിക്കൻ രാജ്യമാണ് ബുർക്കിനാ ഫാസോ. റിപ്പബ്ലിക്ക് ഓഫ് അപ്പർ

വോൾട്ട എന്നറിയപ്പെട്ടിരുന്ന ഈ രാജ്യം 1984ലാണ് ബുർക്കിനാ ഫാസോ എന്ന പേർ സ്വീകരിച്ചത്. എഴുപതോളം ഭാഷകൾ സംസാരിക്കപ്പെടുന്ന ഇവിടുത്തെ ഔദ്യോഗിക ഭാഷ ഫ്രഞ്ച് ആണ്. 52.5 % ആളുകൾ ഉപയോഗിക്കുന്ന ഭാഷ മോര് (*Mòoré*) ആണ്. മോസി വിഭാഗം സംസാരിക്കുന്ന ഭാഷയായതിനാൽ മോസി എന്നും ഇത് അറിയപ്പെടുന്നു. മോറിയോടൊപ്പം ദേശീയ അംഗീകാരമുള്ള ഭാഷകൾ ഫുൾഫുൾഡ്, ഡ്യൂല എന്നിവയാണ്. ഫുൾഫുൾഡ്, ഡ്യൂല ഭാഷകൾ പ്രധാനമായും മാലി, നൈദർ അതിർത്തിയിലുള്ളവരാണ് സംസാരിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഫുൾഫുൾഡ് ഒരു ബന്ധഭാഷയായി ഉപയോഗിച്ചു വരുന്നു. വിദ്യാഭ്യാസ മേഖലയിലോ റേഡിയോ പ്രക്ഷേപണത്തിലോ ഒക്കെയായി ഏതെങ്കിലും തരത്തിൽ അംഗീകാരമുള്ള ഭാഷകൾ ബിസ, ബോബോ, ഭ്വാമു, സെർമ, ഡാഫിന്, ദഗര, കാർ, കാസിം, ലോബിരി, ലൈലെ, നൻകാന, നുനി, സാൻ, സെനുഫോ, സിസാലേ, സൊമാരി, തമാഷ്ക്ക് എന്നിവയാണ്. ഭൂരിഭാഗം ഭാഷകളും വലിയതോതിൽ ഉപയോഗിക്കപ്പെടുന്നവയല്ല. രാജ്യത്തിന്റെ പേര് രണ്ട് ഭാഷയിലെ വാക്കുകളിൽ നിന്ന് രൂപം കൊണ്ടവയാണത്രേ. മോർ ഭാഷയിൽ ബുർക്കിനാ എന്ന വാക്കിന്റെ അർത്ഥം സത്യസന്ധന് (men of integrity) എന്നും ഡ്യൂല ഭാഷയിൽ ഫാസോ എന്നാൽ അച്ഛന് വീട് (father's house) എന്നുമാണ്.

മോർ, ഫുൾഫുൾഡ്, ഡ്യൂല ഭാഷകൾക്ക് ദേശീയ അംഗീകാരം നൽകിയത് സർവസമ്മതമായില്ല. ഫ്രഞ്ചിനെ ഈ ഭാഷകൾ കൊണ്ട് പകരം വെക്കുന്നത് അന്താരാഷ്ട്രതലത്തിലുള്ള തൊഴിലവസരങ്ങള് ലഭ്യമല്ലാതാക്കുമെന്ന് ചിലർ വിശ്വസിച്ചു. ഈ ഭാഷകളല്ലാതെ മറ്റ് ഭാഷകൾ ഉപയോഗിക്കുന്നവർക്ക് തങ്ങള് തഴയപ്പെട്ടു എന്ന ധാരണയുമുണ്ടായി. 1978– 1983 കാലയളവിൽ ഏതാനും സ്കൂളുകളിൽ മോർ, ഫുൾഫുൾഡ്, ഡ്യൂല ഭാഷകൾ ഉപയോഗിക്കപ്പെട്ടു. ആ അവസരത്തിൽ വന്ന വിപ്ലവ സർക്കാര് ദേശീയ ഭാഷകളെ പ്രോത്സാഹിപ്പിച്ചു. ഇതിന്റെ തുടർച്ചയായി 1990 ൽ വിദ്യാഭ്യാസത്തിനും

സാക്ഷരതയ്ക്കുമുള്ള മന്ത്രാലയവുമുണ്ടായി. ബുർക്കിനാബോ ഭാഷകളിൽ ജനങ്ങളെ എഴുതാനും വായിക്കാനും പഠിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. പക്ഷേ, ഇത് വലിയ തോതിൽ വിജയം കണ്ടില്ല. വയോജന വിദ്യാഭ്യാസത്തിൽ ബുർക്കിനാബോ ഭാഷകളും മറ്റ് വിദ്യാഭ്യാസകാര്യങ്ങളിൽ ഫ്രഞ്ചും ഉപയോഗിച്ചുപോരുന്ന ഒരു രീതിയാണ് ഇന്ന് കാണുന്നത്. ഇതുകൊണ്ടായിരിക്കാം സ്കൂൾ വിദ്യാഭ്യാസത്തിൽ വലിയ തോതിലുള്ള കൊഴിഞ്ഞുപോക്ക് നിലനിൽക്കുന്നു. കോർപ്പസ് പ്ലാനിങ്ങിന്റെ ഭാഗമായി 1969 ൽ ഒരു കമ്മീഷൻ നിയമിക്കപ്പെട്ടു അതിന്റെ തുടർച്ചയായി ബുർക്കിനാബോ ഭാഷകൾക്ക് ലിപികള് തയ്യാറാക്കാനുള്ള സ്ഥാപനവും നിലവിൽ വന്നു.

**ടാൻസാനിയ:**

ആഫ്രിക്കയുടെ കിഴക്ക് ഇന്ത്യൻ മഹാസമുദ്രത്തോട് ചേർന്നുള്ള ഒരു രാജ്യമാണ് ടാൻസാനിയ. മറ്റു ഭാഗങ്ങളിൽ കെനിയ, ഉഗാണ്ട, റുവാണ്ട്, ബറുണ്ടി, കോംഗോ, സാംബിയ, മലാവി, മൊസാംബിക്ക് എന്നീ രാജ്യങ്ങളാണ്. 2012 ലെ സെൻസസ് അനുസരിച്ച് ജനസംഖ്യ 4,49,28,923 ഉം സാക്ഷരത 67.8 % ഉം ആണ്. സ്വാഹിലിയും ഇംഗ്ലീഷും ഔദ്യോഗിക ഭാഷകളാണ്. സ്വാഹിലിക്ക് കിസ്വാഹിലി (Kiswahili) എന്നൊരു പേരു കൂടിയുണ്ട്. ഒരു ആഫ്രിക്കൻ ബന്ധഭാഷയെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ ഇത്രമാത്രം വിജയിച്ച മറ്റൊരു രാജ്യമുണ്ടാവില്ല. ഭാഷയെ പരിപോഷിപ്പിക്കുന്നതിനായി നിരവധി സ്ഥാപനങ്ങൾ ടാൻസാനിയയിലുണ്ട്. നാഷണൽ സ്വാഹിലി കൌൺസിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്വാഹിലി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്വാഹിലി ഏന്റ് ഫോറിൻ ലാംഗ്വേജസ്, ഈസ്റ്റേൺ ആഫ്രിക്കന് സെന്റർ ഫോര് റിസർച്ച് ഓണ് ഓറൽ ട്രഡീഷൻസ് ഏന്റ് ആഫ്രിക്കൻ നാഷണൽ ലാംഗ്വേജസ് തുടങ്ങിയവ ഉദാഹരണങ്ങളാണ്.

നൂററിഇരുപതിൽപ്പരം ഭാഷകളുള്ള ഒരു പ്രദേശമാണിത്. ആഫ്രിക്കൻ ഭാഷകൾക്കു പുറമെ ഇംഗ്ലീഷ്, അറബി, ഹിന്ദി, ഗുജറാത്തി ഭാഷകളും ഇവിടെ പ്രചാരത്തിലുണ്ട്. ഇംഗ്ലീഷ് സ്വാഹിലിയോടൊപ്പം

ഭരണഭാഷയുമാണ്. പാർലമെന്റ് ചർച്ചകള്, കീഴ്ക്കോടതി നടപടികൾ, ഭരണം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിലെല്ലാം സ്വാഹിലിക്ക് തന്നെയാണ് മുൻതൂക്കം. എന്നാൽ സെക്കന്ററി, ഉന്നതവിദ്യാഭ്യാസ രംഗങ്ങളിൽ ഇംഗ്ലീഷിനാണ് പ്രാമുഖ്യം. വിദ്യാഭ്യാസരംഗത്ത് നിന്ന് ഇംഗ്ലീഷിനെ ഒഴിവാക്കാനുള്ള തീരുമാനം 2015 ൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഏതാണ്ട് പത്ത് ശതമാനം ജനങ്ങൾ ഒന്നാം ഭാഷയായി സ്വാഹിലി ഉപയോഗിക്കുന്നവരാണ്. രണ്ടാം ഭാഷയായി ഉപയോഗിക്കുന്ന വരാണെങ്കിൽ 90 ശതമാനം വരും. പുതുതലമുറ- പ്രത്യേകിച്ച് നഗരപ്രദേശങ്ങളിലുള്ളവർ സ്വാഹിലി ഒന്നാം ഭാഷയായി ഉപയോഗിക്കുന്നവരായി മാറിക്കൊണ്ടിരിക്കുന്നു. സ്വാഹിലിക്ക് എല്ലാവിധ പ്രോത്സാഹനവും ലഭിക്കുന്നുണ്ടെങ്കിലും മറ്റ് തദ്ദേശ ഭാഷകൾക്കൊന്നും വേണ്ട പരിഗണന കിട്ടുന്നില്ല. അനൌദ്യോഗി കമായി ചിലയിടങ്ങളിൽ പ്രാഥമിക തലങ്ങളിൽ ഉപയോഗിക്കുന്ന തൊഴിച്ചാൽ അവ എവിടേയും പഠനമാധ്യമമോ പഠനവിഷയമോ അല്ല. അവയിൽ റേഡിയോ/ ടെലിവിഷൻ പ്രക്ഷേപണവുമില്ല. അത്തരം ഭാഷകളിൽ പത്രമാധ്യമങ്ങള് തുടങ്ങാനുള്ള അനുവാദവും കിട്ടാന് പ്രയാസമാണ്. ദാറുസ്സലാം യൂനിവേഴ്സിറ്റിയിൽ പ്രാദേശിക ഭാഷകൾക്കായുള്ള വകുപ്പുകളുമില്ല.

**മൊറോക്കോ:**

അത്‌ലാന്റിക്ക് സമുദ്രത്തോടു തൊട്ടുകൊണ്ടുള്ള ഒരു വടക്കന് ആഫ്രിക്കൻ രാജ്യമാണ് മൊറോക്കോ. 1912 ൽ ഫ്രഞ്ച്, സ്പാനിഷ് മേഖലകളായി വിഭജിക്കപ്പെട്ട മൊറോക്കോ 1956 ലാണ് സ്വാതന്ത്ര്യം നേടുന്നത്. 3. 6 കോടി ജനസംഖ്യയുള്ള മൊറോക്കോയിലെ സാക്ഷരത 2012 ലെ കണക്കനുസരിച്ച് 72 ശതമാനമാണ്. നിരവധി ഭാഷകളുടെ നാടാണ് മൊറോക്കൊ. അറബിയും ബെർബറുമാണ് ഔദ്യോഗിക ഭാഷകൾ എന്നാണ് പൊതുവെ പറയാറ്. അത് പൂർണമായും ശരിയല്ല. ഔദ്യോഗികഭാഷകൾ സ്റ്റാൻഡേർഡ് അറബിക്കും താമസൈറ്റുമാണ് (Tamazight). തദ്ദേശീയ ഭാഷയായ മൊറോക്കൻ അറബി ധരീജ

എന്നാണ് അറിയപ്പെടുന്നത്. അതിലൂടെ ഏതാണ്ട് തൊണ്ണൂറു ശതമാനം മൊറോക്കക്കാർക്കും ആശയവിനിമയം നടത്താന് കഴിയും. ധരീജയും മോഡേൺ സ്റ്റാൻഡേർഡ് അറബിയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. വ്യാകരണ രൂപങ്ങളിലും ശബ്ദശാസ്ത്രത്തിലും (phonology), പദസമ്പത്തിലുമെല്ലാം ഈ വ്യത്യാസം നിലനിൽക്കുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രായോഗികമായി മോഡേണ് സ്റ്റാൻഡേർഡ് അറബി ഒരു വിദേശഭാഷ പോലെയാണ്. ബെർബെറാകട്ടെ ആഫ്രോ ഏഷ്യാറ്റിക് ഫാമിലിയുടെ ഒരു ശാഖയാണ്. ബെർബേർസ് വിഭാഗക്കാർ സംസാരിക്കുന്ന സമാനമായ നിരവധി ഭാഷകളുണ്ട് അതിൽ. മൊറോക്കോ, അൾജീരിയ, ലിബിയ എന്നിവിടങ്ങളിലെല്ലാം വലിയതോതിൽ ബെർബര് ഭാഷ സംസാരിക്കുന്ന വിഭാഗങ്ങളുണ്ട്. സ്റ്റാൻഡേർഡ് മൊറോക്കന് ബെർബറിനെ താമസൈറ്റ് എന്നാണ് വിളിക്കുന്നത്. അമസൈ(Amazigh) എന്നൊരു പേരു കൂടിയിതിനുണ്ട്. ബെർബര് എന്ന പേര് താമസൈറ്റ് സംസാരിക്കുന്നവര് തിരിച്ചറിഞ്ഞെന്നുപോലും വരില്ല. 2012 ൽ സ്പെയിനിലെ ഗവണ്മെന്റ് നടത്തിയ ഒരു പഠനപ്രകാരം 98 % മൊറോക്കക്കാരും മൊറോക്കൻ അറബി സംസാരിക്കുന്നവരാണ്. 63% ഫ്രഞ്ചും 43% താമസൈറ്റും 14% ഇംഗ്ലീഷും 10% സ്പാനിഷും സംസാരിക്കുന്നു.

സ്വാതന്ത്ര്യം നേടിയതിനു ശേഷം അറബിവൽക്കരണ നടപടികൾ ആരംഭിച്ചെങ്കിലും അതിൽ ആത്മാർത്ഥമായ ഇടപെടലുകളുണ്ടായില്ല എന്ന് വിമർശനമുയർന്നിരുന്നു. ഫ്രഞ്ച് ഭാഷയെ അറബി കൊണ്ട് പകരം വെക്കാനായിരുന്നു പരിപാടി. വിദ്യാഭ്യാസരംഗത്തും ഭരണരംഗത്തും ഫ്രഞ്ചിന്റെ സ്വാധീനമുണ്ടായിരുന്നു. കോളനിയായിരുന്ന കാലത്ത് ആദ്യം വരേണ്യവിഭാഗവും പിന്നീട് പൊതുസമൂഹവും ഫ്രഞ്ച് പഠിച്ചു. ശാസ്ത്രസാങ്കേതിക രംഗത്തുനിന്നും മാധ്യമരംഗത്തു നിന്നുമൊക്കെ അതുകൊണ്ടുതന്നെ ഫ്രഞ്ചിന്റെ സ്വാധീനം ഒഴിവാക്കുക അത്ര എളുപ്പമായിരുന്നില്ല. 2000 ത്തിലാണ് ചാർട്ടര് ഓഫ് എഡ്യുക്കേഷന് പ്രഖ്യാപിക്കപ്പെട്ടത്. ഇത്

ഭാഷയുടെ രംഗത്ത് വലിയ തോതിലുള്ള മാറ്റങ്ങൾ കൊണ്ടുവന്നു. അറബി പഠനം ഉറപ്പിക്കലും മെച്ചപ്പെടുത്തലും, ഇംഗ്ലീഷ്, ഫ്രഞ്ച് തുടങ്ങിയ ഭാഷകളുപയോഗിച്ച് ശാസ്ത്ര- സാങ്കേതിക രംഗങ്ങളുടെ പഠനം, താമസൈറ്റിന് അംഗീകാരം എന്നിവയായിരുന്നു ഇതിന്റെ പ്രധാന ഘടകങ്ങൾ. മോഡേൺ സ്റ്റാൻഡേർഡ് അറബിയെ ദേശീയ ഭാഷയായി അംഗീകരിക്കുമ്പോഴും എല്ലാ മൊറോക്കക്കാർക്കും അറബി അറിയില്ലെന്ന വസ്തുത അംഗീകരിക്കുകയും അറബിവൽക്കരണം ശാസ്ത്ര- സാങ്കേതികരംഗത്ത് വിജയിക്കില്ലെന്ന് തിരിച്ചറിയുകയും ചെയ്യുന്നു എന്നതാണ് ഈ നയത്തിനെ ശ്രദ്ധേയമാക്കുന്നത്. അതുകൊണ്ടുതന്നെ ഇതിന് ജനപിന്തുണയും നന്നായി ലഭിച്ചു. ന്യൂനപക്ഷ ഭാഷകളെക്കൂടി കണക്കിലെടുക്കുന്ന ഒരു പാതയിലാണ് ഇപ്പോൾ സർക്കാര്.

**ലെബനൻ:**

മധ്യധരണ്യാഴിയോട് തൊട്ടുകിടക്കുന്ന വളരെ ചെറിയ ഒരു രാജ്യമാണ് ലെബനൻ. സിറിയ, ഇസ്രയേൽ എന്നിവയുമായി അതിരുകൾ പങ്കിടുന്നു. ആഭ്യന്തര യുദ്ധങ്ങൾ, സിറിയയുടെയും ഇസ്രയേലിന്റെയും ആക്രമണങ്ങൾ എന്നിവയാലൊക്കെ തുടർച്ചയായി കലുഷിതമായ ഒരു രാഷ്ട്രീയാന്തരീക്ഷമാണ് ലെബനനിന്റേത്. 2108 ലെ മതിപ്പ് ജനസംഖ്യ 68.59 ലക്ഷമാണ്. സാക്ഷരത95 %. അറബിയാണ് രാഷ്ട്രഭാഷ. ഭൂരിഭാഗം ജനങ്ങളുടെയും സംസാരഭാഷ ലെബനീസ് അറബിയാണ്. ലാവന്റൈൻ അറബിക്ക് എന്ന വിഭാഗത്തിൽപ്പെടുന്ന ഭാഷകളിലൊന്നാണ് ലെബനീസ് അറബിക്ക്. ആനുകാലികങ്ങൾ, പത്രങ്ങൾ, പ്രക്ഷേപണം എന്നിവയിൽ മോഡേണ് സ്റ്റാൻഡേർഡ് അറബിയാണ് ഉപയോഗത്തിൽ.

ഫ്രഞ്ച് രണ്ടാംഭാഷയായി വരും. അത് അഭിമാനത്തിന്റെ ഭാഷ കൂടിയാണ്. അറബി രാഷ്ട്രഭാഷയാക്കിയ നിയമത്തിൽ ഫ്രഞ്ച് ഉപയോഗിക്കാവുന്ന മേഖലകൾ പ്രത്യേകം നിജപ്പെടുത്തിയിട്ടുണ്ട്. കറൻസി നോട്ടുകള് റോഡിലെ സൈന് ബോർഡുകള്, വാഹന റജിസ്ട്രേഷന് പ്ലേറ്റുകള് എന്നിവയൊക്കെ ഇക്കൂട്ടത്തിൽ പെട്ടവയാണ്.

ഏതാണ്ട് നാൽപ്പത് ശതമാനത്തിലേറെപ്പേർ ഫ്രഞ്ച് ഉപയോഗിക്കുന്നവരാണ്. സെക്കന്ററി സ്കൂളുകളിൽ എഴുപത് ശതമാനവും രണ്ടാം ഭാഷയായി ഫ്രഞ്ച് ഉപയോഗിക്കുന്നു. ഒൻപതു ലക്ഷം വിദ്യാർത്ഥികളിൽ അഞ്ച് ലക്ഷവും സയൻസും ഗണിതവും ഫ്രഞ്ചിൽ പഠിപ്പിക്കുന്ന സ്കൂളുകളിലാണ്. ശാസ്ത്രം, ബിസിനസ്, ബാങ്കിങ്ങ് തുടങ്ങിയ രംഗങ്ങളിൽ ഇംഗ്ലീഷിന് പ്രാമുഖ്യമുണ്ട്. ഫ്രഞ്ചിനെ പിന്തള്ളിക്കൊണ്ട് കുറച്ചു ദശകങ്ങളായി ഇംഗ്ലീഷ് മുന്നേറുകയാണ്. സമീപരാജ്യങ്ങളായ, സിറിയ, ഇസ്രയേൽ, ഈജിപ്ത് തുടങ്ങിയവയും ഇംഗ്ലീഷിന് പ്രാമുഖ്യം കൊടുത്തുവരുന്നു. അറബി ഔദ്യോഗിക ഭാഷയായും വിദ്യാഭ്യാസം, വാർത്താവിനിമയം തുടങ്ങിയ രംഗങ്ങളിൽ ഫ്രഞ്ചും രാജ്യാന്തര ബന്ധങ്ങൾക്ക് ഇംഗ്ലീഷും ഉപയോഗിക്കുന്ന ഒരു ത്രിഭാഷാ സമ്പ്രദായമാണ് ലെബനനിലുള്ളതെന്ന് ചില പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്. ലെബനനിൽ ഇംഗ്ലീഷിനു മുന്നിൽ അറബി ക്ഷയിക്കുകയാണെന്ന് ഭയപ്പെടുന്ന സ്ഥിതിവിശേഷമുണ്ട്. ലെബനനിലെ അറബിയെ രക്ഷിക്കാനായി ഫീൽ അമേര് (Feil Amer) എന്ന സംഘടനയുടെ നേതൃത്വത്തിൽ പ്രചാരണ പ്രവർത്തനങ്ങള് ആരംഭിച്ചിട്ടുണ്ട്. ഫീൽ അമേര് എന്നാള് ഇപ്പോള് പ്രവർത്തിക്കു (Act now) എന്നാണർത്ഥം. കുട്ടികളോട് അറബിയിൽ ചോദിച്ചാലും ഉത്തരങ്ങൾ ഫ്രഞ്ചിലോ ഇംഗ്ലീഷിലോ മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് അധ്യാപകർ പരാതി പറയുന്നതായി ബി ബി സി 2010 ൽ റിപ്പോർട്ട് ചെയ്തിരുന്നു.

**കമ്പോഡിയ:**

ഏഷ്യയുടെ തെക്കുകിഴക്കു ഭാഗത്താണ് കമ്പോഡിയ. ഖമർ, കമ്പോജദേശം, കമ്പൂച്ചിയ എന്നീ പേരുകളുമുണ്ട്. തായ്‌ലന്റ്, ലാവോസ്, വിയറ്റ്നാം എന്നിവ അയൽരാജ്യങ്ങളാണ്. 2019 ലെ സെൻസസ്സ് അനുസരിച്ച് ജനസംഖ്യ 1,52,88,489 ആണ്. സാക്ഷരതാ ശതമാനം 80.5. ഖമർ എന്നത് ദേശത്തേയും ഭാഷയേയും ജനതയേയും കുറിക്കുന്ന പദമാണ്. ദക്ഷിണ പൂർവേഷ്യന് ഭാഷാകുടുംബത്തിൽ പെടുന്നതാണ്

ഖമർ. പാലിയുടെയും സംസ്കൃതത്തിന്റെയും സ്വാധീനമുള്ള ഭാഷയാണ് ഖമർ. തൊണ്ണൂറു ശതമാനം ജനങ്ങളും ഖമർ സംസാരിക്കുന്നവരാണ്. 1884 ൽ ഫ്രഞ്ചുകോളനിയായി മാറിയ കമ്പോഡിയ 1954 ലാണ് സ്വതന്ത്ര്യയാവുന്നത്. ഖമറാണ് ദേശീയ ഭാഷ. ധാരാളം തദ്ദേശീയ ഭാഷകൾ കമ്പോഡിയയിലുണ്ട്. ചാം, ബ്രാവോ, ചോങ്ങ്, ക്രാവറ്റ്, ക്രൂങ്ങ്, കുയെ, ലമാം, മോങ്ങ്, പിയർ, സാമ്രെ എന്നിവ അവയിൽ ചിലതാണ്. അവയിൽ ചാം ഒഴികെ മറ്റുള്ളവയെല്ലാം ആസ്ട്രോ ഏഷ്യാറ്റിക്ക് കുടുംബത്തിലെ മോൺ- ഖമർ ഉപ വിഭാഗത്തിൽപ്പെടുന്നവയാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പോഡിയന് ലാംഗ്വേജസ് എന്ന സ്ഥാപനം തദ്ദേശീയ ഭാഷകളെക്കുറിച്ച് പഠിക്കാനായി സ്ഥാപിച്ചിട്ടുണ്ട്.

ഒരിക്കൽ ഭരണഭാഷയായിരുന്ന ഫ്രഞ്ച് ഇപ്പോഴും ചിലര്- പ്രത്യേകിച്ച് പഴയ തലമുറ- ഉപയോഗിക്കുന്നുണ്ട്. കമ്പോഡിയൻ ഫ്രഞ്ച് ഒരു ഭാഷാഭേദമായിട്ടാണ് കണക്കാക്കിപ്പോരുന്നത്. ഫ്രഞ്ച് സഹായത്താൽ പ്രവർത്തിക്കുന്ന സ്കൂളുകളിലും സർവകലാശാലകളിലും ഫ്രഞ്ച് പഠനമാധ്യമമായുമുണ്ട്. ഫ്രഞ്ചിൽ ഒരു ദിനപത്രവും ചില ചാനലുകളുമുണ്ട്. ഇന്റർനാഷണൽ ഓർഗനൈസേഷന് ഓഫ് ലെ ഫ്രാങ്കഫോണിൽ കമ്പോഡിയ ഇപ്പോഴും അംഗമാണ്. 1990 കളോടെ ഇംഗ്ലീഷിന്റെ പ്രാധാന്യം കൂടിവന്നു. ഇപ്പോഴത് വിവിധ മണ്ഡലങ്ങളിൽ ഫ്രഞ്ചിനെ പകരം വെക്കുകയാണ്. തെരുവുബോർഡുകള് ഇപ്പോള് ഖമറിലും ഇംഗ്ലീഷിലുമാണ്. വിവിധ സർവകലാശാലകള് ഇംഗ്ലീഷിന് പ്രാമുഖ്യം നൽകുന്നു. കമ്പോഡിയൻ കറൻസികളിലും സ്റ്റാമ്പുകളിലും ഫ്രഞ്ചിനെ മാറ്റി ഇംഗ്ലീഷാക്കിക്കഴിഞ്ഞു. ഒരു പത്രവും ഇപ്പോൾ ഇംഗ്ലീഷിൽ ഉണ്ട്.

**ഫിൻലൻഡ്:**

നോർഡിക്ക് രാജ്യങ്ങളിൽ പെടുന്ന റിപ്പബ്ലിക്ക് ഓഫ് ഫിൻലൻഡ് ഒരു വടക്കന് യൂറോപ്യന് രാജ്യമാണ്. യൂറോപ്പിലെ ഏറ്റവും വടക്കുള്ള, ഉത്തര അത്‌ലാന്റിക്ക് ഭൂപ്രദേശങ്ങളെയാണ് നോർഡിക്ക് എന്ന് വിളിക്കുന്നത്. സ്വീഡൻ, റഷ്യ, നോർവെ എസ്റ്റോണിയ

എന്നിവയുമായി അതിർത്തി പങ്കിടുന്ന ഫിൻലൻഡിന്റെ തലസ്ഥാനം ലോകപ്രശസ്തമായ ഹെൽസിങ്കിയാണ്. 2020 ലെ ജനസംഖ്യ 55, 28,737 ആണ്. 99 %ആണ് സാക്ഷരത. ഫിന്നിഷും സ്വീഡിഷുമാണ് മുഖ്യ ഔദ്യോഗിക ഭാഷകൾ. ഇതിനുപുറമെ ഔദ്യോഗിക ന്യൂനപക്ഷ ഭാഷകളുമുണ്ട്. സാമി ഭാഷയുടെ മൂന്ന് വകഭേദങ്ങൾ (സാമി, ഇനാരി സാമി, സ്കോൾട്ട് സാമി), റൊമാനി, ഫിന്നിഷ് സൈൻ ലാംഗ്വേജ്, കരേലിയൻ എന്നിവയാണവ.

ജനസംഖ്യയുടെ 87.3% ഉപയോഗിക്കുന്ന ഫിന്നിഷ് ഭാഷയാണ് മുഖ്യം. യുറാളിക് കുടുംബത്തിലെ ഫിന്നിക്ക് വിഭാഗത്തിൽപ്പെട്ട ഭാഷയാണ് ഫിന്നിഷ്. എസ്തോണിയൻ ഭാഷയോട് അടുത്ത് നിൽക്കുന്നു. സ്വീഡൻ, റഷ്യ, എസ്റ്റോണിയ, ബ്രസീൽ, കനഡ, യു എസ് എ എന്നിവിടങ്ങളിലും ഫിന്നിഷ് സംസാരിക്കുന്നവർ ചെറിയതോതിൽ ഉണ്ട്. 1809 ൽ സ്വീഡിഷ് ഭരണം അവസാനിക്കുന്നതുവരെ ഫിന്നിഷിന് ഔദ്യോഗിക ഭാഷാ പദവി ഉണ്ടായിരുന്നില്ല. സ്വീഡിഷ് ഭാഷ സംസാരിക്കുന്നത് ഫിൻലൻഡിന്റെ പടിഞ്ഞാറും തെക്കുമുള്ള ചില തീരപ്രദേശങ്ങളിലും സ്വയംഭരണാധികാരമുള്ള അലൻഡ് ദ്വീപിലുമാണ്. ഫിൻലൻഡിലെ സ്വീഡിഷ് മാത്രം സംസാരിക്കുന്ന പ്രദേശം അലൻഡ് ആണ്. സ്വീഡിഷ് മുഖ്യ ഭാഷയായിട്ടുള്ളവർ ജനസംഖ്യയുടെ 5.2 % മാത്രമാണ്. നോർത്ത് ജർമാനിക്ക് വിഭാഗത്തിൽ പെടുന്നതാണ് സ്വീഡിഷ് ഭാഷ. ഫിന്നിഷിനു തുല്യമായ പദവിയാണ് സ്വീഡിഷിനും നൽകിയിട്ടുള്ളത്. ഫിന്നിഷും സ്വീഡിഷും സ്കൂളുകളിൽ നിർബന്ധിത വിഷയങ്ങളാണ്. സ്വന്തമായി മറ്റൊരു ദേശ്യഭാഷ ഉള്ള വിദ്യാർത്ഥികൾക്ക് ഇതിൽ ഇളവുണ്ട്. സാമി ഭാഷയ്ക്ക് ഔദ്യോഗിക പദവിയുള്ളത് വടക്കുള്ള ലാപ്ലാൻഡ് പ്രദേശത്താണ്. ഏതാണ്ട് ഏഴായിരം പേരാണ് അത് ഉപയോഗിക്കുന്നത്. ഫിൻലൻഡിൽ ഒന്നാം ക്ലാസുമുതൽ ഇംഗ്ലീഷ് ഒരു നിർബന്ധിത ഭാഷയായി പഠിപ്പിക്കുന്നുണ്ട്. ഫിന്നിഷ് ജനതയുടെ ഇംഗ്ലീഷ് ഭാഷയിലെ പാടവം ഉയർന്ന നിലവാരം പുലർത്തുന്നു. ഇപ്പോൾ ചില വിദ്യാലയങ്ങളിൽ ഇംഗ്ലീഷിനു പകരം മറ്റു

ഭാഷകൾ തിരഞ്ഞെടുക്കാം. ഏഴാം വയസ്സിലാണ് വിദ്യാഭ്യാസം ആരംഭിക്കുന്നത്. നാലാം ക്ലാസു മുതൽ ജർമന്, ഫ്രഞ്ച്, സ്പാനിഷ്, റഷ്യൻ ഭാഷകളിലേതെങ്കിലും രണ്ടാം വിദേശഭാഷയായി പഠിച്ചു തുടങ്ങാം.

ദി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോര് ദി ലാംഗ്വേജസ് ഓഫ് ഫിൻലൻഡ്, ദി ഫിന്നിഷ് ലാംഗ്വേജ് പ്ലാനിങ്ങ് ഡിപ്പാർട്ട്മെന്റ്, ദി സ്വീഡിഷ് ലാംഗ്വേജ് ഡിപ്പാർട്ട്മെന്റ്, ലാംഗ്വേജ് ബോർഡുകള്, ദി ഫിന്നിഷ് സെന്റർ ഫോര് ടെക്നിക്കൽ ടെർമിനോളജി, ഗവണ്മന്റ് ട്രാൻസലേഷന് യൂനിറ്റ്, ദി ലെക്സിക്കൻ കമ്മറ്റി ഓഫ് ദി ഫിന്നിഷ് മെഡിക്കൽ സൊസൈറ്റി, സാമി ലാംഗ്വേജ് ഓഫീസ്, ദി കൺസൽട്ടിങ്ങ് കമ്മറ്റി ഫോര് റൊമാനി അഫയേഴ്സ്, ദി സെന്റർ ഫോര് സൈൻ ലാംഗ്വേജസ് എന്നിങ്ങനെ സ്ഥാപനങ്ങളുടെയും സംവിധാനങ്ങളുടെയും ഒരു നിര തന്നെ ഭാഷകളുടെ ഉന്നതിക്കായി ഫിൻലൻഡിലുണ്ട്. താരതമ്യേന അവികസിതമായി കിടന്നിരുന്ന ഫിന്നിഷ് ഭാഷയെ പൂർണമായി വികസിച്ച ഒരു ദേശീയ ഭാഷയാക്കി വളർത്തിയതും ന്യൂനപക്ഷ വിഭാഗങ്ങള് സംസാരിക്കുന്ന ഭാഷകൾക്കു പോലും നൽകുന്ന പരിഗണനയും പോഷണവും ഫിൻലൻഡിനെ ഭാഷാസൂത്രണ രംഗത്ത് ശ്രദ്ധേയമാക്കുന്നു.

**സ്പെയിൻ:**

തെക്കുപടിഞ്ഞാറൻ യൂറോപ്യന് രാജ്യമായ സ്പെയ്ന് ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ നിന്നും കേവലം 14 കി. മീ മാത്രം അകലെയുള്ള ഒരു രാജ്യമാണ്. കിഴക്ക് മെഡിറ്ററേനിയൻ കടലും പടിഞ്ഞാറ് അറ്റ്ലാന്റിക് സമുദ്രവും പോർച്ചുഗലുമുള്ള സ്പെയ്നിന്റെ മറ്റ് അതിർത്തികളിൽ ഫ്രാൻസും അൻഡോറയുമാണുള്ളത്. മെഡിറ്ററേനിയിലുള്ള ബലേറിക് ദ്വീപുകളും അറ്റ്ലാൻറിക് സമുദ്രത്തിലുള്ള കാനറി ദ്വീപുകളും സ്പെയ്നിൽ ഉൾപ്പെടുന്നവയാണ്. 2020 ലെ മതിപ്പു ജനസംഖ്യ 4.74കോടിയാണ്. 2018 ലെ സാക്ഷരതാ ശതമാനം 98.44 ഉം. ബഹുഭാഷാ പ്രദേശമായ സ്പെയ്നിൽ സ്പാനിഷ്

ആണ് ഔദ്യോഗിക പദവിയുള്ള ഭാഷ. ഭരണഘടന പ്രകാരം സ്പാനിഷ് അറിയുക എന്നത് പൌരരുടെ അവകാശവും ചുമതലയുമാണ്. നിർദ്ദിഷ്ട പ്രദേശങ്ങളിൽ മാത്രം അംഗീകാരമുള്ള ഭാഷകള് സഹ ഔദ്യോഗിക (co-official ) ഭാഷകളായുമുണ്ട്. ഔദ്യോഗിക പദവികളില്ലെങ്കിലും വേറെ ചില ഭാഷകളോ ഭാഷാഭേദങ്ങളോ ചില പ്രത്യേക പ്രദേശങ്ങളിൽ ഉപയോഗത്തിലുണ്ട്. സഹ ഔദ്യോഗിക ഭാഷകൾ അരനസെ (കാറ്റലോണിയയിൽ), ബാസ്ക്ക്യ(ബാസ്ക്ക്യവിലും നവരേയിലും), കറ്റാലൻ( കാറ്റലോണിയയിലും ബലേറിക് ദ്വീപുകളിലും) ഗാലിസിയാൻ( ഗാലിസിയയിൽ), വലെൻസിയാന് (വലേൻസിയയിൽ) എന്നിവയാണ്.

ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ 99 ശതമാനം ജനങ്ങളുടെയും ഭാഷയാണ് സ്പാനിഷ്. സഹ ഔദ്യോഗിക ഭാഷകളിൽ അരനസെ ഒഴികെയുള്ളവയിലെല്ലാം ദിനപത്രങ്ങളും പുസ്തകങ്ങളുമുണ്ട്. കറ്റാലൻ, ഗാലിസിയാൻ ഭാഷകള് അവയുടെ പ്രദേശങ്ങളിൽ മുഖ്യഭാഷയായി ഉപയോഗിച്ചു വരുന്നു. അവിടങ്ങളിലുള്ളവർ സ്പാനിഷിനെ രണ്ടാം ഭാഷയായാണ് കാണുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്പാനിഷിന് വൈവിധ്യമുള്ള ഭാഷാഭേദങ്ങളുണ്ട്. ദ്വീപുകളൊഴികെയുള്ള സ്പെയ്നിന്റെ മുഖ്യഭൂഭാഗത്ത് ഉപയോഗിക്കുന്നവ യിൽ ബാസ്ക്ക്യ ഒഴികെയുള്ളവയെല്ലാം ഇൻഡോ യൂറോപ്യന് ഗോത്രത്തിൽ പെട്ടവയാണ്. കാസ്റ്റിലിയന് എന്ന പേരിൽ കൂടി അറിയപ്പെടുന്ന സ്പാനിഷ് ലോകത്തൊട്ടാകെ അമ്പതു കോടിയോളം ആളുകൾ ഉപയോഗിക്കുന്ന ഒരു ഭാഷയാണ്. റോയൽ സ്പാനിഷ് അക്കാദമി 1713 ലാണ് സ്ഥാപിതമായത്. മാഡ്രിദ് ആസ്ഥാനമായുള്ള അസോസിയേഷൻ ഓഫ് അക്കാദമീസ് ഓഫ് ദി സ്പാനിഷ് ലാംഗ്വേജ് 1951 ലാണ് സ്ഥാപിതമായത്. സ്പാനിഷ് ഭാഷയ്ക്കു വേണ്ടി ലോകത്തെല്ലായിടത്തുമുള്ള സ്ഥാപനങ്ങളേയും അത് കൂട്ടി യോജിപ്പിക്കുന്നു. നിഘണ്ടുക്കൾ, വ്യാകരണ ഗ്രന്ഥങ്ങൾ, സ്റ്റൈൽ പുസ്തകങ്ങൾ എന്നിങ്ങനെ റഫറൻസ് മെറ്റീരിയലുകള് തയ്യാറാക്കുന്നതിൽ അസോസിയേഷന് ശ്രദ്ധിക്കുന്നു. 1991 ൽ സ്പാനിഷ്

ഗവണ്മെന്റ് സ്ഥാപിച്ച സെർവാന്റീസ് ഇൻസ്റ്റിറ്റ്യൂട്ടിന് 25രാജ്യങ്ങളിലായി 75 സെന്ററുകളുണ്ട്. ലോകമൊട്ടാകെ രണ്ടാം ഭാഷയായി സ്പാനിഷിനെ പ്രചരിപ്പിക്കുകയാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖ്യലക്ഷ്യം. ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2018 ലെ റിപ്പോർട്ട് ലോകമാകെ 57.7കോടി ജനങ്ങള് സ്പാനിഷ് സംസാരിക്കുന്നതായി അവകാശപ്പെടുന്നു.

**ഗ്വാട്ടിമാല**

റിപ്പബ്ലിക്ക് ഓഫ് ഗ്വാട്ടിമാല ഒരു മധ്യ അമേരിക്കൻ രാജ്യമാണ്. തെക്ക് പസഫിക്ക് മഹാ സമുദ്രവും മറ്റ് അതിരുകളിൽ മെക്സിക്കോ, കരീബിയൻ ഉൾക്കടൽ, ബെലീസേ, ഹോണ്ടുറാസ്, എൽസാൽവദോര് എന്നിവയും സ്ഥിതി ചെയ്യുന്നു. സി ഇ 250 മുതൽ 900 വരെ നിലനിന്ന മായൻ സംസ്കാരത്തിന്റെ കളിത്തൊട്ടിലായിരുന്നു ഗ്വാട്ടിമാല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുഴുവന് തികഞ്ഞ അസ്ഥിരതയിലായിരുന്ന ഗ്വാട്ടിമാല ഇരുപതാം നൂറ്റാണ്ടു മുതൽ യുണൈറ്റഡ് ഫ്രൂട്ട് കമ്പനിയും യു എസ് ഗവണ്മെന്റും നിയന്ത്രിച്ച ഏകാധിപതികളുടെ കീഴിലായിരുന്നു. 1944 ൽ നടന്ന വിപ്ലവത്തിലൂടെ ജോർജ് ഉബിക്കോ ഭരണത്തിൽ നിന്ന് പുറത്തായി. 1954 ൽ യു എസ് പിന്തുണയോടു കൂടിയ ഒരു പട്ടാള അട്ടിമറിയിലൂടെ വിപ്ലവ ഗവണ്മെന്റ് പുറത്താക്കപ്പെട്ടു. 1960 മുതൽ1996 വരെ രക്തരൂക്ഷിതമായ ആഭ്യന്തര യുദ്ധത്തിലായിരുന്നു ഗ്വാട്ടിമാല.

2018 ലെ മതിപ്പു ജനസംഖ്യ 1.72 കോടിയാണ്. സാക്ഷരത 74.5%. അടുത്ത ഇരുപതു വർഷത്തിനുള്ളിൽ സാക്ഷരതാ നിരക്ക് വലിയ തോതിൽ വർധിപ്പിക്കാനുള്ള ശ്രമത്തിലാണ് ഇപ്പോള് ഗ്വാട്ടിമാലയിലെ സർക്കാര്. സർക്കാരിന്റെ നേതൃത്വത്തിൽ നിരവധി വിദ്യാലയങ്ങൾ നടത്തുന്നുണ്ട്. അവിടെ പഠനം സൌജന്യമാണ്. ഒപ്പം യൂനിഫോം, പുസ്തകങ്ങൾ, യാത്ര എന്നിവയെല്ലാം കുറഞ്ഞനിരക്കിൽ ലഭ്യമാക്കുന്നുമുണ്ട്. എങ്കിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ സ്കൂളിലേക്ക് വരാന് വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല.

മധ്യവർഗവും ഉപരിവർഗവും സ്വകാര്യമേഖലയിലെ സ്കൂളുകളോടാണ് താൽപ്പര്യപ്പെടുന്നത്.

ഔദ്യോഗിക ഭാഷ സ്പാനിഷാണ്. ജനങ്ങളിൽ 93 ശതമാനവും ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ സ്പാനിഷ് ഉപയോഗിക്കുന്നു. ഉപയോഗത്തിലുള്ളത് സ്പാനിഷിന്റെ ഒരു പ്രാദേശിക വകഭേദമാണ്. 21 മായൻ ഭാഷകള് ഉപയോഗത്തിലുണ്ട്. പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ. ഇവയിൽ ആറെണ്ണം പതിനായിരത്തിൽ താഴെ മാത്രം ആളുകൾ ഉപയോഗിക്കുന്നവയാണ്. ഇതിനു പുറമെ അമേരിന്ത്യൻ ഭാഷയായ സിങ്ക(xinca) യും അറവാക്കൻ ഭാഷയായ ഗരിഫുന(garifuna)യും പ്രചാരത്തിലുണ്ട്. 2003 ലെ ഭാഷാനിയമ പ്രകാരം ഈ ഭാഷകളെല്ലാം അംഗീകൃത ദേശീയഭാഷകളാണ്. പാരമ്പര്യമായി മായൻഭാഷകൾ എണ്ണൂറോളം ഹൈറോഗ്ലിഫിക്ക് സിംബലുകളാൽ എഴുതുന്നവയാണ്. ഇപ്പോൾ ലാറ്റിന് ലിപി ഉപയോഗിച്ചാണ് എഴുതാറ്.ജർമൻ, ചൈനീസ്, ഇംഗ്ലീഷ്, ഫ്രഞ്ച് ഭാഷകൾ സംസാരിക്കുന്നവരും ഗ്വാട്ടിമാലയിലുണ്ട്. 1985 ൽ രൂപംകൊണ്ട് Programa Nacional de Educación Bilingüe (PRONEBI) മായൻ സംസ്കാരത്തിന്റെയും മായന് ഭാഷകളുടെയും പ്രാധാന്യം ഉയർത്തിപ്പിടിക്കുന്നതായിരുന്നു. അത് അന്തർ സാംസ്കാരിക ദ്വിഭാഷാ വിദ്യാഭ്യാസം (Intercultural bilingual education)എന്ന ആശയം മുന്നോട്ടുവച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ 2012-2016 ലെ സ്ട്രാറ്റജിക് പ്ലാൻ അന്തർ സാംസ്കാരിക ദ്വിഭാഷാ വിദ്യാഭ്യാസത്തിന് ദേശീയമുൻഗണന പ്രഖ്യാപിച്ചു. വിദ്യാഭ്യാസത്തിന്റെ ആദ്യവർഷങ്ങളിൽ പ്രാദേശിക ഭാഷകളിൽ നൈപുണികള് സൃഷ്ടിക്കുന്നതിലും സ്പാനിഷ് പിന്നീട് പഠിക്കുന്ന രീതിയിലുമാണ് PRONEBI ഊന്നുന്നത്. ഇത് കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാനും നിലവാരം വർധിപ്പിക്കാനും സഹായിച്ചിട്ടുണ്ട്. പദ്ധതിക്കെതിരായും അനുകൂലമായും ധാരാളം അഭിപ്രായങ്ങൾ ദേശീയതലത്തിലും അന്തർദേശീയ തലത്തിലും ഉയർന്നുവന്നിട്ടുണ്ട്. സ്പാനിഷിൽ നിന്ന് കടമെടുത്ത വാക്കുകള് ഒഴിവാക്കിക്കൊണ്ടുവേണം PRONEBI പ്രകാരം ക്ലാസ്മുറികളിൽ

പഠിപ്പിക്കാൻ. എന്നാൽ മായന് ഭാഷയിൽ ഇല്ലാത്ത സങ്കൽപ്പങ്ങള് വിവരിക്കാൻ അധ്യാപകർക്ക് സ്പാനിഷ് വാക്കുകള് ഉപയോഗിക്കേണ്ടി വരുന്നുണ്ട്. ഭാഷയിൽ പുതുതായി പദങ്ങള് നിർമിക്കാനും പരിപാടികള് നടന്നുവരുന്നുണ്ട്. പദ്ധതി വേണ്ടത്ര മായൻ സ്വത്വത്തെ പ്രതിനിധീകരിക്കുന്നില്ല എന്നുള്ള വിമർശനം ഒരുഭാഗത്ത് നിലനിൽക്കെത്തന്നെ കുട്ടികൾക്ക് ഭാവിയിൽ ജോലി ലഭിക്കാന് സ്പാനിഷ് ഭാഷയിലെ നൈപുണി അത്യാവശ്യമാണെന്ന് കരുതുന്നവരും ഉണ്ട്.

**ബൊളീവിയ:**

തെക്കേ അമേരിക്കന് രാജ്യമായ ബൊളീവിയ പൂർണമായും കരയാൽ ചുറ്റപ്പെട്ട ഒരു രാജ്യമാണ്. ബ്രസീൽ, പരാഗ്വെ, അർജന്റീന, ചിലി, പെറു എന്നിവയാണ് ബൊളീവിയയുടെ അതിർത്തി പങ്കിടുന്ന രാജ്യങ്ങൾ. പതിനാറാം നൂറ്റാണ്ടിലാണ് സ്പാനിഷ് അധിനിവേശം നടക്കുന്നത്. 1825 ൽ സ്വാതന്ത്ര്യം നേടി. 1971 ൽ സി ഐ എ പിന്തുണയോടുകൂടിയ പട്ടാള അട്ടിമറി നടന്നു. 1982ലാണ് ബൊളീവിയ ജനാധിപത്യത്തിന്റെ പാതയിലേക്ക് കടന്നത്. 1.14 കോടിയാണ് 2019 ലെ മതിപ്പ് ജനസംഖ്യ. 2008 ൽ സമ്പൂർണ സാക്ഷരത നേടിയ രാജ്യമായി പ്രഖ്യാപിക്കപ്പെട്ടു. സ്പാനിഷാണ് ഏറ്റവും കൂടുതൽ ആളുകള് സംസാരിക്കുന്ന ഭാഷ.

വലിയ തോതിൽ ഭാഷാവൈവിധ്യമുള്ള ഒരു രാജ്യമാണ് ബൊളീവിയ. 2009 ലെ ഭരണഘടന പ്രകാരം എല്ലാ തദ്ദേശീയ ഭാഷകളും ഔദ്യോഗിക ഭാഷകളാണ്. സ്പാനിഷിനു പുറമെ മുപ്പത്തിയാറ് തദ്ദേശീയ ഭാഷകൾ ഭരണഘടനയിൽ ഔദ്യോഗികഭാഷകളായി പട്ടികപ്പെടുത്തി. ഇവയിൽ ചിലതൊക്കെ വംശനാശം വന്നവയാണ്. 2019 ൽ ഗവണ്മെന്റും ഐപെലെക്കും - Plurinational Institute for the Study of Languages and Cultures (Ipelec)- ചേർന്ന് മൂന്ന് തദ്ദേശീയ ഭാഷകൾക്കു കൂടി ഔദ്യോഗിക പദവി നൽകാനുള്ള പദ്ധതി പ്രഖ്യാപിച്ചു. ബൊളീവിയൻ ഗവണ്മെന്റും കീഴെയുള്ള ഡിപ്പാർട്ടുമെന്റൽ

ഗവണ്മെന്റുകളും ചുരുങ്ങിയത് രണ്ടു ഭാഷകളെങ്കിലും അവരുടെ നടപടികളിൽ ഉപയോഗിച്ചിരിക്കണം. ഒന്ന് സ്പാനിഷും മറ്റത് അവിടുത്തെ ചുറ്റുപാടുകൾക്കനുസരിച്ച് ഏറ്റവും പ്രസക്തമായതും. 2009 ലെ ഭരണഘടനയിലെ വകുപ്പ് 234 ഉം 2012 ലെ ജനറൽ ലോ ഓഫ് ലിംഗ്സ്റ്റിക്സ് റൈറ്റ്സ് ഏന്റ് പോളിസീസിലും ഇത് വ്യക്തമാക്കിയിട്ടുണ്ട്. 1994 ലെ വിദ്യാഭ്യാസ പരിഷ്കാരത്തിന്റെ ഭാഗമായി സ്പാനിഷ് ഭാഷയോടൊപ്പം മുപ്പത് തദ്ദേശീയ ഭാഷകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ഇത് നടപ്പിലാക്കാൻ പല സ്കൂളുകളും-പ്രത്യേകിച്ച് നഗരങ്ങളിലെ സ്കൂളുകൾ- തയ്യാറായിട്ടില്ല. 2006 മുതൽ പ്രസിഡന്റായിരുന്ന ഇവോ മോറൽസ് ദ്വിഭാഷാ വിദ്യാഭ്യാസരീതി നടപ്പിലാക്കി. ദേശീയഗാനം ആറ് തദ്ദേശീയ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുണ്ട്.

**കോളനിയാനന്തര ആഫ്രിക്കൻ രാജ്യങ്ങളിലെ ഭാഷാസൂത്രണം**

കോളനിവാഴ്ച ലോകത്താകമാനം ഭാഷകളെ എങ്ങനെ ബാധിച്ചു എന്ന് നാം തുടക്കത്തിൽ പരിശോധിച്ചു. 1945- 60 കാലഘട്ടത്തിലാണ് വലിയതോതിൽ കോളനിരാജ്യങ്ങള് സ്വതന്ത്രമാവുന്നത്. ചിലയിടങ്ങളിൽ ഭരണമാറ്റം സമാധാനപരമായിരുന്നെങ്കിൽ ചിലയിടങ്ങളിൽ സുദീർഘമായ പോരാട്ടങ്ങളിലൂടെയാണ് അത് യാഥാർഥ്യമായത്. പുതുരാജ്യങ്ങൾ പലതിലും ഉടൻതന്നെ ശക്തവും സ്ഥിരതയുള്ളതുമായ ഭരണസംവിധാനങ്ങളുണ്ടായി. എന്നാൽ ചിലതൊക്കെ ആഭ്യന്തര യുദ്ധങ്ങളിലേക്കും ഏകാധിപതികളുടെ കീഴിലേക്കും പട്ടാള ഭരണത്തിലേക്കും വഴുതിവീണു. കോളനിഭരണത്തിന് തിരശ്ശീല വീഴുമ്പോഴേക്കും അമേരിക്കയും സോവിയറ്റ് യൂനിയനും തമ്മിലുള്ള ശീതയുദ്ധം ആരംഭിച്ചുകഴിഞ്ഞിരുന്നു.

കോളനികൾ സ്വാതന്ത്ര്യത്തിലേക്ക് കാലെടുത്തുവെക്കുന്ന വേളയിൽ തന്നെ ഭാഷാപ്രശ്നങ്ങള് നയരൂപീകരണ തലത്തിലുള്ളവരുടേയും ഭാഷാശാസ്ത്രജ്ഞരുടെയും ശ്രദ്ധ പിടിച്ചുപറ്റി. വലിയ തോതിലുള്ള ഭാഷാവൈവിധ്യവും നിരവധി വംശീയ ഗ്രൂപ്പുകളുടെ

സാന്നിധ്യവുമൊക്കെ ആഫ്രിക്ക പോലുള്ള സ്ഥലങ്ങളിൽ പരിഗണിക്കപ്പെടേണ്ട പ്രശ്നങ്ങളായിരുന്നു. ആസ്രോ ഏഷ്യാറ്റിക്ക്, നിലോ- സഹാറൻ, നൈജർ- കോംഗോ, ഖോയ്, ആസ്ട്രോനേഷ്യൻ, ഇൻഡോ യൂറോപ്യന് എന്നീ കുടുംബങ്ങളിലായി രണ്ടായിരത്തിനടുത്ത് ഭാഷകളുള്ള ഒരു നാടാണ് ആഫ്രിക്ക. എത്തനോലോഗിന്റെ കണക്കുകളനുസരിച്ച് നൈജീരിയയിൽ മാത്രം അഞ്ഞൂറു ഭാഷകളുണ്ടത്രേ! ബഹുഭാഷകളാണ് ആഫ്രിക്കയുടെ മുഖമുദ്രയെങ്കിലും ബുറുണ്ടി, സോമാലിയ, മഡഗാസ്കർ, ബോട്സ്വാന, കേപ് വെർഡെ, സെയ്ഷെൽസ്, റുവാണ്ട, മൌറീഷ്യസ്, ലെസോത്തോ, സ്വാസിലാൻഡ് എന്നിവ ഏകഭാഷാ രാജ്യങ്ങളാണ്.

ആഫ്രിക്കയിലെ ബഹുഭാഷാ രാജ്യങ്ങളെ മൂന്നായി തിരിക്കാം.

1. ഒരു പ്രബലഭാഷയുള്ള ബഹുഭാഷാ രാജ്യങ്ങൾ- ടാൻസാനിയ (സ്വാഹിലി), സെനഗൽ(വോലോഫ്), സെൻട്രൽ ആഫ്രിക്കന് റിപ്പബ്ലിക്ക് (സാങ്കോ), നൈജര് (ഹൌസ), സിംബാബ്‌വെ (ഷോണ), മലാവി (ചിചെവ) എന്നിവ ഉദാഹരണങ്ങൾ.

2.ഒന്നിലധികം പ്രബല ഭാഷകളുള്ള ബഹുഭാഷാ രാജ്യങ്ങള്- നൈജീരിയ, കോംഗോ, സാംബിയ, കെനിയ, എത്യോപ്യ എന്നിവ ഉദാഹരണങ്ങൾ.

3. പ്രബല ഭാഷകളില്ലാത്ത ബഹുഭാഷാ രാജ്യങ്ങൾ- സിയറ ലിയോൺ, ലൈബീരിയ, കോറ്റ്- ഡി ഐവോർ എന്നിവ ഉദാഹരണങ്ങൾ.

നിലനിന്നിരുന്ന സങ്കീർണമായ സ്ഥിതിഗതികൾ കോളനിഭരണത്തിൽ നടന്ന ചവിട്ടിമെതിക്കൽ കൂടി ചേർന്നപ്പോള് അതിസങ്കീർണമായി. പുതിയ ആഫ്രിക്കയെ സംബന്ധിച്ച് ഭാഷാസൂത്രണം എന്നത് ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ദേശീയ ദൌത്യമായിരുന്നു എന്നു കാണാം. ഭാഷാസൂത്രണമെന്നത് ഒരു സമൂഹത്തിലെ ആശയവിനിമയ പ്രശ്നങ്ങളെ പരിഹരിക്കാനായി ഭാഷയെ മാറ്റുന്ന ഗവണ്മെന്റ് തലത്തിലുള്ളതും ബോധപൂർവമായതും ദീർഘകാലം നിലനിൽക്കുന്നതുമായ പ്രവർത്തനമാണെന്ന വെയ്നെൻസ്റ്റന്റെ (Weinstein )നിർവചനത്തെ

ഓർക്കുക. ആഫ്രിക്കയിലെ എല്ലാ രാജ്യങ്ങളിലും ജനവിഭാഗങ്ങളിൽ ആശയവിനിമയപ്രശ്നം വലിയ തോതിൽ നിലനിന്നിരുന്നു. ബഹുഭാഷാത്വം, കൊളോണിയൽ പാരമ്പര്യം, സാമൂഹ്യമാറ്റത്തിനായുള്ള വിദ്യാഭ്യാസത്തിന്റെ പങ്ക്, സാക്ഷരത, ആശയവിനിമയ പ്രശ്നങ്ങൾ, രാഷ്ട്ര നിർമാണം എന്നിങ്ങനെ ഭാഷാസൂത്രകർ പരിഗണിക്കേണ്ട എല്ലാ ഘടകങ്ങളും അവിടെ സജീവമായിരുന്നു.

മറ്റു പലയിടങ്ങളിലും കണ്ടതുപോലെ കൊളോണിയൽ ശക്തികൾ വിതച്ചിട്ടുപോയ സംസ്കാരത്തെയും ഭാഷയേയും പുൽകാനുള്ള ത്വര ആഫ്രിക്കയിലും കാണാനായി. മൂന്ന് പ്രബലമായ ഭാഷകളുണ്ടായിട്ടും ഇപ്പോഴും ഭരണഭാഷയായി ഇംഗ്ലീഷിനെ നിലനിർത്തുന്ന നൈജീരിയ ഒരുദാഹരണമായി പറയാം. തദ്ദേശീയ ഭാഷകളെ ഒന്നിനേയും പരിഗണിക്കാതെ പുറത്തുനിന്നുള്ള ഒരു ഭാഷയെ ഔദ്യോഗിക ഭാഷയായി തിരഞ്ഞെടുക്കുകയാണ് നൈജീരിയ ചെയ്തത്. സൌത്ത് ആഫ്രിക്കയാവട്ടെ നിലവിലുണ്ടായിരുന്ന ഭരണഭാഷകളായ ഇംഗ്ലീഷ് ആഫ്രിക്കാൻസ് എന്നിവയടക്കം പതിനൊന്ന് ഭാഷകൾക്ക് ഔദ്യോഗിക ഭാഷകളെന്ന നിലയിൽ തുല്യപദവി നൽകുകയാണുണ്ടായത്. ഔദ്യോഗികഭാഷയായി തിരഞ്ഞെടുക്കപ്പെടുന്ന ഭാഷ വിവിധ മണ്ഡലങ്ങളിൽ ആധിപത്യം പുലർത്തുകയും തദ്ദേശീയ ഭാഷകളുടെ ഉപയോഗം അത്തരം മണ്ഡലങ്ങളിൽ കുറഞ്ഞുവരികയും ചെയ്യുന്നത് പൊതുവെ കണ്ടുവരാറുണ്ട്. നൈജീരിയയിൽ ഇംഗ്ലീഷും ബെനിൻ റിപ്പബ്ലിക്കൽ ഫ്രഞ്ചും മൊസാംബിക്കിൽ പോർച്ചുഗീസും ഇതിന് ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാൻ കഴിയും.

ബാങ്ബോസിനെ ഉദ്ധരിച്ചുകൊണ്ട് തുണ്ടെ ഒലുസോല ഒപെയ്ബി ആഫ്രിക്കയിലെ ഭാഷാസൂത്രണ പരിപാടികൾ നേരിട്ട പ്രശ്നങ്ങളെ യുക്തിബോധത്തോടെ തീരുമാനങ്ങൾ കൈക്കൊള്ളാന് തയ്യാറാവാതിരിക്കൽ, നയത്തെക്കുറിച്ചുള്ള മുൻവിധികൾ, തുടർച്ചയില്ലായ്മ, ആസൂത്രണത്തിലെ ഉദ്യോഗസ്ഥ കുത്തക,

നയരൂപീകരണത്തിലെ വരേണ്യ മേധാവിത്വം, വിദ്യാഭ്യാസ മേഖലയിൽ ഊന്നുന്നതിൽ വന്ന വിലക്കുകള് എന്നിങ്ങനെ രേഖപ്പെടുത്തുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിൽ മാതൃഭാഷാ നയത്തെ മുന്നോട്ടുവച്ച ഗിനിയയിൽ 1984 ൽ സെക്കോയു തോറു അന്തരിച്ചപ്പോള് നയം മാറ്റമുണ്ടായി. 1979 മുതൽ 1984 വരെ മാതൃഭാഷാ വിദ്യാഭ്യാസ നയം പിന്തുടർന്ന ബുർക്കിനാ ഫാസോ ഫ്രഞ്ചിലേക്ക് തിരിച്ചുപോയതും ഭരണമാറ്റത്തെ തുടർന്നായിരുന്നു. ഘാനയാവട്ടെ സർക്കാരുകളുടെ മാറ്റങ്ങളെ തുടർന്ന് 24 വർഷങ്ങൾക്കുള്ളിൽ അഞ്ചുതവണ ഭാഷാ വിദ്യാഭ്യാസ നയത്തിൽ മാറ്റം വരുത്തി. സർക്കാരിൽ തുടർച്ചയില്ലായ്മയാലോ രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിക്കാന് കഴിയാത്തതിനാലോ പല രാജ്യങ്ങളിലേയും നയങ്ങൾ ഗുരുതരമായ പിന്നോട്ടടികൾ നേരിടുകയോ പൂർണമായും മാറ്റിമറിക്കപ്പെടുകയോ ചെയ്തു. സുസജ്ജമായ സ്ഥാപനങ്ങളുടെ പിന്തുണ ഇല്ലാതെ പോയതും പ്രശ്നമാണ്. ന്യൂനപക്ഷ ഭാഷകള് കൂടുതൽ ശക്തിയാർജിക്കുന്നതിന് തടയിടാനായി വരേണ്യവിഭാഗത്തിന്റെ ഇടപെടലുകളുമുണ്ടായിരുന്നു. ജനസാമാന്യത്തിന്റെ സാമൂഹ്യ ചലനാത്മകത ഉയർന്നു വരുന്നത് തടയാനായി അവർ ബോധപൂർവമായ ഇടപെടലുകള് നയങ്ങളിൽ നടത്തി.

കോളനിയാനന്തര രാജ്യങ്ങളിലെ ഭാഷാനയങ്ങള് തിരുത്തുവാനുള്ള സമ്മർദങ്ങൾ ഉയർന്നുവരുന്നു എന്നത് ശുഭോദർക്കമാണ്. ആഫ്രിക്കൻ രാജ്യങ്ങളുടെ നേതൃത്വത്തിൽ ആഫ്രിക്കൻ അക്കാദമി ഓഫ് ലാംഗ്വേജസ് (ACALAN) രൂപീകൃതമായത് 2001 ലാണ്. അവരുടെ വെബ്സൈറ്റിൽ പൊതു ലക്ഷ്യങ്ങളായി മൂന്ന് കാര്യങ്ങളാണ് കാണിച്ചിട്ടുള്ളത്.

1. പഴയ കോളനി ഭാഷകളുമായി ചേർന്ന്, ആഫ്രിക്കൻ ഭാഷകള് പൊതുവായും വെഹിക്കുലാർ ക്രോസ് ബോർഡര് ഭാഷകള് പ്രത്യേകിച്ചും വികസിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും.

2. നിർവഹണപരമായ ബഹുഭാഷാത്വം, പ്രത്യേകിച്ച് വിദ്യാഭ്യാസ മേഖലയിൽ.

3. ആഫ്രിക്കയുടെ സംയോജനത്തിന്റെയും വികസനത്തിന്റെയും ഒരു ഘടകമായി ആഫ്രിക്കൻ ഭാഷകളുടെ വികാസം.

പ്രധാനപ്പെട്ട വംശീയ- ഭാഷാ ഗ്രൂപ്പുകളെ പലതായി വിഭജിച്ചുകൊണ്ടാണ് ആഫ്രിക്കൻ രാജ്യങ്ങളുടെ അതിർത്തികള് ചരിത്രപരമായി രൂപപ്പെട്ടത്. അത്തരം ഗ്രൂപ്പുകൾ സംസാരിക്കുന്ന ഭാഷകളെ ഇപ്പോൾ ക്രോസ് ബോർഡര് ഭാഷകള് എന്നാണ് വിളിക്കുന്നത്. ACALAN അതിന്റെ രേഖകളിൽ വെഹിക്കുലാര് ക്രോസ് ബോർഡര് ലാംഗ്വേജസ് എന്ന പദമാണ് ഉപയോഗിക്കുന്നത്.

2009 ൽ ചേർന്ന ബമാക്കോ ഇന്റർനാഷണൽ ഫോറം ഓണ് മൾട്ടിലിംഗ്വലിസം ഒരു കൂട്ടം നിർദേശങ്ങള് നിലവിലുള്ള വിദ്യാഭ്യാസ മാതൃകകളെ അടിമുടി പൊളിച്ചെഴുതാനായി സർക്കാരുകൾക്ക് സമർപ്പിച്ചിരുന്നു. ഇതുവരെയായി പതിനഞ്ച് വെഹിക്കുലാർ ക്രോസ്ബോർഡര് ലാംഗ്വേജ് കമ്മീഷനുകള് ACALAN ന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അടിസ്ഥാന ധാരണകൾ തദ്ദേശീയ ഭാഷയിൽ നേടുന്ന കുട്ടികൾക്ക് എളുപ്പത്തിൽ മറ്റു ഭാഷകൾ പഠിച്ചെടുക്കാൻ കഴിയുന്നു. മുകളിൽ പറഞ്ഞ തരത്തിലുള്ള ഭാഷാ നയങ്ങൾ ഏതെങ്കിലും ഭാഷകൾക്ക് എതിരായിട്ടുള്ളതല്ല. ബഹുഭാഷാധിഷ്ഠിതമായ പാഠനത്തിലേക്ക് പതിയെയെങ്കിലും ലോകം നീങ്ങിക്കൊണ്ടിരിക്കുകയാണ് എന്നത് പ്രതീക്ഷാനിർഭരമാണ്.

നെൽസൺ മണ്ടേലയോടൊപ്പം പത്തുവർഷം ജയിൽ വാസമനുഭവിച്ചയാളും ബഹുഭാഷാ ദക്ഷിണാഫ്രിക്കയുടെ പ്രചാരകനുമായിരുന്ന നെവില്ലെ അലക്സാണ്ടർ, ACALAN ന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെ, ആഗോളഭാഷയെന്ന പദവിയുമായി അധീശത്വം പുലർത്തുന്ന ഇംഗ്ലീഷിനോടുള്ള പ്രതികരണം എന്ന നിലയിലാണ് വിലയിരുത്തുന്നത്. സമാധാനപരമായ സഹവർത്തിത്വം ഭാഷകൾക്ക് പുലർത്താന് കഴിയുമെന്നുള്ള

പുരോഗമനാത്മകമായ കാഴ്ചപ്പാട് മുന്നോട്ടുവെക്കുന്ന ഭാഷാശാസ്ത്രജ്ഞരുടെ ഉൾക്കാഴ്ചകളാണ് ഞങ്ങള് ഉയർത്തിപ്പിടിക്കുന്നത് എന്ന് അദ്ദേഹം പറയുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആഫ്രിക്കയ്ക്ക് എന്തുകൊണ്ട് ഭാഷാസൂത്രണം ഉചിതമാവുന്നു എന്നതല്ല എന്തുകൊണ്ട് അത് ഒഴിവാക്കാൻ കഴിയാത്തതാണ് എന്നതാണ് ശരിയായ ചോദ്യം.

> "എന്റെ വീക്ഷണത്തിൽ, ഭാഷാ നയവും ആസൂത്രണവും സാമൂഹ്യ പരിവർത്തനത്തെ സാധ്യമാക്കുമോ അഥവാ അതിനെ സഹായിക്കുമോ എന്ന ചോദ്യത്തിനല്ല ഉത്തരം തേടേണ്ടത്. യഥാർത്ഥത്തിൽ, ഏതൊക്കെ സാഹചര്യത്തിലാണ് ഭാഷാനയവും ആസൂത്രണവും സാമൂഹ്യ പരിവർത്തനത്തിന്റെ ആഴത്തേയും ദിശയേയും നിർണായകമായി സ്വാധീനിക്കുന്നത് എന്നാണ് ചോദിക്കേണ്ടത്. സമയവും വിഭവങ്ങളും പാഴാക്കാനാണ് ഭാഷാ ആസൂത്രണമെന്ന് പ്രത്യക്ഷമായും പരോക്ഷമായും വാദിക്കുന്നവരോട്, സർവ സ്വതന്ത്രനയം എപ്പോഴും പ്രബല ശക്തികളുടെ അജണ്ടകളെ ആവർത്തിച്ചുറപ്പിക്കാനുള്ളതാണെന്ന് നമ്മള് ഒരിക്കൽക്കൂടി വ്യക്തമാക്കേണ്ടതുണ്ട് . ഭാഷാ ആസൂത്രണം വെറും വ്യാമോഹമാണെന്ന് മിതമായും, സോഷ്യൽ എഞ്ചിനീയറിങ്ങ് തിന്മ തന്നെയാണെന്ന് ആക്ഷേപകരമായും ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും പറയുന്നത്, ആത്യന്തികമായി സാമൂഹ്യനീതിയുടെ സാധ്യതയെ തന്നെ നിരാകരിക്കലാണ്. അതത് ഭാഷകൾ ഉപയോഗിക്കുന്നവരുമായുള്ള ജനാധിപത്യ ചർച്ചകളിലൂടെ ഭാഷാ ആസൂത്രണം മുന്നോട്ട് പോകുന്നിടത്തോളം സോഷ്യൽ എഞ്ചിനീയറിങ്ങ് എന്ന അപകടം

ഒഴിവാക്കാനാകും. ഏറ്റവും ജനാധിപത്യപരം എന്ന് വിശേഷിപ്പിക്കപ്പെടുന്നവയടക്കം എല്ലാ രാഷ്ട്രങ്ങളും, ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ സോഷ്യൽ എഞ്ചിനീയറിങ്ങ് പിൻതുടരുന്നുണ്ട്."

**സോവിയറ്റ് അനുഭവങ്ങള്**

ലോക സോഷ്യലിസ്റ്റ് ചേരിയുടെ നേതൃത്വത്തിലുണ്ടായിരുന്ന യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്സ് (യു എസ് എസ് ആർ) 1991 ലാണ് പിരിച്ചുവിട്ടത്. സോവിയറ്റ് റിപ്പബ്ലിക്കുകളുടെ കൂട്ടായ്മയായിരുന്നു അത്. ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവിക്ക് പാർട്ടി 1917 ൽ നടത്തിയ റഷ്യന് വിപ്ലവത്തിലൂടെയാണ് സോവിയറ്റ് റഷ്യയുടെ ആവിർഭാവം. തുടർന്ന് 1921 വരെ നടന്ന ആഭ്യന്തര കലാപങ്ങളുടെയും കൂടി തുടർച്ചയായാണ് യു എസ് എസ് ആര് രൂപപ്പെടുന്നത്. 1922 ലാണ് സോവിയറ്റ് യൂണിയൻ രൂപീകൃതമായത്. കമ്യൂണിസ്റ്റ് പാർട്ടിയുടെ ഏകകക്ഷി ഭരണസമ്പ്രദായമായിരുന്നു അവിടെ നിലവിലുണ്ടായിരുന്നത്.

1917 ൽ റഷ്യന് സമ്പദ്വ്യവസ്ഥ പരിതാപകരമായൊരു അവസ്ഥയിലായിരുന്നു. എന്നാൽ 1980 ൽ റഷ്യന് വിപ്ലവത്തിന്റെ അറുപതാംവാർഷികം ആഘോഷിക്കുമ്പോഴേക്കും ദ്വിധ്രുവലോകത്തിലെ ഒരു ചേരിയുടെ അനിഷേധ്യമായ നേതൃസ്ഥാനത്തായിരുന്നു യു എസ് എസ് ആർ. പ്രതീക്ഷിത ആയുസ്സ്, കലോറി ഭക്ഷണം, സാക്ഷരത തുടങ്ങിയ കാര്യങ്ങളിൽ അത് വികസിതരാജ്യങ്ങളുടെ മുൻനിരയിലായിരുന്നു. പാശ്ചാത്യ നിരീക്ഷകർ സോവിയറ്റ് യൂണിയന്റെ കോട്ടങ്ങളെ പെരുപ്പിച്ചു കാണിക്കാൻ ഉത്സുകരായിരുന്നെങ്കിലും അതിന്റെ നേട്ടങ്ങൾ ഗംഭീരമായിരുന്നുവെന്ന് മുകളിൽ നിന്നുള്ള വിപ്ലവം: സോവിയറ്റ് തകർച്ചയുടെ അന്തർനാടകങ്ങള് എന്ന പുസ്തകത്തിൽ ഡേവിഡ് എം കോട്സും ഫ്രെഡ് വെയറും അഭിപ്രായപ്പെടുന്നു.

റഷ്യ, യുക്രെയിൻ, ഉസ്ബക്കിസ്ഥാൻ, കസാഖ്സ്ഥാൻ, ബൈലോറഷ്യ, അസർബൈജാന്, ജോർജിയ, താജികിസ്ഥാൻ, കിർഗിസ്ഥാന്, മൊൾഡാവിയ, ലിത്വാനിയൻ, തുർക്ക്മെനിസ്ഥാന്, അർമേനിയ, ലാറ്റ്വിയന്, എസ്റ്റോണിയ എന്നീ പതിനഞ്ച് റിപ്പബ്ലിക്കുകളുടെ ഫെഡറേഷനായിരുന്നു യു എസ് എസ് ആർ. സ്ലാവിക്ക് റിപ്പബ്ലിക്കുകൾ എന്നറിയപ്പെടുന്ന റഷ്യ, യുക്രെയിൻ, ബൈലോ റഷ്യ എന്നിവയിലായിരുന്നു ജനസംഖ്യയുടെ 72.6 ശതമാനവും. മധ്യേഷ്യൻ റിപ്പബ്ലിക്കുകളായ ഉസ്ബക്കിസ്ഥാന്, കസാഖ്സ്ഥാൻ, താജ്കിസ്ഥാൻ, കിർഗിസ്ഥാന്, തുർക്ക്മെനിസ്ഥാന് എന്നിവയിൽ 17.6 % ജനങ്ങൾ അധിവസിച്ചു. റഷ്യൻ വംശജര് എല്ലാ റിപ്പബ്ലിക്കുകളിലുമുണ്ടായിരുന്നു. വിപ്ലവത്തിനു മുമ്പ് റഷ്യന് സാമ്രാജ്യത്തിന്റെ ഭൂരിഭാഗം സ്ഥലങ്ങളിലും റഷ്യനായിരുന്നു ഔദ്യോഗിക ഭാഷ. പോളണ്ട്, ഫിൻലന്റ്, ബാൾട്ടിക്ക് പ്രദേശങ്ങള് എന്നിവയുടെ റഷ്യയിൽ ഉൾപ്പെട്ടിരുന്ന ഭാഗങ്ങളിലാണ് ചെറിയ ഇളവുകൾ ഉണ്ടായിരുന്നത്. പക്ഷേ, അവിടങ്ങളിലെ ഭാഷകൾക്കൊന്നും ഒരു അവകാശവുമുണ്ടായിരുന്നില്ല.

"ദേശീയതകളുടെ പുറത്തുപോക്കല്ല സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കു കാരണം. മറിച്ച് ഭരണവ്യവസ്ഥയുടെ അപചയവും തൽഫലമായി ഉണ്ടായ തകർച്ചയും ദേശീയതകൾക്ക് പുറത്തു പോവാനുള്ള അവസരമാവുകയാണുണ്ടായത്." എന്ന് ലെവിൻ മോഷെയെ ഉദ്ധരിച്ചതിനു ശേഷം, "ദേശീയതയാണ് സോവിയറ്റ് യൂണിയന്റെ അന്തകനായത് എന്ന വീക്ഷണത്തേക്കാൾ സത്യത്തോടടുത്ത് നിൽക്കുന്നത് ഈ നിരീക്ഷണമാണ് എന്ന് നിസ്സംശയം സ്ഥാപിക്കാനാവും" എന്ന് ഡേവിഡ് എം കോട്സും ഫ്രെഡ് വെയറും പറയുന്നതിനോട് യോജിക്കാം. എന്നാൽ അതേ അവസരത്തിൽ, ദേശീയതയ്ക്കും ഭാഷാ പ്രശ്നങ്ങൾക്കും സോവിയറ്റ് തകർച്ചയിൽഉണ്ടായിരുന്ന പങ്കിനെ കുറച്ചു കാണാനുമാവില്ല. പുതിയ തലമുറയ്ക്ക് കാര്യങ്ങള് പകർന്നു നൽകാൻ കഴിയാതെ പോവുമ്പോൾ

സങ്കുചിത ദേശീയബോധം തലപൊക്കുന്നതിനെക്കുറിച്ച് 1987 ൽ പുറത്തിറങ്ങിയ പ്രസിദ്ധമായ 'പെരെസ്ട്രോയ്ക്ക: ഞങ്ങളുടെ രാജ്യത്തിനും ലോകത്തിനും പുതിയ ചിന്ത' എന്ന പുസ്തകത്തിൽ ഗോർബചേവ് ഇങ്ങനെ വിലപിച്ചിട്ടുണ്ട്.

"…..സമ്പദ്ഘടനയുടെ നവീകരണത്തോടൊപ്പം തന്നെ, വിദ്യാഭ്യാസപരവും സാംസ്കാരികവുമായ നിലവാരങ്ങളുടെ വളർച്ച എല്ലാ ദേശീയ ജനതയിലും ഒരു ബുദ്ധിജീവി വിഭാഗത്തിന്റെ ആവിർഭാവത്തിലേക്ക് വഴിതെളിയിക്കുന്നു; ദേശീയ സ്വയംബോധവും അതിന്റെ ചരിത്രപരമായ വേരുകളിലുള്ള ഒരു ദേശീയ ജനതയുടെ സ്വാഭാവിക താൽപ്പര്യവും വളരാനിടയാവുന്നു. ഇത് വളരെ നല്ലതാണ്, ഞങ്ങളുടെ വിപ്ലവത്തിന് ഒരുക്കം കൂട്ടുകയും, സാറിസ്റ്റ് സാമ്രാജ്യത്തിന്റെ നഷ്ടാവശിഷ്ടങ്ങളിൽ നിന്ന് പുതിയൊരു സമൂഹം കെട്ടിപ്പടുക്കാന് തുടങ്ങുകയും ചെയ്തു, വിവിധ ദേശീയവിഭാഗങ്ങളിൽപ്പെട്ട വിപ്ലവകാരികളുടെ അഭിലാഷമായിരുന്നു അത്. ആ പ്രക്രിയയ്ക്കിടയിൽ ജനങ്ങളിൽ ഒരു വിഭാഗം സങ്കുചിത ദേശീയബോധത്തിലേയ്ക്ക് തരംതാഴുകയെന്നതും, ചിലപ്പോൾ സംഭവിക്കാറുണ്ട്. സങ്കുചിതമായ ദേശീയവീക്ഷണങ്ങളും ദേശീയവൈരവും തലപൊക്കുന്നു.

എന്നാൽ ഇതുമാത്രമല്ല കാര്യം. സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങളാണ് അതിലും കൂടുതൽ പ്രധാനം. ഒരു തലമുറയ്ക്ക് പകരം മറ്റൊരു തലമുറ വരുന്നു. ഒരു ബഹുവംശീയ രാഷ്ട്രത്തിൽ ജീവിക്കേണ്ടതെങ്ങനെയെന്ന് അവയിൽ ഓരോ തലമുറയും പഠിക്കണം. ഇത് അത്ര എളുപ്പമുള്ള കാര്യമല്ല. ഓരോ ദേശീയ ജനതയെയും സ്വന്തം ചിറകുകൾ വിടർത്തുന്നതിന് സഹായിച്ച

സോഷ്യലിസത്തിന്, തുല്യതയുടെയും സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ ദേശീയത്വ പ്രശ്നം പരിഹരിക്കുന്നതിന് എല്ലാ സാഹചര്യങ്ങളുമുണ്ട്. സോഷ്യലിസ്റ്റ് തത്വങ്ങളുടെ സത്തയുൾക്കൊണ്ട് പ്രവർത്തിക്കുകയെന്നതാണ് പ്രധാനം. തങ്ങളുടെ ദേശീയ ജനതകൾ ഇത്രയും ഉന്നതങ്ങളിലെങ്ങനെയെത്തിയെന്ന പുതിയ തലമുറകൾ അറിയുന്നതു പോലും ഇല്ലെന്ന സ്മരിക്കേണ്ടതുമുണ്ട്. സാർവദേശീയത എത്രയോ വർഷങ്ങളായി അവരുടെ നന്മയ്ക്കായി എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അവരോട് ആരും പറഞ്ഞിട്ടില്ല."

സോവിയറ്റ് യൂനിയന്റെ രൂപീകരണത്തിന മുമ്പുതന്നെ ഭാഷാനയത്തെക്കുറിച്ചുള്ള സൈദ്ധാന്തിക കാഴ്ചപ്പാടുകൾ ബോൾഷെവിക്കുകള് രൂപീകരിച്ചിട്ടുണ്ട്. സാമൂഹ്യ വികസനത്തിന്റെ വ്യത്യസ്ത തലങ്ങളിലുള്ള സാമൂഹ്യവിഭാഗങ്ങളുടെ സഹജീവനത്തെ മുൻനിർത്തിയുള്ള കാഴ്ചപ്പാടായിരുന്നു അത്. എങ്കിലും സിദ്ധാന്തത്തിലും പ്രയോഗത്തിലും വിപ്ലവപൂർവ നിലപാടുകളിൽ നിന്നും മൌലികമായ വ്യത്യാസങ്ങൾ ഉൾക്കൊള്ളുന്ന നയമാണ് ബോൾഷെവിക്കുകളും സർക്കാരും പിന്നീട് കൈക്കൊണ്ടത്. എങ്കിലും എല്ലാ വിഭാഗത്തിൽ പെട്ടവരുടേയും തുല്യത ഉറപ്പാക്കുന്നതിൽ ബദ്ധശ്രദ്ധമായിരുന്നു ലെനിന്റെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെയും നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങള്. നയപരിപാടിയിലെ സ്പഷ്ടമായ ഒരു ഘടകമായിരുന്ന വംശീയ വിഭാഗങ്ങളുടെയും ഭാഷാവിഭാഗങ്ങളുടെയും തുല്യത.

സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയന്റെ ഭരണഘടന(മൌലികനിയമം) വകുപ്പ് 36 ഇങ്ങനെ പറയുന്നു:

"വിഭിന്നവംശങ്ങളിലും ദേശീയജനവിഭാഗങ്ങളിലും പെട്ട യു എസ് എസ് ആർ പൌരന്മാർക്ക് തുല്യാവകാശങ്ങളാണുള്ളത്. യു എസ് എസ് ആറിൽ പെട്ട എല്ലാ രാഷ്ട്രങ്ങളുടേയും ദേശീയ ജനവിഭാഗങ്ങളുടേയും സർവതോമുഖമായ വളർച്ച കൈവരുത്തുകയും അവരെ തമ്മിൽ കൂടുതൽ അടുപ്പിക്കുകയും ചെയ്യുകയെന്ന നയം മുഖേനയും പൌരന്മാരെ സോവിയറ്റ് ദേശാഭിമാനത്തിന്റേയും സോഷ്യലിസ്റ്റ് സാർവദേശീയതയടേയും മനോഭാവ ത്തോടെ വളർത്തിക്കൊണ്ടുവരുന്നതുമുഖേനയും മാതൃഭാഷയും യു എസ് എസ് ആറിലെ ഇതര ജനതകളുടെ ഭാഷകളും കൈകാര്യം ചെയ്യാനുള്ള സാധ്യത ഉണ്ടാക്കുന്നതുമുഖേനയും ഈ അവകാശങ്ങളുടെ വിനിയോഗത്തിന് ഉറപ്പു നൽകപ്പെട്ടിരിക്കുന്നു.

പൌരാവകാശങ്ങൾ ഏതെങ്കിലും വിധത്തിൽ പ്രത്യക്ഷമായോ പരോക്ഷമായോ പരിമിതപ്പെടുത്തുകയോ വർണത്തിന്റെയോ ജനവിഭാഗത്തിന്റെയോ അടിസ്ഥാനത്തിൽ പ്രത്യക്ഷമോ പരോക്ഷമോ ആയ എന്തെങ്കിലും വിശേഷാനുകൂല്യങ്ങള് അനുവദിക്കുകയോ ചെയ്യുന്നതും വംശീയമോ ദേശീയമോ ആയ അനന്യതയോ ശത്രുതയോ അവജ്ഞയോ പ്രചരിപ്പിക്കുന്നതും നിയമപ്രകാരം ശിക്ഷാർഹമാണ്. "

ഇതിനു പുറമെ, പൌരന്മാരുടെ മൌലികമായ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും കർത്തവ്യങ്ങളും വിവരിക്കുമ്പോള് വകുപ്പ് 45 ൽ യു എസ് എസ് ആർ പൌരന്മാർക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശമുണ്ടായിരിക്കും എന്ന കാര്യം വിശദീകരിക്കുന്നിടത്ത് മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ, മാതൃഭാഷയിലുള്ള അധ്യയനത്തിന് അവസരം

നൽകുന്നതുമുഖേനയും സ്വയം വിദ്യാഭ്യാസം നടത്തുന്നതിനുള്ള സൌകര്യം ഉണ്ടാക്കുന്നതുമുഖേനയും ഈ അവകാശം സാധിക്കുമെന്നതിന് ഉറപ്പു നൽകപ്പെടുന്നു എന്നും പറയുന്നു.

പുതിയ രാഷ്ട്രത്തിന് ഔദ്യോഗിക ഭാഷ ഉണ്ടായിരുന്നില്ല. വിപ്ലവത്തിന് മുമ്പ് (1914 ൽ), റഷ്യൻ ഭാഷ ഔദ്യോഗിക ഭാഷയാക്കണമെന്ന ആവശ്യം ഉയർത്തിയവർക്കുള്ള മറുപടിയായി ലെനിൻ ഒരു നിർബന്ധിത ഔദ്യോഗികഭാഷ വേണ്ടതുണ്ടോ (*Proletarskaya Pravda* No.14 (32), January18, 1914) എന്ന ലേഖനത്തിൽ ഇങ്ങനെയാണ് പ്രതികരിച്ചത്. 'തർഗനേവ്, ടോൾസ്റ്റോയ്, ദൊബ്രോലിയോവ് തുടങ്ങിയവരുടെ ഭാഷയായ റഷ്യന്റെ വലുപ്പവും മഹത്വവും നിങ്ങളേക്കാൾ നന്നായി ഞങ്ങൾക്കറിയാം. റഷ്യയിൽ വസിക്കുന്ന ഓരോരുത്തർക്കും അത് പഠിക്കാനുള്ള അവസരമുണ്ടാവണം. പക്ഷേ, ഞങ്ങൾക്ക് വേണ്ടാത്തത് ബലപ്രയോഗമാണ്. അധികാരദണ്ഡുപയോഗിച്ച് ആളുകളെ സ്വർഗത്തിലേക്ക് നയിക്കണമെന്ന് ഞങ്ങളാഗ്രഹിക്കുന്നില്ല. സംസ്കാരത്തെക്കുറിച്ച് നിങ്ങൾ എത്ര മനോഹരമായ പദങ്ങള് ഉപയോഗിച്ചാലും ഒരു നിർബന്ധിത ഔദ്യോഗിക ഭാഷ എന്നത് ബലപ്രയോഗമാണ്, അധികാരദണ്ഡ് പ്രയോഗിക്കലാണ്.' ജനങ്ങൾക്ക് അവരുടെ ദേശഭാഷയിലാണ് വിദ്യാഭ്യാസം നൽകേണ്ടത് എന്നായിരുന്നു ലെനിന്റെ കാഴ്ചപ്പാട്. ദേശഭാഷകളെ പ്രോത്സാഹിപ്പിക്കുന്ന ഈ നയത്തിനെ പൊതുവായി കൊറാനിസാറ്റ്സിയ (korenizatsiia) എന്നാണ് പറഞ്ഞുവന്നിരുന്നത്. നിയമങ്ങളിൽ ഉള്ളടക്കിയിട്ടില്ലെങ്കിലും ഒരു മാതൃകാഭാഷാ നയം യു എസ് എസ് ആറിൽ ഉണ്ടായിരുന്നതായി പണ്ഡിതന്മാര് രേഖപ്പെടുത്തുന്നു. അതുപ്രകാരം സോവിയറ്റുകൾക്കിടയിൽ വിവരവിനിമയത്തിന് റഷ്യനാണ് ഉപയോഗിച്ചത്.

നേതൃത്വത്തിന്റെ ആത്യന്തികലക്ഷ്യം സോവിയറ്റ് ദേശീയത എന്ന സങ്കൽപ്പമായിരുന്നു. എല്ലാ ദേശീയതകളും സോവിയറ്റ്

സോഷ്യലിസ്റ്റ് കമ്യൂണിറ്റിയിലേക്ക് ലയിച്ചുചേരും. ഒന്നിച്ചുള്ള ഭരണവ്യവസ്ഥയിലും സമ്പദ്വ്യവസ്ഥയിലും പങ്കാളികളാകുന്നതുവഴി ഈ ലയനം സ്വാഭാവികമാവും എന്നായിരുന്നു കാഴ്ചപ്പാട്. ഈ സങ്കൽപ്പത്തെ അടിസ്ഥാനമാക്കി സാംസ്കാരിക വൈവിധ്യങ്ങളെ കൈകാര്യം ചെയ്യുന്നതിനെ വൈവിധ്യങ്ങളുടെ സംയോജനം (syncretic amalgamation) എന്നു വിളിച്ചുപോന്നു. പുതിയ ബന്ധങ്ങളും കൂട്ടായ്മകളും രൂപപ്പെടുത്തുന്നതിലൂടെ പഴയ സ്വത്വബോധം ലയിച്ച് ഇല്ലാതാവുമെന്നും വർഗബോധത്തിലധിഷ്ഠിതമായ പുതിയ പ്രത്യശാസ്ത്രബോധം ഉരുത്തിരിയുമെന്നുമായിരുന്നു സങ്കൽപ്പം. വിഭാഗീയമായ സ്വത്വബോധത്തിന്റെ സാന്നിധ്യവും അസാന്നിധ്യവും തള്ളിക്കളയാനാവാത്തതാണെങ്കിലും പാർട്ടി വക്താക്കള് വംശീയസംയോജനം നടന്നുകൊണ്ടിരിക്കയാണെന്ന് പറഞ്ഞുകൊണ്ടിരുന്നു.

റഷ്യനേതര ഭാഷകളുടെ വികസനത്തിനുവേണ്ട നടപടികൾ 1920 കളുടേയും1930 കളുടേയും മുഖമുദ്രയായിരുന്നു. നിഘണ്ടുക്കൾ, മറ്റ് റഫറൻസ് മെറ്റീരിയലുകള് തുടങ്ങിയവ ധാരാളമായി ഉണ്ടായി. 48 ഭാഷകൾക്ക് എഴുത്തുരൂപമുണ്ടായി. പൊതുഭരണം, കോടതി, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ നിന്ന് റഷ്യനെ മാറ്റിനിർത്താനായിരുന്നു ഇത്. യുക്രേനിയൻ ഭാഷ നല്ലൊരു ഉദാഹരണമാണ്. ഗ്രാമ്യമൊഴിയായിരുന്ന യുക്രേനിയൻ ഭാഷയെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലേക്കും കൊണ്ടു വരാൻ കഴിഞ്ഞു. മാത്രമല്ല, പ്രാഥമികതലം തൊട്ട് ടെക്നിക്കൽ തലം വരെയുള്ള വിദ്യാഭ്യാസവും ഏറെക്കുറെ യുക്രേനിയൻ ഭാഷയിലേക്ക് കൊണ്ടുവരാന് കഴിഞ്ഞു. ഒരാൾ പൊതുസ്ഥലങ്ങളിൽ യുക്രേനിയന് സംസാരിക്കുന്നില്ലെങ്കിൽ അയാള് വിപ്ലവത്തിന്റെ ശത്രു ആണോ എന്ന് സംശയിക്കുന്നിടംവരെ കാര്യങ്ങളെത്തി. ബെലോറഷ്യൻ, ബഷ്കീർ തുടങ്ങിയ നിരവധി ഭാഷകളുടെ സ്ഥിതിയും മറ്റൊന്നായിരുന്നില്ല.

വിവിധ ഭാഷകൾക്ക് കൊണ്ടുവന്ന ലിപിമാറ്റമായിരുന്നു മറ്റൊരു പ്രധാന നടപടി. ലാറ്റിൻ അക്ഷരങ്ങള് ഉപയോഗിച്ചായിരുന്നു ഈ

ലിപിമാറ്റം. 1920-30 കാലയളവിൽ നടന്ന ഈ പ്രക്രിയയെ ലാറ്റിനൈസേഷന് എന്നു വിളിച്ചുവരുന്നു. അറുപത്തിയൊൻപത് ഭാഷകളുടെ ലിപിമാറ്റം ഇക്കാലയളവിൽ നടന്നിട്ടുണ്ട്. റഷ്യനടക്കമുള്ള ഭാഷകളുടെ ലിപി മാറ്റാൻ ആലോചനകള് നടന്നുകൊണ്ടിരിക്കെ 1936ൽ പെട്ടെന്ന് ഈ പരിപാടി റദ്ദാക്കപ്പെട്ടു. നിലവിൽ ലാറ്റിന് ലിപിയിലേക്ക് മാറ്റിയ എല്ലാ ഭാഷകളുടെ ലിപിയും സിറിലിക്ക് ലിപിയിലേക്ക് മാറ്റാന് ഡിക്രി പുറപ്പെടുവിക്കുകയും ചെയ്തു.

ഭാഷകൾക്ക് ലിഖിതരൂപമുണ്ടാക്കൽ, നിലവിലുണ്ടായിരുന്നവയുടെ മെച്ചപ്പെടുത്തൽ തുടങ്ങിയവ ഏതാനും സ്ഥാപനങ്ങളുടെയോ കമ്മീഷനുകളുടെയോ പ്രവർത്തനമായി അവസാനിച്ചില്ല. റഷ്യനേതരഭാഷകളിൽ പത്രങ്ങളുടെയും പുസ്തകങ്ങളുടെയും പ്രസിദ്ധീകരണം വലിയതോതിൽ വളർന്നു. ഇത് കേവലമായ എണ്ണത്തിൽ മാത്രമുള്ള വളർച്ചയായിരുന്നില്ല. 1913 ൽ റഷ്യന് സാമ്രാജ്യത്തിൽ പുറത്തിറങ്ങിയ പുസ്തകങ്ങളിൽ 7.5 ശതമാനം മാത്രമായിരുന്നു റഷ്യനേതര ഭാഷകളിൽ . ഇത് 1927 ൽ 14.5 ശതമാനമായും 1933ൽ 26.6 ശതമാനമായും വർധിച്ചു. മൊത്തം പുസ്തക ഉൽപ്പാദനം 1913ൽ 8.67 കോടി കോപ്പികളായിരുന്നത് 1940 ൽ 46.2 കോടിയായും 1956 ൽ 110.75 കോടിയായും ഉയർന്നു (ഇതൊക്കെ പിന്നീട് കുറയുന്നുണ്ട്). പുതുതായി ലിഖിത രൂപമുണ്ടാക്കിയ ഭാഷകളിൽ അച്ചടിച്ചവയിലേറെയും കുട്ടികൾക്കും വയോജനങ്ങൾക്കുമുള്ള പ്രൈമറുകളും, പ്രാഥമിക വിദ്യാലയങ്ങളിലേക്കുള്ള പുസ്തകങ്ങളും, രാഷ്ട്രീയ പ്രചാരണത്തിനുള്ള ലഘുലേഖകളുമൊക്കെയായിരുന്നു. വൈജ്ഞാനിക ഗ്രന്ഥങ്ങളോ, സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള ഗ്രന്ഥങ്ങളോ അത്തരം ഭാഷകളിൽ പുറത്തിറങ്ങിയിരുന്നില്ല. ഇറങ്ങിയവയിൽ പലതും റഷ്യനിൽ നിന്നുള്ള പരിഭാഷകളുമായിരുന്നു. ഇത്തരം പോരായ്മകളൊക്കെ നിലനിന്നിരുന്നുവെങ്കിലും അത് നേട്ടമല്ലാതാവുന്നില്ല. ഭാഷകളെ സംബന്ധിച്ചും ദേശീയതകളെ സംബന്ധിച്ചും അത് വലിയൊരു കാൽവെപ്പായിരുന്നു.

സ്റ്റാലിന്റെ കാലത്ത് പ്രകടമായ കേന്ദ്രീകരണമാണ് സംഭവിച്ചത്. സംസ്കാരവും ഭാഷയും വ്യത്യസ്തമാണ്. സംസ്കാരം ബൂർഷ്വാ സംസ്കാരമോ സോഷ്യലിസ്റ്റ് സംസ്കാരമോ ആവാം. ഭാഷ പരസ്പര ബന്ധത്തിനുള്ള ഒരുപാധി എന്ന നിലയിൽ എല്ലായ്പ്പോഴും എല്ലാവർക്കും പൊതുവായുള്ളതാണ്. അതിന് ബൂർഷാ സംസ്കാരത്തേയും സോഷ്യലിസ്റ്റ് സംസ്കാരത്തേയും സേവിക്കാനാവും. എന്നതായിരുന്നു ഭാഷയെക്കുറിച്ചുള്ള സ്റ്റാലിന്റെ കാഴ്ചപ്പാട്. 1927 ൽ വിവിധ റിപ്പബ്ലിക്കുകളിലെ പാർട്ടികമ്മറ്റികള് പെറ്റിബൂർഷ്വാ ദേശീയതയുടെ അപകടങ്ങളെക്കുറിച്ചുള്ള നിലപാടുമായി രംഗത്തെത്തി. 1930 കളിലെ റഷ്യൻവൽക്കരണം മൂന്നു മുനകളുള്ള ഒരു സമീപനമായിരുന്നു എന്നു പറയാം. റഷ്യൻ ഭാഷയെ കേന്ദ്രീകരിച്ച് സ്റ്റാറ്റസ്, അക്വിസിഷൻ പ്ലാനുകൾ. പ്രാദേശികഭാഷകളെ മുൻനിർത്തി കോർപ്പസ് പ്ലാനിങ്. 1938 ലെ ഒരു ഡിക്രി റഷ്യനേതര സ്കൂളുകളിൽ റഷ്യന് നിർബന്ധിത രണ്ടാം ഭാഷയാക്കിക്കൊണ്ടുള്ളതായിരുന്നു. റഷ്യൻ പഠനത്തിന് കേന്ദ്രീകരിച്ച സിലബസും കൂടുതൽ പഠന മണിക്കൂറുകളും ഉറപ്പാക്കി. പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണവും അധ്യാപക പരിശീലനവും മുൻഗണാനാ മേഖലയാക്കൽ തുടങ്ങിയ നടപടികളും ഇതോടൊപ്പമുണ്ടായിരുന്നു. ഇതിലൂടെ റഷ്യൻ ഭാഷയ്ക്ക് ഔദ്യോഗികഭാഷയെന്ന പരിവേഷം സൃഷ്ടിച്ചു.1930 ൽ പ്രാദേശിക ദേശീയതകൾക്കും ദേശീയഭാഷകളോടുള്ള ബഹുമാനത്തിനുമെതിരായി വലിയ തോതിലുള്ള ആക്രമണവും ആരംഭിച്ചു. പ്രാദേശികഭാഷകളുടെ പഠനത്തിനു വേണ്ടി നിലകൊണ്ടവരെ പാർട്ടിയിൽ നിന്ന് പുറത്താക്കാനാരംഭിച്ചു. ക്രമേണ റഷ്യൻ ഭാഷ വല്യേട്ടനായി മാറി. മറ്റു ഭാഷകൾ അതിനെ കേന്ദ്രീകരിച്ചായി. പ്രാദേശിക ഭാഷകളിലെ പല പ്രസിദ്ധീകരണങ്ങളും നിരോധിക്കപ്പെട്ടു. സോവിയറ്റ് ദേശീയതയുടെ വാഴ്ത്ത് റഷ്യൻ ഭാഷയിൽ വലിയതോതിൽ പ്രചരിപ്പിക്കാനും തുടങ്ങി. സ്റ്റാലിനു ശേഷം ഭാഷാനയങ്ങളിൽ തിരിച്ചുപോക്ക് ഉണ്ടാവുന്നതായി

തോന്നിയെങ്കിലും അത് അധികകാലം നീണ്ടുനിന്നില്ല. റഷ്യൻവൽക്കരണം തുടർന്നുകൊണ്ടേയിരുന്നു.

1986 ൽ മിഖൈൽ ഗോർബച്ചേവിന്റെ നേതൃത്വത്തിൽ ആരംഭിച്ച പെരെസ്ട്രോയ്ക്ക, ഗ്ലാസ്നോസ്റ്റ് എന്നിവയുടെ പശ്ചാത്തലത്തിൽ ദേശീയതാപ്രശ്നം പുനരാലോചനയ്ക്ക് വിധേയമായി. ബൂർഷ്വാ ദേശീയത എന്ന മുദ്രകുത്തൽ കടുത്ത വിമർശനത്തിനിടയാക്കി. ദേശീയതയ്ക്കും ഭാഷാപ്രശ്നങ്ങൾക്കും സാർവദേശീയമായി പറയാവുന്ന ലഘുവായ ഉത്തരങ്ങളില്ല എന്ന് നേതൃത്വം തിരിച്ചറിഞ്ഞു. തദ്ദേശീയ ഭാഷകൾക്കും അവയെ പ്രതിനിധീകരിക്കുന്ന സംസ്കാരങ്ങൾക്കും വികസനത്തിനുള്ള അവസരമൊരുക്കണമെന്നും ദേശിയതകളെ മാനിക്കണമെന്നും നിർദേശിക്കപ്പെട്ടു. 1989 ജൂലൈ ഒന്നിന് നടത്തിയ ഒരു ടെലിവിഷൻ പ്രക്ഷേപണത്തിലൂടെ യൂണിയന് നേരിടുന്ന വംശീയ വിഭാഗീയതയെ വലിയൊരു ഭീഷണിയായി ഗോർബച്ചേവ് വിശേഷിപ്പിച്ചു. വിട്ടുപോവാനുള്ള ആവശ്യത്തെ നിഷേധിച്ചു കൊണ്ടുതന്നെ വളർന്നുവരുന്ന ദേശീയ വികാരത്തെ ഉൾക്കൊള്ളാനുള്ള സന്നദ്ധത അദ്ദേഹം അറിയിച്ചു. നീതിപൂർവമായ രീതിയിൽ ദേശീയതകളുടെയും ഭാഷകളുടെയും സമ്പൂർണമായ വികാസവും ഉറപ്പുനൽകി. എല്ലാ സോവിയറ്റുപൌരന്മാരുടെയും പൊതുഭാഷയായി റഷ്യനെ നിലനിർത്തണം. അതേ അവസരത്തിൽ ഏറ്റവും ചെറിയ വംശീയ വിഭാഗങ്ങൾക്കുപോലും അവരുടെ മാതൃഭാഷയുടെ അവകാശം നിഷേധിക്കാന് പാടില്ല. 1988 ഡിസംബറിലാണ് എസ്റ്റോണിയയിലെ സുപ്രീം സോവിയറ്റ് ഒരു ഭരണഘടനാഭേദഗതിയിലൂടെ എസ്റ്റോണിയൻഭാഷയ്ക്ക് സ്റ്റേറ്റ് ലാംഗ്വേജ് പദവി നൽകിയത്. ഇതിനെ തുടർന്ന് ലിത്വാനിയ, ലാറ്റ്വിയ, ഉസ്ബക്കിസ്ഥാൻ താജിക്കിസ്ഥാന് എന്നിവയും ഇതേ വഴി പിന്തുടർന്നു. യുക്രെയിൻ അവരുടെ ഭാഷയുടെ പദവി ഉയർത്തി. ഇതിനെ തുടർന്നാണ് യു എസ് എസ് ആര് സുപ്രീം സോവിയറ്റ് പുതിയ ഭാഷാനിയമവുമായി (Law on the Languages of the USSR people) രംഗത്തുവന്നത്. ഈ നിയമം തദ്ദേശീയ ഭാഷകളുടെ

പദവി പല നിലകളിലായി ഉയർത്തി. റിപ്പബ്ലിക്കുകളിലെ നിയമങ്ങൾക്ക് മുൻഗണന നൽകൽ, റഷ്യൻ പഠനം നിർബന്ധിതമാക്കൽ, ഭാഷയുടെ അടിസ്ഥാനത്തിൽ വ്യക്തികളോട് വിവേചനം കാണിക്കുന്നതിനെ തടയൽ, കുട്ടികളുടെ വിദ്യാഭ്യാസ മാധ്യമം തിരഞ്ഞെടുക്കാൻ രക്ഷിതാക്കൾക്ക് സ്വാതന്ത്ര്യം നൽകൽ എന്നിവയായിരുന്നു ഈ നിയമത്തിന്റെ പ്രധാന സവിശേഷതകള്. ഒപ്പം ആദ്യമായി റഷ്യൻ ഭാഷയ്ക്ക് യു എസ് എസ് ആറിൽ നിയമപരമായ പദവി നൽകുകയും ചെയ്തു.

ജസാൻ യൂനിവേഴ്സിറ്റിയിലെ (സൌദി അറേബ്യ) അലോക് കുമാർ ദാസ് സോവിയറ്റ് ലാംഗ്വേജ് പോളിസി ഇന് റിലേഷന് ടു മൈനോറിറ്റി ലാംഗ്വേജസ്: ദി റോഡ് ടു ഡിസിന്റഗ്രേഷൻ എന്ന പ്രബന്ധത്തിൽ യു എസ് എസ് ആറിന്റെ പതനം രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങളാൽ മാത്രമല്ലെന്നും അധികാര കേന്ദ്രങ്ങളായിരുന്ന സോവിയറ്റുകളിലും സുപ്രീം സോവിയറ്റിലും ശാസ്ത്രീയമായ ഒരു ഭാഷാനയം ഇല്ലാതെ പോയതുകൊണ്ടു കൂടിയാണെന്നും വാദിക്കുന്നു. ഭാഷാ ന്യൂനപക്ഷങ്ങൾക്കും ദേശീയ ന്യൂനപക്ഷങ്ങൾക്കും തുല്യതയില്ലാതെ പോയത് 'ടിറ്റുലാർ (titular)സോവിയറ്റുകളുടെ നേരെ ജനങ്ങൾക്ക് സംശയം ജനിപ്പിക്കാന് ഇടയാക്കി. (ടിറ്റുലാർ നാഷന് എന്നാൽ ഒരു പ്രത്യേക സ്റ്റേറ്റിലെ പ്രബലമായ വംശീയ വിഭാഗമാണ്. അതിന്റെ പേരിനെ അടിസ്ഥാനമാക്കിയാണ് സ്റ്റേറ്റിന്റെ പേരിടുക.) വേറിട്ടുപോവുകയും തങ്ങളുടേതായ രാഷ്ട്രം രൂപീകരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ പ്രശ്നത്തിന് പരിഹാരമുണ്ടാവൂ എന്ന് അവർ ചിന്തിച്ചു. സോവിയറ്റ് സാഹചര്യത്തിൽ വംശീയതയുടെയും ഭാഷയുടെയും പ്രശ്നങ്ങളെ വേർതിരിച്ചെടുക്കാന് കഴിയില്ല. സ്ലാവ് ഇതര വിഭാഗങ്ങൾക്കു നേരെയുള്ള മുൻവിധികൾക്കും അധിക്ഷേപങ്ങൾക്കും ചരിത്രപരമായ അടിവേരുകളുണ്ട്. ദേശീയതകൾ തമ്മിലുള്ള സംഘർഷത്തെ ഇത് പരിപോഷിപ്പിച്ചു. ഗ്ലാസ്നോസ്റ്റും പെരെസ്ട്രോയ്ക്കയും സൃഷ്ടിച്ച പുതിയ

സാഹചര്യത്തിൽ അത് അതിവേഗം പ്രകടനാത്മകമായ രീതിയിൽ പുറത്തേക്ക് വന്നു എന്നേയുള്ളൂ. പുതിയ നയങ്ങൾ കൊണ്ടുവരുന്നതിലൂടെ ഗുപ്തമായ വൈരങ്ങളെ ഇല്ലാതാക്കാൻ കഴിയുമെന്നായിരുന്നു പ്രതീക്ഷയെങ്കിലും അസമമായ വികസനവും അപര്യാപ്തമായ ഭാഷാനയവും ദേശീയതയെ വലിയതോതിൽ പരിപോഷിപ്പിക്കുകയും ഫെഡറേഷന്റെ ശിഥിലീകരണത്തിലേക്ക് നയിക്കുകയും ചെയ്തു എന്ന് അലോക് കുമാർ ദാസ് വിലയിരുത്തുന്നു.

സോവിയറ്റാനന്തരമുള്ള രാജ്യങ്ങൾ മൊത്തത്തിൽ ഭാഷാപോരുകളുടെ ഒരു കേദാരമായി ഭവിച്ചു. ഭാഷയും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ തുടർച്ചയായ പ്രതിഷേധങ്ങളും ചിലപ്പോളൊക്കെ പട്ടാള ഇടപെടലുകളും വിളിച്ചുവരുത്തി. ഭാഷാ ബന്ധിതമായ വൈകാരിക പ്രകടനങ്ങളുടെ വാർത്തകള് നിത്യസംഭവങ്ങളായിരുന്നു. കോളനിയാനന്തര ആഫ്രിക്കയിലേതിൽ നിന്ന് വ്യത്യസ്തമായി സോവിയറ്റാനന്തര രാജ്യങ്ങളിലെ ഭാഷാപരിവർത്തനം (language shift) ബോധപൂർവം 'കൊളോണിയൽ ഭാഷയായ' റഷ്യനെ പൊതുമണ്ഡലത്തിൽ നിന്ന് ഒഴിവാക്കുന്ന ഒരു ഘടകം കൂടി ഉൾപ്പെട്ടതായിരുന്നു. അപ-റഷ്യൻവൽക്കരണം വിശാലമായ അപ- സോവിയറ്റുവൽക്കരണത്തിന്റെ ഭാഗമായിരുന്നു എന്ന് അനേറ്റ പവലെങ്കോ നിരീക്ഷിക്കുന്നു. മുമ്പ് റഷ്യൻവൽക്കരണം നടന്ന എല്ലാ മേഖലകളേയും അതിലുൾപ്പെടുത്തി. ഔദ്യോഗിക രേഖകളിൽ നിന്ന്, ഒദ്യോഗിക മാധ്യമങ്ങളിൽ നിന്ന്, പൊതു ബോർഡുകളിൽ നിന്ന്... എല്ലാം റഷ്യൻ ഭാഷ കുടിയിറക്കപ്പെട്ടു. റഷ്യൻ ഭാഷാ സ്കൂളുകള് അടയ്ക്കുകയോ അവയുടെ എണ്ണം പരിമിതപ്പെടുത്തുകയോ ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ റഷ്യൻ ഭാഷാപഠനം ഒഴിവാക്കി. സ്കൂളുകളിൽ രണ്ടാം ഭാഷയായി റഷ്യൻഭാഷ പഠിപ്പിക്കുന്നതുപോലും ഒഴിവാക്കി. ലിപിയുടെ കാര്യത്തിൽ നിരവധി ടിറ്റുലാര് ഭാഷകള് സിറിലിക്ക് ലിപിയെ

ഒഴിവാക്കി ലാറ്റിൻ ലിപി സ്വീകരിച്ചു. പ്രദേശങ്ങളുടെ പേരുകൾ മാറ്റലും നടന്നു.

ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടത് ഈ പതിനാലു രാജ്യങ്ങളും ഏകതാനമായ ജനവിഭാഗങ്ങളെ ഉൾക്കൊള്ളുന്ന പ്രദേശങ്ങളായിരുന്നില്ല എന്നതാണ്. ഭാഷാപരിവർത്തനത്തെയും അപ-റഷ്യൻവൽക്കരണത്തെയും നാലു കാര്യങ്ങള് സങ്കീർണമാക്കിയതായി അനേറ്റ പറയുന്നു. റഷ്യൻ മാത്രം സംസാരിക്കാനറിയാവുന്ന ജനസംഖ്യയിലെ വലിയ വിഭാഗം, ടിറ്റുലാർ ജനവിഭാഗങ്ങളിൽ അതിനകം നടന്നിരുന്ന റഷ്യൻവൽക്കരണം, പരസ്പര ആശയവിനിമയത്തിന് റഷ്യൻ ഭാഷയെ ബന്ധഭാഷയായി ഉപയോഗിച്ചിരുന്ന ബഹുവംശീയ വിഭാഗങ്ങൾ, ചില ടിറ്റുലാർ ഭാഷകളുടെ പരിമിതികൾ എന്നിവയാണ് ആ നാലുകാര്യങ്ങള്.

1. റഷ്യൻ മാത്രം സംസാരിക്കാനറിയാവുന്ന ജനസംഖ്യയിലെ വലിയ വിഭാഗം:

1991 ൽ പതിനാല് പുതിയ രാജ്യങ്ങളിലുമായി റഷ്യന് മാതൃഭാഷയായുള്ള 3.65 കോടി പേരും റഷ്യൻ ഉപയോഗിക്കുന്ന വംശീയ വിഭാഗങ്ങളിൽപ്പെട്ട (ethnic Russians) 2.5 കോടി ജനങ്ങളുമുണ്ടായിരുന്നു. പല രാജ്യങ്ങളിലും ഒന്നാം ഭാഷയായി റഷ്യൻ ഉപയോഗിക്കുന്നവരുടെ എണ്ണം എത്തിനിക്ക് റഷ്യന്മാരേക്കാള് കൂടുതലായിരുന്നു . കാരണം അവരിൽ റഷ്യൻവൽക്കരണത്തിന് വിധേയരായ ടിറ്റുലാര് ഭാഷക്കാരും ഉൾപ്പെട്ടിരുന്നു. 1989 ൽ ബെലാറസ്, എസ്റ്റോണിയ, കസാഖ്സ്ഥാൻ, കിർഗിസ്ഥാന്, ലാറ്റ്വിയ, മോൾഡോവ, യുക്രെയിൻ എന്നിവിടങ്ങളിൽ ഒന്നാം ഭാഷയായി റഷ്യൻ ഉപയോഗിക്കുന്നവര് 23 മുതൽ 47 ശതമാനം വരെയായിരുന്നു. തങ്ങൾ മറ്റൊരു ഭാഷയുള്ള രാജ്യത്തേക്കാണ് പോവുന്നതെന്നും ജീവിതം സുഗമമാക്കുന്നതിന് അത് പഠിച്ചെടുക്കേണ്ടതുണ്ടെന്നും സാധാരണഗതിയിൽ കുടിയേറുന്നവർക്കറിയാം. പക്ഷേ, ഇത്തരം കുടിയേറ്റക്കാരുടെ ഗണത്തിലേക്ക്

സോവിയറ്റാനന്തര രാജ്യങ്ങളിലെ റഷ്യന് ഭാഷകരെ നമുക്ക് ഉൾപ്പെടുത്താന് കഴിയില്ല. അവർ ഒരു സുപ്രഭാതത്തിൽ ഉറക്കമുണർന്നപ്പോള് തങ്ങള് രാഷ്ട്രീയമായും ഭാഷാപരമായും മറ്റൊരു യാഥാർഥ്യത്തിലാണെന്ന് തിരിച്ചറിഞ്ഞവരാണ്. ഇന്നലെവരെ തങ്ങളുടേതെന്ന് കരുതിപ്പോന്ന ഒരു രാജ്യത്ത് ഇന്നുമുതൽ അവര് കുടിയേറ്റക്കാരെന്നാണ് അറിയപ്പെടുക. ഇന്നലെ വരെ അവരുപയോഗിച്ച ഭാഷ ഇന്നുമുതൽ ജോലിക്കോ വിദ്യാഭ്യാസത്തിനോ മതിയായ ഒന്നല്ല. മാത്രവുമല്ല ലാറ്റ്വിയയിലും എസ്റ്റോണിയയിലും റഷ്യക്കാർ നാടുകടത്തപ്പെടുമെന്ന ഭീഷണി ഉയർന്നപ്പോള് അവരിൽ പലർക്കും 1940 ന മുമ്പ് അവരുടെ പൂർവികര് താമസിച്ചിരുന്ന സ്ഥലമേതാണെന്നുപോലും അറിയുമായിരുന്നില്ല.

2. ടിറ്റുലാർ ജനവിഭാഗങ്ങളിൽ അതിനകം നടന്നിരുന്ന റഷ്യൻവൽക്കരണം:

ബെലാറസ്, കസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, യുക്രെയിൻ എന്നിവിടങ്ങളിൽ നടന്ന വലിയ തോതിലുള്ള റഷ്യൻവൽക്കരണം മറ്റൊരു പ്രശ്നമായിരുന്നു. ടിറ്റുലാർ ഭാഷകളിൽപ്പെട്ടവരിലായിരുന്നു ഈ റഷ്യൻവൽക്കരണം നടന്നത്; പ്രത്യേകിച്ച് നഗരപ്രദേശങ്ങളിൽ. ഇവരിൽ ഭാഷാ പരിവർത്തനം സംഭവിച്ചു കഴിഞ്ഞിരുന്നതിനാൽ ടിറ്റുലാർ ഭാഷകളിലെ അവരുടെ പരിജ്ഞാനം തുലോം കുറവായിരുന്നു. ഈ ഭാഷാ പരിവർത്തനത്തിനെ മറ്റൊരു പരിവർത്തനത്തിലൂടെ തിരികെ എത്തിക്കേണ്ടതുണ്ടായിരുന്നു.

3. പരസ്പര ആശയവിനിമയത്തിന് റഷ്യൻ ഭാഷയെ ബന്ധഭാഷയായി ഉപയോഗിച്ചിരുന്ന ബഹുവംശീയ വിഭാഗങ്ങൾ:

ചില രാജ്യങ്ങളിലെ പ്രശ്നം ജനസംഖ്യയിലെ ബഹുവംശീയ ബഹുഭാഷാ ഘടനയായിരുന്നു. ഇവർ പരസ്പരമുള്ള ആശയവിനിമയത്തിന് ബന്ധഭാഷയായും അധികാരികളുമായുള്ള ആശയവിനിമയത്തിനും ഇതുവരെ റഷ്യനാണ് ഉപയോഗിച്ചുപോന്നത്.

4. ചില ടിറ്റുലാർ ഭാഷകളുടെ പരിമിതികൾ:

കസാക്ക്സ്ഥാനിലെയും കിർഗിസ്ഥാനിലെയും ടിറ്റലാര് ഭാഷകള് വേണ്ടത്ര വികസിച്ചവയായിരുന്നില്ല. ഭാഷയിലുള്ള ഏകീകരണവും (standardization) കോർപ്പസ് തല ആസൂത്രണവും നടത്താതെ പുതിയ തലങ്ങളിൽ അവ പെട്ടെന്ന് ഉപയോഗിക്കാന് കഴിയുമായിരുന്നില്ല. ഓരോ രാജ്യത്തിന്റെയും ചരിത്ര- രാഷ്ട്രീയ- സാമൂഹ്യ- സാമ്പത്തിക- ജനസംഖ്യാപര പ്രത്യേകതകളോടൊപ്പം ഈ നാല് ഘടകങ്ങൾ കൂടി ചേർന്നുകൊണ്ടാണ് അവിടങ്ങളിലെ ഭാഷാപരിവർത്തന ശ്രമങ്ങളെ മുന്നോട്ടു നയിച്ചത്.

കിഴക്കൻ യൂറോപ്പ് (ബെലാറസ്, എസ്റ്റോണിയ, ലാറ്റ്‌വിയ, ലിത്‌വാനിയ, മൊൾഡോവ, യുക്രെയിൻ), ട്രാൻസ് കാക്കസസ് (അർമേനിയ, അസർബൈജാന്, ജോർജിയ), സെൻട്രൽ ഏഷ്യ (കസാക്ക്സ്ഥാൻ,കിർഗിസ്ഥാന്, താജിക്കിസ്ഥാൻ, തുർക്ക്മെനിസ്ഥാന്, ഉസ്ബക്കിസ്ഥാൻ) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി പരിഗണിച്ചുകൊണ്ട് പുതിയ പതിനാലുരാജ്യങ്ങളിലും നടന്ന ഭാഷാസൂത്രണ ശ്രമങ്ങളെ അനേറ്റ സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്. ഈ ചെറു അവലോകനത്തിൽ അത്തരം വിശദാംശങ്ങളിലേക്ക് കടക്കാൻ കഴിയില്ല. പൊതുവായ ചില കാര്യങ്ങളിലേക്കു മാത്രം കടക്കാം.

സോവിയറ്റാനന്തര രാജ്യങ്ങളിലെ ബന്ധഭാഷയുടെ കാര്യത്തിൽ ഭാഷാ നിയമങ്ങള്, ഭാഷാസൂത്രണ നടപടികൾ എന്നിവയോടൊപ്പം മൂന്ന് കൂട്ടം കാര്യങ്ങൾ കൂടി നിർണായകമായ പങ്കു വഹിച്ചു. ജനതതിയുടെ വംശീയവും ഭാഷാപരവുമായ സ്വഭാവവും അവരുടെ അധിവാസത്തിന്റെ ക്രമവും ആണ് ഒന്ന്. അർമേനിയയിലും ലിത്‌വാനയിലും വംശീയവും ഭാഷാപരവുമായ സജാതീയത ഭാഷാപരിവർത്തനത്തെ സഹായിച്ചു. ജോർജിയയിലാവട്ടെ ബഹുവംശീയ സ്വഭാവവും നിലവിലുണ്ടായിരുന്ന വംശീയ സംഘർഷങ്ങളും ഒരു ബന്ധഭാഷയായി റഷ്യനെ ആശ്രയിക്കുന്നതിലേക്ക് നയിച്ചു. രണ്ടാമത്തെ ഘടകം ഭാഷാപരവും

പ്രത്യയശാസ്ത്രപരവുമായ കാര്യങ്ങൾ ഭാഷാസമീപനത്തെ നിർണയിക്കുന്നതാണ്. ഉദാഹരണമായി യുക്രെയിനിലും ബെലാറസിലുമുള്ളവർ റഷ്യന് ഭാഷയെ അഭിവൃദ്ധിയിലേക്കും ഉയർന്ന സംസ്കാരത്തിലേക്കുമുള്ള മാർഗമായി കണ്ടു. അവരുടെ ദേശ്യഭാഷകളെ പിന്നാക്കത്തിന്റെ ഭാഷയായും. മൂന്നാമത്തെ കാര്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. അത് മേഖലാ- ആഗോള ശക്തികളാണ്. ഈ ശക്തികൾ ഇംഗ്ലീഷ്, റഷ്യൻ പോലുള്ള ഭാഷകളിൽ (ഇംഗ്ലീഷ് ആഗോള ഭാഷ, റഷ്യൻ മേഖലാ ഭാഷ) പണം മുടക്കാൻ താൽപ്പര്യപ്പെടുന്നു. ഒരു വലിയ രാഷ്ട്രീയഭ്രവിഭാഗത്തിലെ രാഷ്ട്രീയ, സാമ്പത്തിക, മിലിട്ടറി, ശക്തികളുടെ ഭാഷയാണ് റഷ്യൻ ഭാഷ. ഈ ശക്തികളുടെ ഊർജകേന്ദ്രവും സാസ്കാരികകേന്ദ്രവും വൈജ്ഞാനികകേന്ദ്രവും റഷ്യനാണ്. അതുകൊണ്ടുതന്നെ ഒരു മേഖലാ ബന്ധഭാഷയായി റഷ്യൻഭാഷ അതിന്റെ സ്ഥാനം പുതിയ രാജ്യങ്ങളിൽ നിലനിർത്തി.

ലാറ്റ്വിയൻ, എസ്റ്റോണിയൻ ഭാഷകളിലെ പാടവം ആ രാജ്യങ്ങൾക്കകത്തുള്ള സാമൂഹ്യ ചലനാത്മകത വർധിപ്പിക്കുംഎന്നതു ശരിതന്നെ. എന്നാൽ റഷ്യൻ പാടവം രാജ്യാന്തര ബന്ധങ്ങൾക്കും ബിസിനസ്സുകൾക്കും സഹായകമാകും. റഷ്യൻ ഭാഷകര് രാജ്യാന്തര സാമ്പത്തിക ബന്ധങ്ങൾ വളർത്തിയെടുക്കുകയും അങ്ങനെ ടിറ്റുലാര് ഭാഷകൾ പഠിക്കാനുള്ള സമ്മർദത്തെ മറികടക്കുകയും ചെയ്തു. മാത്രവുമല്ല തങ്ങളുടെ കുട്ടികളെ ടിറ്റുലാർ ഭാഷാ സ്കൂളുകളിലേക്ക് അയയ്ക്കുമ്പോഴും റഷ്യൻ ഭാഷകരുടെ ആവശ്യം ഭാഷാപരിവർത്തനമോ ഉൾച്ചേരലോ ആയിരുന്നില്ല, മറിച്ച് ഏകീകരണവും ദ്വിഭാഷിത്വവുമായിരുന്നു. ഭാഷാ ഉപയോഗത്തെ സ്വാധീനിച്ച മറ്റൊരു ഘടകം പുത്തൻ വിവര സാങ്കേതിക വിദ്യയായിരുന്നു. സൈബർസ്പേസ് ഇംഗ്ലീഷ്, റഷ്യൻ പോലുള്ള ഭാഷകളെ അവലംബിച്ചതിനാൽ ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ റഷ്യൻ പഠിക്കുന്നതിന് പലരും തയ്യാറായി. ഇത്തരം കാര്യങ്ങളൊന്നും പുതിയ രാജ്യങ്ങളിലെ ഭരണാധികാരികള് പരിഗണിച്ചിരുന്നില്ല. റഷ്യൻ ഭാഷയെ ഇംഗ്ലീഷ്

കൊണ്ട് പകരം വെക്കാമെന്ന് അവർ കരുതിയെങ്കിലും അത് പ്രാവർത്തികമായില്ല. ഇംഗ്ലീഷിലുള്ള പുസ്തകങ്ങൾ നേരിട്ട് വായിച്ചു മനസ്സിലാക്കുന്നതിനേക്കാൾ അവയുടെ റഷ്യന് പരിഭാഷകള് വായിച്ചു മനസ്സിലാക്കാനാണ് ആളുകൾ താൽപ്പര്യപ്പെടുന്നത്.

രസകരമായ മറ്റൊരു കാര്യം 1920 കളിലേയും 1990 കളിലേയും ഭാഷാപരിവർത്തന ശ്രമങ്ങളിലെ ചില സാമ്യങ്ങളാണ്. രണ്ടു സന്ദർഭങ്ങളിലും അർമേനിയയും ജോർജിയയും ചുരുങ്ങിയ കാലയളവിനുള്ളിൽ ടിറ്റുലാര് ഭാഷകളുടെ അധീശത്വം പുനഃസ്ഥാപിച്ചു. യുക്രെയിൻ യുക്രേനിയെസേഷനു വേണ്ടിയുള്ള ചടുലമായ പ്രചാരണം നടത്തിയെങ്കിലും റഷ്യൻ ഭാഷകരിൽ നിന്നും റഷ്യൻവൽക്കരണത്തിന് വിധേയരായ ടിറ്റുലാറുകളിൽ നിന്നും എതിർപ്പിനെ വിളിച്ചുവരുത്തി. ബെലാറസാകട്ടെ റഷ്യനെ ഉപേക്ഷിക്കാൻ തയ്യാറായില്ല.

സോവിയറ്റാനന്തര രാജ്യങ്ങളിലെ ഭൂരിഭാഗം ഭാഷാസൂത്രണ നയങ്ങളും പ്രബലമായ വംശ- ദേശീയതകളുടെയോ രാഷ്ട്രീയ ഗ്രൂപ്പുകളുടെയോ താൽപ്പര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായി അനേന നിരീക്ഷിക്കുന്നു. അവിടുത്തെ അനുഭവങ്ങൾ സാമൂഹ്യ ഭാഷാശാസ്ത്രജ്ഞരുടെ മുന്നിലേക്ക് സൈദ്ധാന്തികവും പ്രായോഗികവുമായ പുതിയ പ്രഹേളികകൾ ഉയർത്തുന്നു.

**റഫറൻസ്**

1. ACALAN https://acalan-au.org/index.php

2. Alok Kumar das, Soviet Language Policy vis-à-vis Minority Languages: The Road to Disintegration https://www.researchgate.net/publication/329567383_Soviet_Language_Policy_vis-a-vis_Minority_Languages_The_Road_to_Disintegration

3. Aneta Pavlenko, Multilingualism in Post-Soviet Countries:Language Revival, Language Removal,and Sociolinguistic Theory, The International Journal of Bilingual Education and BilingualismVol. 11, Nos. 3&4, 2008

4. Cambodia Education
https://en.wikipedia.org/wiki/Cambodia#Education

5. Cooper L Robert, Language planning and social change, Cambridge University press, 1989,

6. Derg, https://en.wikipedia.org/wiki/Derg

7. Ethiopia, https://en.wikipedia.org/wiki/Ethiopia

8. Ethnoblog- Languages of the world
https://www.ethnologue.com/ethnoblog/gary-simons/welcome-23rd-edition

9.Finland
https://en.wikipedia.org/wiki/Finland#Education_and_science

10. Gadelii Karl Erland , Language planning: theory and practice; evaluation of language planning cases worldwide; 1999 https://citeseerx.ist.psu.edu/viewdoc/download?doi=10.1.1.119.2871&rep=rep1&type=pdf

11. Germa Amare, An Appraisal of the Literacy Campaign in Ethiopia During the Military Regime, 1974-1991 ,Journal of Ethiopian Studies , June-December 2006, Vol. 39, No. 1/2 (June-December 2006), pp. 93-117

12. Hanna Pułaczewska, Student's First Guide to Language Policy and Planning,
https://www.academia.edu/9189679/Student_s_First_Guide_to_Language_Policy_and_Planning_Available_online_open_access._?email_work_card=title

13. Hesham Shawish, Campaign to save the Arabic language in Lebanon https://www.bbc.com/news/10316914
14. Indigenous Languages https://en.iyil2019.org/
15. Intercultural bilingual education in Guatemala https://en.wikipedia.org/wiki/Intercultural_bilingual_education_in_Guatemala#Outcomes
16.Language in Lebanon
https://en.wikipedia.org/wiki/French_language_in_Lebanon
17. Languages of Bolivia
https://en.wikipedia.org/wiki/Languages_of_Bolivia
18. Languages of Burkina Faso
https://en.wikipedia.org/wiki/Languages_of_Burkina_Faso
19. Languages of Guatemala
https://en.wikipedia.org/wiki/Languages_of_Guatemala
20. Languages of Morocco
https://en.wikipedia.org/wiki/Languages_of_Morocco
21.Languages of Spain
https://en.wikipedia.org/wiki/Languages_of_Spain
22. Lebanon https://en.wikipedia.org/wiki/Lebanon#Education
23. Migge, Bettina and Léglise, Isabelle . Language and colonialism. Applied linguistics in the context of creole communities. In Marlis Hellinger and Anne Pauwels (eds.), Language and Communication : Diversity and Change. Handbook of Applied Linguistics 297-338. Berlin: Mouton de Gruyter.

24. Moshe Nahir, Micro Language Planning and the Revival of Hebrew: A Schematic Framework , Language in Society , Sep., 1998, Vol. 27, No. 3 (Sep., 1998), pp. 335-357

25. Alexander Neville, Evolving African approaches to the management oflinguistic diversity,
https://www.marxists.org/archive/alexander/aila-2008.pdf

26. Paul Lewis M. and Gary F. Simons, assessing endangerment: expanding fishman's gids DOI: 10.1017/CBO9780511783364.003

27. Phillipson Robert , Colonialism and Language Policy and Planning The Encyclopedia of Applied Linguistics, Edited by Carol A. Chapelle. DOI: 10.1002/9781405198431.wbeal0155

28. – Linguistic Imperialism,
https://www.researchgate.net/publication/31837620_Linguistic_Imperialism_R_Phillipson

29. Shimon A. Shur, Modern Hebrew in the Light of Language Planning Terminology, History, and Periodization, Hebrew Studies , 1996, Vol. 37 (1996), pp. 39-54

30. Spanish Language Organizations
https://en.wikipedia.org/wiki/Spanish_language#Organizations

31. Tanzania Languages
https://en.wikipedia.org/wiki/Tanzania#Languages

32. Tunde Olusola Opeibi, Investigating the Language Situation in Africa, DOI: 10.1093/oxfordhb/9780199572120.013.0020

**33. Which country has most number of languages? Not India https://www.thehindu.com/news/national/6-of-the-worlds-languages-are-spoken-in-india/article28851168.ece**

34. ഡേവിഡ് എം കോട്സ്, ഫ്രെഡ് വെയ്ര്, മുകളിൽ നിന്നുള്ള വിപ്ലവം: സോവിയറ്റ് തകർച്ചയുടെ അന്തർനാടകങ്ങള്, വിവ ഡോ കെ പ്രദീപ് കുമാർ, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ 2019,

35. പവിത്രൻ പി, മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം, മലയാള ഐക്യവേദി, ചെറുതുരുത്തി,2014

36. മിഖൈൽ ഗോർബച്ചേവ്, പെരെസ്ട്രോയ്ക്ക: ഞങ്ങളുടെ രാജ്യത്തിനും ലോകത്തിനും പുതിയ ചിന്ത, പ്രഭാത് ബുക്ക ഹൌസ് തിരുവനന്തപുരം,1988
37. സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയന്റെ ഭരണഘടന(മൌലികനിയമം), പ്രോഗ്രസ് പബ്ലിഷേഴ്സ്, മോസ്കോ, 1979

---

*ഗവേഷകൻ, മലയാള വിഭാഗം, ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി*